www.malankaralibrary.com

# കാരുണികൻ

സമഗ്ര ദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 20 | No. 04
APRIL 2023



## കുറ്റവും ശിക്ഷയും

www.malankaralibrary.com



EDATHUA
ST. GEORGE FORANE CHURCH
ARCHEPARCHY OF CHANGANACHERRY

# എടത്വാ
## സെന്റ് ജോർജ്ജ് ഫൊറോനാ പള്ളി

ചങ്ങനാശ്ശേരി അതിരൂപത

### വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ തിരുനാൾ
# എടത്വാ പെരുന്നാൾ

**കൊടിയേറ്റ് :** ഏപ്രിൽ 27 ന് രാവിലെ 7:00 മണിക്ക്

**പ്രധാനതിരുനാൾ :** മെയ് 7 ന്, എട്ടാമിടം : മെയ് 14 ന്

ദക്ഷിണേന്ത്യയിലെ സുപ്രസിദ്ധ ജോർജിയൻ തീർത്ഥാടനകേന്ദ്രത്തിലേക്ക് ഏവർക്കും സ്വാഗതം

www.malankaralibrary.com


# വിദേശ തൊഴിൽ നിങ്ങളുടെ സ്വപ്നമാണോ...?

## ATP ADVANCED TRAINING PROGRAMMES

SSLC, Plus Two - കഴിഞ്ഞവർക്ക് ഒരു വർഷം
B.Tech., Diploma, ITI - കഴിഞ്ഞവർക്ക് 3 മാസം

100% Job Oriented Courses · 100% Placement

- ADVANCED WELDING | ROBOTIC WELDING
- PIPING & STRUCTURAL ENGINEERING
- INDUSTRIAL ELECTRICAL ENGINEERING
- HVAC (HEATING, VENTILATION, A/C & REFRIGERATION)
- INSTRUMENTATION
- ADVANCED AUTOMOTIVE FACILITY
- SAND BLASTING & AIRLESS SPRAY PAINTING (1 Month)

**NCVT (ITI Trades)**
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.
Fitter, Civil, Electronics, Electrical, RACT, Welding, MMV

ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**0484 2541206, 9074405811, 9778914284**

LFEI ESTD 1965


**Little Flower Engineering Institute**
EMPLOYMENT A REALITY !
Kalamassery
bsi. ISO 9001 : 2015 CERTIFIED BRITISH STANDARDS INSTITUTION

www.malankaralibrary.com

# CONGREGATION OF ST. JOSEPH JOSEPHITES OF MURIALDO

പ്രിയ കുഞ്ഞനുജന്മാരേ,

വിശുദ്ധ യൗസേപ്പിന്റെ നാമധേയത്തിൽ വിശുദ്ധ ലിയനാർഡ് മുരിയാൾദോ 1873 മാർച്ച് 19-ന് ഇറ്റലിയിലെ ടൂറിനിൽ സ്ഥാപിച്ച കോൺഗ്രിഗേഷൻ ഓഫ് സെന്റ് ജോസഫ്സ് (CSJ) ആഗോള സന്ന്യാസ സഭാസമൂഹത്തിൽ ചേർന്ന് കാലഘട്ടത്തിന്റെ വെല്ലുവിളികളെ സുധീരം നേരിട്ടുകൊണ്ട് അഗതികളും നിർധനരും ഏറ്റവും സഹായമാവശ്യമായവരുമായ യുവജനങ്ങൾക്ക് പിതൃ-സഹോദര-സുഹൃദ് സ്നേഹവും കരുതലും സാന്ത്വനവുമേകി ദൈവരാജ്യത്തിന്റെ സദ്വാർത്ത വാഹകരായി നന്മപൂരിതമായ പ്രേഷിതപ്രവർത്തനം നടത്താൻ ത്യാഗസമർപ്പണ സന്നദ്ധരായ കുഞ്ഞനുജന്മാർക്ക് സ്വാഗതം.



**വിശുദ്ധ ലിയനാർഡ് മുരിയാൾദോ**
(സഭാസ്ഥാപകൻ)



എസ്.എസ്.എൽ.സി, പ്ലസ്ടു, ബിരുദം, ഉന്നതപഠനങ്ങൾ പൂർത്തിയാക്കിയവരും ഇപ്പോൾ പരീക്ഷ എഴുതുന്നവരുമായ കർമോന്മുഖ യുവജനങ്ങൾ ബന്ധപ്പെടുക.

Call:
+91 89436 32873
+91 88486 70390
+91 47829 65645

The Vocation Promoter
**ST. LEONARD MURIALDO SEMINARY**
Aroor P.O, Cherthala,
Alappuzha - 688 547

www.malankaralibrary.com



# ഒരവസരം കൂടി...

'ഒരവസരം കൂടി കൊടുക്കാം.' പറയുന്നത് ഒരു ഒന്നാം ക്ലാസ്സ് വിദ്യാർഥിയാണ്. തന്റെ ഇൻസ്ട്രമെൻറ് ബോക്സ് പൊട്ടിച്ച സഹപാഠിയെ അധ്യാപകൻ തനിക്ക് മുൻപ് വാക്കു തന്നതുപോലെ, ടി.സി കൊടുത്ത് സ്കൂളിൽ നിന്ന് പറഞ്ഞു വിടണമെന്നാവശ്യപ്പെട്ട് അധ്യാപകനെ സമീപിക്കുമ്പോൾ ടി.സി.കൊടുത്തയച്ചാൽ കുറ്റാരോപിതനായ സഹപാഠിക്ക് വിഷമമാകുമെന്ന തിരിച്ചറിവിൽ 'ഞാനൊന്ന് ആലോചിച്ചിട്ട് പറയാം' എന്ന് അറിയിക്കുകയും പിന്നീട് കൂട്ടുകാരന് ഒരവസരം കൂടി കൊടുക്കാമെന്ന് തീരുമാനിക്കുകയുമാണവൻ. കഴിഞ്ഞ മാസം ലക്ഷക്കണക്കിനാളുകൾ കണ്ടും കേട്ടും ആസ്വദിച്ച ഒരു വാർത്താ വിശേഷത്തിലെ കഥാനായകനായ ഈ കാസർകോഡുകാരൻ ബാലന്റെ നിഷ്കളങ്കത നിറഞ്ഞ വാക്കുകൾ കൊണ്ടുതന്നെയാണ് കാരുണികൻ ഈ ലക്കത്തിലെ വിഷയം തുറക്കുന്നത്. 'ഒരവസരം കൂടി കൊടുക്കാം.'

തെറ്റുകുറ്റങ്ങളുടെ മൊത്തവിതരണക്കാരെന്നപോലെ വാർത്താമുറികളിൽ ആരെയും എന്തും പറയാൻ നാവിനറപ്പുമുറപ്പുമില്ലാത്ത നാലഞ്ചുപേരെയുംകൂട്ടി വിദ്വേഷവും അസഹിഷ്ണതയും വാരി വിളമ്പി കുറ്റവും ശിക്ഷയും വിധിക്കുന്ന ഒരു ജനാധിപത്യ നാലാം തൂണിന്റെ അപചയകാലത്ത് കുറ്റം ചെയ്തവന്റെയാണെങ്കിൽപോലും മനസ്സുവേദനിക്കുന്നതിൽ വിഷമിക്കുന്ന ഒരു മനോഭാവത്തെ കുട്ടികൾക്കിടയിലെങ്കിലും കണ്ടെത്താനായതിന്റെ സന്തോഷം അത്ര ചെറുതല്ല!

നവമാധ്യമങ്ങളുടെ ചുവരുകളിലൂടെ ഒന്നു കണ്ണോടിക്കൂ. ധർമ സംസ്ഥാപനത്തിന്റെ അപ്പസ്തോലന്മാർക്ക് ക്ഷാമമില്ല; അതങ്ങനെയാണ്. നിയമവും നിയമം മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻ വെമ്പൽ കൊള്ളുന്നവരും വർധിച്ചുകൊണ്ടേയിരിക്കും. എന്നാൽ പാലിക്കാൻ ബദ്ധശ്രദ്ധരാകുന്നവർ കുറവാണുതാനും. ഏറിയപങ്കിനും വിധികർത്താക്കളുടെ സിംഹാസനത്തിലിരിക്കാനാണിഷ്ടം; ഇരുളിൽ കുറ്റവാളിയുടെ വിഹാരരംഗത്തിലും!

ബൈബിളിലെ ഒരു രംഗമുണ്ട്. ഉടൻതന്നെ കല്ലെറിഞ്ഞു കൊല്ലണമെന്ന യാവശ്യവുമായി ഈശോയുടെ പക്കൽ ഒരു വ്യഭിചാരിണിയെ കൊണ്ടുവന്ന യഹൂദരിലെ ഒരുപറ്റം മനുഷ്യർ. "നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ" എന്ന അന്നത്തെ യേശു വാക്യം ഇന്ന് ആർക്ക്, ആരോടാണ് ചങ്കുറപ്പോടെ പറയാനാവുന്നത്? എല്ലാ വിധിയാളന്മാരും ഈ വാക്യത്തിന്റെ പൊരുളൊന്നറിഞ്ഞിരുന്നെങ്കിൽ!

തെറ്റുകാരെയും കുറ്റക്കാരെയും ന്യായീകരിക്കുകയല്ല; പക്ഷേ, എന്തിനും ഏതിനും യാതൊരു യുക്തിയുമില്ലാത്ത എണ്ണിയാലൊടുങ്ങാത്ത നിയമങ്ങൾ സൃഷ്ടിക്കുകയും നിയമലംഘനങ്ങൾക്ക് അതിക്രൂരശിക്ഷ നൽകുകയും ചെയ്യുന്ന

www.malankaralibrary.com

ചില പ്രാകൃത രാഷ്ട്ര നീതി നിയമസംവിധാനങ്ങളെ പുകഴ്ത്തുകയും അതിവിടെയും വന്നാൽ എല്ലാം സൂപ്പറാകും എന്ന് ദിവാസ്വപ്നം കാണുകയും ചെയ്യുന്ന രക്തദാഹികളുടെ എണ്ണം നവമാധ്യമങ്ങളിലെങ്കിലും പെരുകുന്ന കാഴ്ചകൾക്കിടയിലാണ് നാം.

നിയമങ്ങളുടെ ബാഹുല്യമല്ല; മനുഷ്യത്വവും സംസ്കാരവുമാണ് ഒരു ജനതയുടെ ജീവിതം ശോഭനമാക്കുന്നത് എന്ന് നമ്മളെന്നാണ് തിരിച്ചറിയുന്നത്? മനുഷ്യജീവിതം ദുസ്സഹമാക്കുന്ന നിയമങ്ങൾ ദിവസം തോറും സൃഷ്ടിക്കുകയും ആ നിയമങ്ങളുടെ ലംഘനം പെരുകിപ്പെരുകി ആർക്കും നീതി യഥാസമയം ലഭിക്കാത്തവണ്ണം നീതിവൈകിപ്പോകലും ഗൗരവത്തിന്റെയും സാഹചര്യങ്ങളുടെയും മുൻഗണനകളുടെയും മാനദണ്ഡമില്ലാത്തവണ്ണം മനുഷ്യനീതിയെ താഴ്ത്തിക്കെട്ടുന്ന 'മൃഗനീതി'യുടെ വാഴ്ചയും ഇവിടെ നടമാടുമ്പോൾ 'ഈ മനുഷ്യർ ഇതെങ്ങോട്ടാണ് നീങ്ങുന്ന'തെന്ന് ചോദിച്ചുപോകില്ലേ !

വേലികൾ തന്നെ വിളവു തിന്നുന്ന കാലമായതിനാൽ നേതൃനിര മുതൽ കുറ്റകൃത്യങ്ങളുടെ ഒരു ഘോഷയാത്രയാണ് ഓരോ പൊതുവ്യക്തിയുടെയും പിന്നാമ്പുറത്ത്. കാമ-ക്രോധ-ലോഭ-മോഹ-മദ-മാത്സര്യങ്ങളാകുന്ന യജമാനന്മാരുടെ തടവറകളിലകപ്പെട്ടിരിക്കുന്നവരാണ് ഇന്ന് ഈ നാട്ടിലെ തടവറകൾക്കുള്ളിലുള്ളവരേക്കാളധികം.

അതുകൊണ്ടുതന്നെ 'ആത്മീയമായ തിന്മ'കളുടെ തടവറ ഭേദിക്കാതെ ഒരുവൻ എത്ര നാരകീയമായ തടവറയിൽ കഴിഞ്ഞാലും ഫലമുണ്ടാവില്ല. 'ശിക്ഷ' യുടെ തടവറ ഒരു കുറ്റവാളിയെ നന്മയുടെ ചിത്രശലഭമാകാൻ പ്രേരിപ്പിക്കുന്നില്ലെങ്കിൽ ശിക്ഷകൊണ്ട് എന്ത് പ്രയോജനമാണുള്ളത്?

കുറ്റവാളികളെപ്പോലും കുഞ്ഞാടുകളാക്കുന്ന ദൈവകാരുണ്യം കൈമുതലാക്കി പ്രവർത്തിക്കുന്ന ഒരുകൂട്ടം മനുഷ്യർ നമുക്കു ചുറ്റിലുമുണ്ട്. നീതിയും നിയമവും കുറ്റവും ശിക്ഷയും പ്രതിപാദ്യവിഷയമാക്കുന്നതോടൊപ്പം കാരുണികൻ ഈ ലക്കത്തിലൂടെ ക്ഷമിക്കുന്ന, കരുണ കാട്ടുന്ന ക്രിസ്തുസ്നേഹത്തിന്റെ വാഹകരാകാൻ കൂടി എല്ലാ മനുഷ്യരെയും പ്രത്യേകിച്ച് ക്രിസ്തുഅനുയായികളെയും ക്ഷണിക്കുകയാണ്.

ഒരു നീതിമാനെ ഒന്നു ചേർന്ന് കുറ്റം ചുമത്തി തുണിയുരിഞ്ഞ്, കുരിശിൽ തറച്ച്, പേരും വച്ച് ആഹ്ലാദിച്ചുപോയ ഒരു ജനക്കൂട്ടത്തിന്റെ വന്യസന്തോഷം, കുറ്റം ചെയ്തും ചെയ്യാതെയും കുറ്റവാളികളാക്കപ്പെടുന്ന ഓരോരുത്തർക്കും നേർക്ക് ഇനിയുമുണ്ടാകാതിരിക്കട്ടെ. അന്ത്യവിധി ആദിയും അന്ത്യവുമായവന്റേതാണല്ലോ !

**മിഖാസ് കൂട്ടുങ്കൽ**
ചീഫ് എഡിറ്റർ
www.michaskoottumkal.in

www.malankaralibrary.com

പുസ്തകം 20 ലക്കം 4
2023 ഏപ്രിൽ




രക്ഷാധികാരി
ഡോ. ജോസഫ് കൈപ്പയിൽ MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. പരംപ്രസാദ് പ്രവിശ്യ

സഹരക്ഷാധികാരി
ഫാ. ആന്റോ പുതുവ MCBS

പത്രാധിപർ
ഫാ. മിഖാസ് കൂട്ടുങ്കൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

ഫിനാൻസ് മാനേജർ
ഫാ. ജോൺ പോൾ
തെക്കുംചേരിക്കുന്നേൽ MCBS

ഓർഗനൈസിംഗ് അസിസ്റ്റൻസ്
ഫാ. ജോജോ കന്നപ്പിള്ളി MCBS

അക്ഷരവിന്യാസം
നിഷ ബിനു

കവർ & രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 9995802006
e-mail : magazinekarunikan@gmail.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
പരംപ്രസാദ് പ്രസിദ്ധീകരണം

BANK DETAILS

| | | |
|---|---|---|
| A/c Name | : | Director Karunikan |
| A/c No. | : | 17530100030870 |
| IFSC Code | : | FDRL0001753 |
| Bank | : | Federal Bank, Thevara |


# ഉള്ളടക്കം

## കവർസ്റ്റോറി



10 കുറ്റവും ശിക്ഷയും: കത്തോലിക്കാ സഭയുടെ വീക്ഷണത്തിൽ
14 നീതിയും നിയമവും – അടിസ്ഥാന അറിവുകൾ
16 പരാതികളിലും കേസുകളിലും പൊലീസ് നടപടികൾ
20 എന്റെ ഗുരുനാഥൻ
22 ശുശ്രൂഷാപ്രവർത്തനങ്ങൾ സഭയിൽ അനിവാര്യം
27 തടവറ മക്കൾ ദൈവമക്കൾ – വിളിക്കുള്ളിലെ വിളി
34 തടവറ പ്രേഷിതത്വം – എരിഞ്ഞടങ്ങാത്ത മുൾച്ചെടി

## അജപാലനം



37 ദൈവവിളിയുടെ സാക്ഷ്യമൂല്യം
42 കാരുണ്യക്കനിവറിഞ്ഞ പാട്ടെഴുത്തുകാരി!
46 മഹറോൻ ശിക്ഷ ഇപ്പോഴുമുണ്ടോ?
48 ആരാധനക്രമം എന്ന വിനോദം

## സാമൂഹികം



52 കാട്ടു തീ പോലെയല്ല മാലിന്യക്കൂമ്പാര തീ
54 തുറമുഖം

05 എഡിറ്റോറിയൽ
08 നിർദേശങ്ങൾ; പ്രതികരണങ്ങൾ



www.malankaralibrary.com

# നിർദേശങ്ങൾ; പ്രതികരണങ്ങൾ

വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് ഈ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയപ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. അത് വായനക്കാരുടെ നിർദേശങ്ങളാകാം; പ്രതികരണങ്ങളാകാം. പൂർണപ്രതിപക്ഷ ബഹുമാനത്തോടെ സഭ്യമായ രീതിയിൽ അവ ഉൾക്കൊള്ളിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. *– പത്രാധിപർ*

## ചർച്ച ചെയ്യേണ്ട വിഷയം

ഭക്ഷ്യവിഷബാധ പുതുമയുള്ള വിഷയമല്ലെങ്കിൽക്കൂടിയും സമീപകാലത്ത് പഴകിയ ഭക്ഷണസാധനങ്ങളുടെ വില്പനയും മായംചേർത്ത ഭക്ഷ്യസാധനങ്ങളുടെ വിപണനവുംകൊണ്ട് മനുഷ്യജീവനുകൾക്ക് വില പറയുന്നത് വർധിച്ചിരിക്കുകയാണ്. വിഷം വിളമ്പുന്നതിനും മായം ചേർക്കുന്നതിനുമെതിരെ ഇവിടെ നിയമങ്ങൾ ഇല്ലാഞ്ഞിട്ടല്ല. നിയമങ്ങൾ നോക്കുകുത്തിയാകുന്നതും നിയമപാലകരുടെ കെടുകാര്യസ്ഥതയുമാണ് മഹാവിപത്തുകളെ മാടിവിളിക്കുന്നത്. ഈയൊരു പശ്ചാത്തലത്തിൽ കാരുണികൻ അണിയിച്ചൊരുക്കിയ മാർച്ച് ലക്കം 'വിഷം വിഷമവൃത്തം' ശ്രദ്ധേയവും ചർച്ച ചെയ്യപ്പെടേണ്ടതുമാണ്.

'വിഷം നുണഞ്ഞു ജീവിക്കുന്നവർ' എന്ന പത്രാധിപമൊഴി മുതൽ 'അസ്മാകം ഭക്ഷണം വിഷമയം ചേദ്' വരെ സമൂഹത്തിന്റെ കണ്ണും അധികാരികളുടെ കാതും തുറപ്പിക്കുന്നവിധം സമഗ്രമായി പ്രതിപാദിച്ചിട്ടുള്ള വസ്തുതകളാണ്. യാഥാർഥ്യങ്ങൾക്കു നേരെ കണ്ണടക്കാതെയും കച്ചവട താല്പര്യങ്ങൾ മുൻനിർത്തി തമസ്കരണം നടത്താതെയും വസ്തുതകളെ വസ്തുനിഷ്ഠമായി വിലയിരുത്തിയ കാരുണികന് അഭിനന്ദനങ്ങൾ. സമീപകാലത്തുണ്ടായ ഭക്ഷ്യവിഷബാധകളെയൊക്കെ സ്പർശിക്കാൻ ലേഖകർ തയ്യാറായി. ഭക്ഷ്യോല്പന്നങ്ങളിൽ നിന്ന് ഒരു വിപത്തുണ്ടായാൽ അധികാരികളുടെ ഭാഗത്തുനിന്നും യുദ്ധകാലാടിസ്ഥാനത്തിലുള്ള അന്വേഷണങ്ങൾ നടക്കാറുണ്ട്. മണിക്കൂറുകളുടെയും ദിവസങ്ങളുടെയും ആയുസ്സുമാത്രമുള്ള ഈ അന്വേഷണങ്ങളിൽ തുടർന്നുള്ള നടപടികൾക്കുനേരെ അനങ്ങാപ്പാറാ നയവും ഇവിടെ തുടർക്കഥയാകുകയാണ്. അതിനാൽ ഓരോ ദുരന്തത്തിൽനിന്നും മഹാദുരന്തങ്ങളിലേക്കുള്ള വാതായനങ്ങൾ തുറന്നിടുകയാണ്. ഈ നിസ്സംഗതാ മനോഭാവത്തിനുനേരെയുള്ള തുറന്നെഴുത്തായി 'വിഷം വിഷമവൃത്തം' രൂപാന്തരപ്പെട്ടിട്ടുണ്ട്. സമൂഹത്തിലെ മൂല്യച്യുതികൾക്കെതിരെ ചലനങ്ങളുണ്ടാക്കാൻ പ്രേരകമായിരിക്കുന്നു ഈ ലക്കം.

**പുഷ്പി ജോസഫ് ചക്കാലക്കൽ,** *ഇടക്കൊച്ചി*

## അഭിനന്ദനങ്ങൾ

ഉള്ളടക്കമൂല്യം കുറയാതെ കവർസ്റ്റോറിയുടെ ആഴത്തിലുള്ള വായന നിലനിർത്തുന്നതിൽ കാരുണികൻ മാഗസിൻ തുടർച്ചയായി വിജയിക്കുന്നതിൽ അഭിനന്ദനങ്ങൾ.

**സിബിൻ ചെറിയാൻ**

## മായകാഴ്ചകളിൽ മറയാതിരിക്കട്ടെ

ഇന്നു നാം അഭിമുഖീകരിക്കുന്ന ആനുകാലികമായ പ്രശ്നങ്ങളെ നേരിന്റെ വഴിയിൽ നിന്നുകൊണ്ട് സമകാലിക പ്രശ്നങ്ങൾക്കുനേരെ മുഴങ്ങുന്ന ശബ്ദമായി കാരുണികൻ മാഗസിൻ മുന്നേറുന്നതിൽ അഭിമാനമുണ്ട്. പ്രത്യേകിച്ച് മാർച്ചുമാസത്തിൽ നാം ഏറ്റവും കൂടുതൽ അഭിമുഖീകരിച്ച നമ്മുടെ ജീവിതത്തെ കാർന്നുതിന്നുന്ന വിഷം എന്ന മാരകവിപത്തിനെക്കുറിച്ചുള്ള ചർച്ചാവിഷയമായിരുന്നല്ലോ. കാലികമായ ഒരു ലക്കം തന്നെയായിരുന്നിത്.

നിയമ സംവിധാനങ്ങളിലുണ്ടാകുന്ന വീഴ്ചകളെപ്പറ്റിയും അന്നം വിഷമയമായിത്തീരുന്ന സാഹചര്യങ്ങളെയും ഇതിൽ വിലയിരുത്തുന്നു.

കുട്ടികളിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും എന്തെല്ലാം കാര്യങ്ങൾ കുട്ടികളുടെ ഭക്ഷണ കാര്യത്തിൽ ശ്രദ്ധിക്കണമെന്നും ഡോ. ബെന്നറ്റ് സൈലം വിശദമായി പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ മായമുള്ള വിഷ പദാർഥങ്ങൾ ഏതെല്ലാമെന്നും അവ എങ്ങനെയെല്ലാം നമ്മുടെ ശരീരത്തിൽ എത്തിച്ചേരുന്നുവെന്നും വിശദീകരിക്കുന്നു. ക്രിസ്തീയ കാഴ്ചപ്പാടോടുകൂടി വിശകലനം ചെയ്തിട്ടുള്ള 'വിഷം വിഷമവൃത്തം' എന്ന കഴിഞ്ഞ ലക്കം കാരുണികൻ ജീവിതത്തെ മാറ്റി ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നതാണ്. ഒരു നേരത്തെ ഭക്ഷണമെങ്കിലും സ്വന്തമായി ഉത്പാദിപ്പിച്ച് മായം ചേർക്കാതെ കഴിക്കാൻ നമുക്ക് സാധിക്കണം. മായത്തിലും മായക്കാഴ്ചകളിലും മറയാതിരിക്കട്ടെയെന്നാണ് കാരുണികൻ ഉദ്ബോധിപ്പിക്കുന്നത്.

**ലിസ ഡേവിഡ് പള്ളിപ്പറമ്പിൽ,** *കടവന്ത്ര*

www.malankaralibrary.com





# കുറ്റവും ശിക്ഷയും

ഒരു മനുഷ്യനും
ഒറ്റപ്പെട്ട തുരുത്തല്ല.
സാമൂഹ്യ ജീവിയായ അവൻ
വ്യത്യസ്തതകളുള്ള
മനുഷ്യരോടൊപ്പം
ജീവിക്കുമ്പോൾ അവിടെ
അസ്വാരസ്യങ്ങൾ ഉണ്ടായേക്കാം.
ഓരോരുത്തർക്കും
അവരവരുടെ അവകാശങ്ങൾ
സംരക്ഷിക്കാൻ സാധിച്ചെന്നുവരില്ല.
ശക്തരായവർ ബലഹീനരെ
ചൂഷണം ചെയ്തേക്കാം.
ഇവിടെ എല്ലാവർക്കും തങ്ങളുടെ
വ്യക്തിജീവിതം സമാധാനപൂർണമായും
സന്തോഷപ്രദമായും
നയിക്കുന്നതിനുള്ള സാഹചര്യം
ഒരുക്കേണ്ട ഉത്തരവാദിത്വം അവരെ നയി
ക്കുന്ന ഭരണകൂടത്തിന് കൈവരുന്നു.
ഓരോരുത്തരും ചെയ്യേണ്ടത്
എന്തെന്നും ചെയ്യരുതാത്തത് എന്തെന്നും
അവരിലൂടെ നിഷ്കർഷിക്കപ്പെടുന്നു.
ഇവ ലംഘിക്കുന്നവരെ
ശിക്ഷിക്കാമെന്നയവസ്ഥയുണ്ടാകുന്നു.
ഇങ്ങനെ ശിക്ഷിക്കപ്പെടുന്നവരെക്കുറിച്ചാണ്
ഈ ലക്കം ചർച്ച ചെയ്യുന്നത്.


- കുറ്റവും ശിക്ഷയും: കത്തോലിക്കാ സഭയുടെ വീക്ഷണത്തിൽ
  – റവ. ഡോ. സ്കറിയ കന്യാകോണിൽ
- നീതിയും നിയമവും – അടിസ്ഥാന അറിവുകൾ
  – അഡ്വ. ലീലാമ്മ എബ്രഹാം
- പരാതികളിലും കേസുകളിലും പൊലീസ് നടപടികൾ
  – സജീവ് മണക്കാട്ടുപുഴ
- എന്റെ ഗുരുനാഥൻ
  – രേഖ വെള്ളത്തൂവൽ
- ശുശ്രൂഷാപ്രവർത്തനങ്ങൾ സഭയിൽ അനിവാര്യം
  – മാർ ജോസ് പുളിക്കൽ / ഫാ. ആന്റോ പുതുവ
- തടവറ മക്കൾ ദൈവമക്കൾ – വിളിക്കുള്ളിലെ വിളി
  – റവ. ഡോ. ഫ്രാൻസിസ് കൊടിയൻ MCBS
- തടവറ പ്രേഷിതത്വം – എരിഞ്ഞടങ്ങാത്ത മുൾച്ചെടി
  – ഫാ. മാർട്ടിൻ തട്ടിൽ

www.malankaralibrary.com

# കുറ്റവും ശിക്ഷയും: കത്തോലിക്കാ സഭയുടെ വീക്ഷണത്തിൽ

ശരിതെറ്റുകൾ നിർണയിക്കുന്നതിൽ മതങ്ങൾക്ക് ചരിത്രത്തിൽ നിർണായക പങ്കാണുള്ളത്. ശിക്ഷയെക്കുറിച്ച് പ്രത്യേകിച്ച് വധശിക്ഷയെക്കുറിച്ച് കത്തോലിക്കാസഭയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ജീവിക്കാനുള്ള ഒരു വ്യക്തിയുടെ അവകാശത്തെക്കുറിച്ചും തെറ്റുകളെയും ശിക്ഷകളെയും കുറിച്ചുള്ള ധാർമിക ചിന്തകൾ പങ്കുവയ്ക്കുന്ന ലേഖനം.



റവ. ഡോ. സ്കറിയ കന്യാകോണിൽ
*ദൈവശാസ്ത്രാധ്യാപകൻ*
*സെന്റ് തോമസ്*
*അപ്പസ്തോലിക് സെമിനാരി, വടവാതൂർ*

ജീവിതമാകുന്ന ഹ്രസ്വ സഞ്ചാരപഥത്തിൽ പിഴവുകൾ പറ്റുക മാനുഷികമാണ്. ധാർമികമായ അപചയങ്ങൾ ഇവിടെ വ്യക്തിയെ മാത്രമല്ല അപരനെയും ഹനിക്കുന്നതാണ്. ഈ പാരിസ്ഥിതികതയിൽ വരുത്തിയ വീഴ്ച്ചകൾക്ക് പശ്ചാത്താപവും പരിഹാരവും അനിവാര്യമാണ്. ഇവിടെ,രാജ്യങ്ങൾ നടപ്പാക്കുന്ന ശിക്ഷാ വിധികൾ യഥാർഥമായ മാനസാന്തരത്തിലേക്കും രൂപാന്തരീകരണത്തിലേക്കും നയിക്കുന്നുണ്ടോ എന്നുള്ളത് ചിന്തനീയമാണ്. ജീവന്റെ ഉറവിടം ദൈവമാകയാൽ വധശിക്ഷയിലൂടെ അപരന്റെ ജീവൻ അപഹരിക്കുന്നത് ശരിയായ ശിക്ഷാനടപടിയാണോ എന്നത് മറ്റൊരു ചോദ്യചിഹ്നമാണ്. ശിക്ഷകളെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ പ്രബോധനമാണ് വിശകലന വിധേയമാകുന്നത്.

## ശിക്ഷ: വ്യത്യസ്ത ചിന്തകൾ

കുറ്റകൃത്യം നടത്തുന്ന വ്യക്തിക്ക് ശിക്ഷ നൽകണമെന്നതിനെ പറ്റി വിഭിന്നാഭിപ്രായങ്ങളാണ് നിലവിലുള്ളത്. പ്രത്യേകമാംവണ്ണം വധശിക്ഷയെ അനുകൂലിക്കുന്ന വാദമുഖങ്ങൾ ഇവയാണ്:

1. വധശിക്ഷ നടപ്പാക്കുകയാണെങ്കിൽ കുറ്റകൃത്യത്തിൽ നിന്നും കുറ്റവാളികളെ പിന്തിരിപ്പിക്കാൻ സാധിക്കും. വധശിക്ഷ നടപ്പാക്കിയ രാജ്യങ്ങളിൽ കുറ്റകൃത്യങ്ങൾ കുറവാണ് എന്ന സ്ഥിതിവിവരക്കണക്കുകൾ ഇതിന് അടിവരയിടുന്നു.
2. പ്രത്യുപകാര നീതി (retributive justice) അനുസരിച്ച് തെറ്റ് ചെയ്യുന്ന വ്യക്തിക്ക് തക്കതായ ശിക്ഷ നൽകണമെന്നതാണ് നിയമം. പഴയനിയമത്തിലെ കണ്ണിനു പകരം കണ്ണ്, പല്ലിന് പകരം പല്ല് എന്നത് (പുറ 21:23-35) ഇതിനെ കുറിക്കുന്നതാണ്.
3. നിഷ്കളങ്കരായ വ്യക്തികളെ സംരക്ഷിക്കാൻ അപകടകാരികളായ കുറ്റവാളികൾക്ക് വധശിക്ഷ നൽകണമെന്നതാണ് മറ്റൊരു വാദം.

വധശിക്ഷയെ അനുകൂലിക്കുന്ന വാദഗതികളോടൊപ്പം തന്നെ അതിനെ എതിർക്കുന്ന വാദമുഖങ്ങ

www.malankaralibrary.com




ളും നിലവിലുണ്ടെന്നത് സത്യമാണ്. ഇപ്രകാരം വധ ശിക്ഷയെ പ്രതികൂലിക്കുന്ന ചില വാദങ്ങൾ ചുവടെ കുറിക്കുന്നു;

1. പരിഹരിക്കപ്പെടാനാകാത്ത ജുഡീഷ്യറി പിഴവുകൾ വധശിക്ഷയിൽ സംഭവിക്കാം. ന്യായവിധികൾ എല്ലാ സാഹചര്യത്തിലും ശരിയാകണമെന്നില്ല. പല അവസരങ്ങളിലും വധശിക്ഷകൾ നടപ്പാക്കിയതിനു ശേഷമാണ് വ്യക്തികൾ നിഷ്കളങ്കരാണെന്ന് തെളിഞ്ഞിരിക്കുന്നത്. ഇവിടെ ഒരു തിരിച്ചുവരവ് തീർത്തും അസാധ്യമാണ്.
2. രാഷ്ട്രീയ വിജയത്തിന് വേണ്ടിയാണ് ഏകാധിപതികളായിരുന്ന നേതാക്കന്മാർ വധശിക്ഷകൾ അല്ലെങ്കിൽ ഗൗരവകരമായ ശിക്ഷാവിധികൾ നടപ്പാക്കിയിട്ടുള്ളത് എന്നത് ശ്രദ്ധേയമാണ്.
3. ശത്രുവിനെ സ്നേഹിക്കണമെന്ന ദൈവിക കല്പനയ്ക്ക് വിഘാതമാണ് വധശിക്ഷ (യോഹ 15:12, 1 കോറി 13: 1–10).

## വധശിക്ഷ: സഭാ പ്രബോധനം

അടിസ്ഥാനപരമായി, വധശിക്ഷ നടപ്പാക്കുക എന്നത് സുവിശേഷ മൂല്യങ്ങൾക്ക് എതിരാണ് എന്ന് പഠിപ്പിച്ചവരാണ് വാൽഡൻസിയൻസ്, അനബാപ്സ്റ്റുകൾ, ക്വാക്കറുകൾ എന്നിവർ. എന്നാൽ പല ദൈവശാസ്ത്രജ്ഞന്മാരും കത്തോലിക്കരും ഇതര ക്രൈസ്തവ വിഭാഗങ്ങളിലുള്ളവരും ശിക്ഷ നടപ്പിലാക്കുന്നതിനെ വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ന്യായീകരിച്ചിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്. കത്തോലിക്കാസഭയുടെ പുരാതന പ്രബോധനങ്ങളിൽ വധശിക്ഷയെ ന്യായീകരിച്ചിട്ടുണ്ട്. എന്നാൽ, ഇന്ന് ഈ പ്രബോധനങ്ങളിൽ ഗണ്യമായ വ്യത്യാസം ഉണ്ടായിട്ടുണ്ട് എന്നത് നമുക്ക് ദർശിക്കാൻ സാധിക്കുന്ന ഒരു വസ്തുതയാണ്.

പല മാർപാപ്പമാരും മെത്രാന്മാരും വിവിധ കാലഘട്ടങ്ങളിൽ വധശിക്ഷയെ അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിച്ചിട്ടുണ്ട്. രാജ്യം നൽകുന്ന വധശിക്ഷയെ അനുകൂലിച്ച് പഠിപ്പിച്ച മാർപാപ്പമാരുടെ അഭിപ്രായത്തിൽ, ശിക്ഷ നൽകാനുള്ള അധികാരം ദൈവത്തിൽ നിന്നുമാണ് ലഭിക്കുന്നത്. ചില തിന്മകൾ വളരെ ഗൗരവമേറിയതായതിനാൽ തന്നെ അതിനു തക്ക ശിക്ഷാനടപടി ഉണ്ടാകണം എന്നതുതന്നെയാണ് ഇവിടെ വിവക്ഷിക്കുന്നത്. ഉദാഹരണമായി, ഇന്നസെന്റ് ഒന്നാമൻ പാപ്പ (AD 405), മഹാനായ ഗ്രിഗറി പാപ്പ (AD 604), ഇന്നസെന്റ് മൂന്നാമൻ പാപ്പ

www.malankaralibrary.com

(1208), ലെയോ പത്താമൻ പാപ്പ (1520), ഗ്രിഗറി ഒമ്പതാമൻ പാപ്പ (1231), ഇന്നസെന്റ് നാലാമൻ പാപ്പ (1245), പോൾ മൂന്നാമൻ പാപ്പ (1590), ലെയോ പതിമൂന്നാമൻ പാപ്പ, പിയൂസ് പത്താമൻ പാപ്പ, പിയൂസ് പതിനൊന്നാമൻ പാപ്പ, പിയൂസ് പന്ത്രണ്ടാമൻ പാപ്പ എന്നിവരുടെ എഴുത്തുകളിൽ വധശിക്ഷയെയും മറ്റു ഗൗരവകരമായ ശിക്ഷകളെയും ന്യായീകരിക്കുന്നുണ്ട്.

വധശിക്ഷയെക്കുറിച്ച് എഴുതപ്പെട്ട സഭയുടെ പ്രബോധനങ്ങളിൽ നിന്നും വ്യത്യസ്തമായ എഴുത്തുകളാണ് ജോൺപോൾ രണ്ടാമൻ പാപ്പയും ബനഡിക്ട് പതിനാറാമൻ പാപ്പയും ഫ്രാൻസിസ് പാപ്പയും നൽകുന്നത്. ജോൺപോൾ രണ്ടാമൻ പാപ്പ 'ജീവന്റെ സുവിശേഷം' (56) എന്ന ചാക്രിക ലേഖനത്തിൽ വധശിക്ഷയെ കുറിച്ച് മൂന്ന് കാര്യങ്ങൾ പറയുന്നുണ്ട്. ഒന്നാമതായി, വധശിക്ഷ അതിൽ തന്നെ ഗൗരവമായ തിന്മയായി (intrinsically evil) അദ്ദേഹം വാദിക്കുന്നില്ല: "മറ്റൊരു വിധത്തിലും സമൂഹത്തെ സംരക്ഷിക്കാൻ സാധ്യമല്ലാതെ വരുന്ന സന്ദർഭങ്ങളിൽ ഒഴികെ കുറ്റവാളിയെ കൊല്ലുക എന്ന അങ്ങേയറ്റത്തെ ശിക്ഷയിലേക്ക് പോകരുതെന്നും" പിതാവിന്റെ വാക്കുകളിൽ വ്യക്തമാണ്. രണ്ടാമതായി, അധികാരികൾ പൊതുക്രമം സംരക്ഷിക്കുകയും ജനങ്ങളുടെ സുരക്ഷിതത്വത്തെ ഉറപ്പുവരുത്തുകയും ചെയ്യണം എന്നതാണ്. അവസാനമായി, കത്തോലിക്കാ സഭയുടെ വേദോപദേശ ഗ്രന്ഥത്തിൽ (ccc 2267) ക്രോഡീകരിച്ചിട്ടുള്ള തത്വം എല്ലാ സന്ദർഭത്തിലും സാധ്യത ഉള്ളതാണ് എന്ന് പരി. പിതാവ് നമ്മെ ഓർമിപ്പിക്കുന്നത് ഇപ്രകാരമാണ്: "ഒരു അക്രമണകാരിക്കെതിരെ മനുഷ്യരുടെ ജീവനെ സംരക്ഷിക്കാനും പൊതുക്രമത്തെയും വ്യക്തികളുടെ സുരക്ഷിതത്വത്തെയും കാത്തുസൂക്ഷിക്കാനും രക്തരഹിത മാർഗങ്ങൾ പര്യാപ്തമാകുമെങ്കിൽ പൊതു അധികാരികൾ അവയെ മാത്രമേ ഉപയോഗിക്കാവൂ." ബനഡിക്ട് പതിനാറാമൻ പാപ്പ സഭയുടെ സാമൂഹ്യപ്രബോധന സംക്ഷേപത്തിൽ (465) ഈ ആശയം തന്നെ ആവർത്തിച്ചു പഠിപ്പിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

ഫ്രാൻസിസ് പാപ്പ വധശിക്ഷയെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്നത് ഈ വിധമാണ്: "കുറ്റകൃത്യം എത്ര ഗൗരവമേറിയതായാലും വധശിക്ഷ ഇന്ന് അസ്വീകാര്യമാണ്. മനുഷ്യ മാഹാത്മ്യത്തിനും അവരുടെ അലംഘനീയതയ്ക്കും എതിരായ പ്രവർത്തിയാണിത്. വധശിക്ഷയിൽ നീതി അതിന്റെ പൂർണതയിൽ പാലിക്കപ്പെടുന്നില്ല. ദൈവം തന്റെ കരുണാർദ്രമായ നീതിയാണ് നൽകുന്നത്. വധശിക്ഷയിൽ പ്രതികാരമാണ് നിഴലിക്കുന്നത് (A Letter to the International Commission against the Death Penalty, March 20, 2015). വീണ്ടും മാർപാപ്പയുടെ അഭിപ്രായത്തിൽ: 'മരണ ശിക്ഷ മനുഷ്യത്വരഹിതമായ ഒരു നടപടിയാണ്. അത് എങ്ങനെ നടപ്പിലാക്കപ്പെട്ടാലും മനുഷ്യന്റെ മാഹാത്മ്യത്തിന് എതിരാണ്. അത് സുവിശേഷത്തിന് വിരുദ്ധമാണ്" (മത്താ 5:44). ഇങ്ങനെ വധശിക്ഷയെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിന്റെ 2267 ഖണ്ഡിക തിരുത്തി മേൽപ്പറഞ്ഞ ആശയം പാപ്പ കൂട്ടിച്ചേർത്തു (On the 25th Anniversary of the promulgation of the Catechism of the Catholic Church). ചുരുക്കത്തിൽ വധശിക്ഷയെക്കുറിച്ച് ഇപ്പോൾ കത്തോലിക്കാസഭയ്ക്ക് നിഷേധാത്മകമായ ഒരു സമീപനമാണുള്ളത്.

## ശിക്ഷയും മാനസാന്തരവും

പ്രായഭേദമെന്യേ, പൈതങ്ങൾ മുതൽ പ്രായമായവർ വരെ ചെയ്യുന്ന വലുതും ചെറുതുമായ തെറ്റുകൾക്കുള്ള ശിക്ഷ പാപബോധത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നതായിരിക്കണം. പാപബോധം തീർത്തും ജീർണിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പാപബോധം ഉണ്ടെങ്കിൽ മാത്രമേ ശരിയായ അനുതാപത്തിലേക്കും അതിൽ നിന്ന് ഉളവാകുന്ന മാനസാന്തരത്തിലേക്കും ഒരു വ്യക്തിക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ. ചെയ്തുപോയ കുറ്റകൃത്യത്തെ അംഗീകരിക്കുകയാണ് മാനസാന്തരത്തിലേക്കുള്ള ഒന്നാമത്തെ പടി. ഇത് സ്പഷ്ടമാക്കുന്നത്, ചില പ്രവൃത്തികൾ പാപമാണെന്നുള്ള സത്യമാണ്. മനസ്സലിവാണ് (remorse) മാനസാന്തരത്തിന് ആവശ്യമായിരിക്കുന്ന രണ്ടാമത്തെ ഘടകം. ആത്മീയതയിൽ നിന്നും ആന്തരികസത്തയെ തിരസ്കരിച്ചതിലുള്ള വിഷമമാണിത്. തുടർന്ന് ഇപ്രകാരമുള്ള പിഴവുകൾ വരുത്തുകയില്ലെന്ന ഉറച്ച തീരുമാനമാണ് മൂന്നാമത്തെ നടപടി. കുറ്റകൃത്യത്തിലേക്ക് നയിക്കുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതും മറ്റുള്ളവർക്ക് സംഭവിച്ച നാശനഷ്ടങ്ങൾക്ക് പരിഹാരം ചെയ്യുന്നതും മാനസാന്തരത്തിന്റെ മറ്റൊരു തലമാണ്. നഷ്ടപരിഹാരം ചെയ്യേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നുണ്ട് (എസെ 33: 14-25, തോബി 2: 11-13, ലൂക്കാ 19: 8-9). അവസാന

www.malankaralibrary.com

ഒരു വ്യക്തിക്ക് തെറ്റിൽ നിന്ന് മാനസാന്തരം ഉണ്ടാകണം എന്നത് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. പാപത്തിന്റെ വീഴ്ചയിൽ നിന്ന് വിശുദ്ധിയുടെ ഉയിർപ്പിലേക്ക് വിവിധ വഴികൾ ഉണ്ടെന്നത് വസ്തുതയാണ്. മറ്റുള്ളവരുടെ തിന്മകൾ പൊറുക്കണം എന്ന നമ്മുടെ കർത്താവിന്റെ ജീവിത സാക്ഷ്യം ഇവിടെ നാം പിന്തുടരണം.

മായി, ദൈവതിരുമുമ്പിൽ ഹൃദയകവാടങ്ങളെ തുറന്നുകൊണ്ട് ചെയ്ത തെറ്റുകൾ ഏറ്റുപറയുമ്പോഴാണ് പാപമോചനവും അനുഗ്രഹവും വ്യക്തിയിലേക്ക് പ്രവഹിക്കുന്നത്. മേൽപ്പറഞ്ഞ അഞ്ച് ഘട്ടങ്ങളിലൂടെ തന്നെ തന്നെ കടത്തിവിടുന്ന വ്യക്തിക്കാണ് മാനസാന്തരം ലഭ്യമാകുന്നത്.

ദൈവികവും മാനുഷികവുമായ ബന്ധങ്ങളുടെ തകർച്ചയിലേക്കാണ് കുറ്റകൃത്യങ്ങൾ ഒരു വ്യക്തിയെ നയിക്കുന്നത്. മാനുഷികമായി വിചിന്തനം നടത്തുമ്പോൾ തന്നോടു തന്നെയും മറ്റു വ്യക്തികളോടും സാമൂഹിക സംവിധാനങ്ങളോടും പ്രപഞ്ചത്തോടുമുള്ള തകർച്ചയിലേക്കാണ് ഇത് നയിക്കുന്നത് എന്ന് കാണാൻ സാധിക്കും. ആത്മീയമായി വീക്ഷിക്കുമ്പോൾ ദൈവത്തോടും തന്റെ തന്നെ ആത്മീയതയോടുമുള്ള നിസ്സംഗതമൂലം ഉളവാകുന്ന വിള്ളലാണ് ഇത്.

ഒരു വ്യക്തിക്ക് തെറ്റിൽ നിന്ന് മാനസാന്തരം ഉണ്ടാകണം എന്നത് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. പാപത്തിന്റെ വീഴ്ചയിൽ നിന്ന് വിശുദ്ധിയുടെ ഉയിർപ്പിലേക്ക് വിവിധ വഴികൾ ഉണ്ടെന്നത് വസ്തുതയാണ്. മറ്റുള്ളവരുടെ തിന്മകൾ പൊറുക്കണം എന്ന നമ്മുടെ കർത്താവിന്റെ ജീവിത സാക്ഷ്യം ഇവിടെ നാം പിന്തുടരണം(മത്താ 6:12, ലൂക്കാ 11:4). മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കുമ്പോൾ ദൈവകരുണയാണ് നാം നൽകുന്നത് എന്ന് മറക്കാതിരിക്കാം.

ശിക്ഷയുടെ ലക്ഷ്യം ദൈവരാജ്യം സ്വായത്തമാക്കുക എന്നതാകുമ്പോൾ ദൈവസ്നേഹത്തിന്റെ ഈരടികൾ ഓരോ ശിക്ഷയുടെ പുറകിലും ഒളിഞ്ഞിരിപ്പുണ്ട് എന്ന് നമുക്ക് ഓർക്കാം. ദൈവരാജ്യം അവകാശപ്പെടുത്താൻ വീണ്ടും ജനിക്കണമെന്ന് ഈശോ നിക്കോദേമോസിനോട് പറഞ്ഞു (യോഹ 3: 3-5). ഈ വീണ്ടും ജനനത്തിന്റെ ഒരു അവസ്ഥാന്തരഭേദമാണ് തിന്മയിൽ നിന്നുള്ള മാനസാന്തരം. ഈ ചുറ്റളവിൽ ദൈവത്തിന്റെ നന്മയിൽ നിന്നുമാണ് ഒരാൾക്ക് മാനസാന്തരം സംലഭ്യമാകുന്നത്. ചുരുക്കത്തിൽ, ശിക്ഷ പാപബോധത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നതായിരിക്കണം. അത് ഒരുവന്റെ ഹൃദയത്തെയും ആത്മാവിനെയും ദൈവത്തോട് അടുപ്പിക്കുന്നതും വ്യക്തിത്വത്തെ നവീകരിക്കുന്നതുമായിരിക്കണം (റോമാ 12:1).

## ഉപസംഹാരം

ശിക്ഷയെ സംബന്ധിച്ചുള്ള, പ്രത്യേകിച്ച് വധശിക്ഷയെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ പ്രബോധനമാണ് നാം ചർച്ച ചെയ്തത്. ദൈവമാണ് ജീവന്റെ ഉറവിടം (സങ്കീ 16:5). മനുഷ്യൻ അവിടുത്തെ സൃഷ്ടിമാത്രമാണ്. ആയതിനാൽ തന്നെ, ജീവൻ ദൈവത്തിന്റെ ദാനമാണ്, അത് അമൂല്യമാണ്, ശ്രേഷ്ഠമാണ്. ഈ പാരിസ്ഥിതികതയിൽ വധശിക്ഷ ജീവിക്കാനുള്ള ഒരാളുടെ അവകാശത്തെയാണ് ഹനിക്കുന്നത്. ശിക്ഷ എപ്പോഴും തെറ്റിന് ആനുപാതികമായിരിക്കണം. അത് മാനസാന്തരത്തിലേക്ക് നയിക്കുന്നതായിരിക്കണം. ഈശോയുടെ ശൈലിയാണ് ഇവിടെ നമുക്ക് ആവശ്യമായിരിക്കുന്നത്. അവിടുന്ന് കുറ്റം ചെയ്ത വ്യക്തികളുടെ പാപം മോചിച്ച്, മാനസാന്തരത്തിലേക്ക് നയിച്ച്, ദൈവരാജ്യാനുഭവം കൊടുത്തു. ശിക്ഷയെക്കുറിച്ചുള്ള ഈ വീക്ഷണം സ്വായത്തമാക്കാൻ നമുക്ക് പരിശ്രമിക്കാം. ■

www.malankaralibrary.com

# നീതിയും നിയമവും – അടിസ്ഥാന അറിവുകൾ

നിയമങ്ങൾ എന്തിനാണ്? ഒരു വ്യക്തിയുടെ, സമൂഹത്തിന്റെ, രാഷ്ട്രത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നത് എപ്രകാരമാണ്? ഇന്ത്യയിലെ നിയമവ്യവസ്ഥയിൽ സിവിൽ ആന്റ് ക്രിമിനൽ നിയമങ്ങളെയും പൊലീസ്– കോടതി സംവിധാനങ്ങളെയും കുറിച്ചുള്ള ഒരഭിഭാഷകയുടെ വിലയിരുത്തൽ.



അഡ്വ. ലീലാമ്മ എബ്രഹാം

വ്യക്തികളുടെ, സമൂഹത്തിന്റെ, രാഷ്ട്രത്തിന്റെ, ലോകത്തിന്റെ തന്നെ നിലനിൽപ്പിന് നിയമങ്ങൾ അത്യാവശ്യമാണ്. നിയമങ്ങൾ ഇല്ലാത്ത കാലത്തും നാട്ടുനടപ്പും മര്യാദകളും ഉണ്ടായിരുന്നുവെന്നതും ഓർമിക്കേണ്ടതാണ്.

ഓരോ കുടുംബത്തിനും സമൂഹത്തിനും മതങ്ങൾക്കും അവരവരുടേതായ ചിട്ടകളുണ്ട്. അലിഖിതങ്ങളായ നിയമങ്ങളാണ് ഇവ. കുടുംബനാഥനും സാമൂഹ്യ മത മേധാവികളും അവരവരുടെ അധികാര പരിധിയിൽ ഇവ നടപ്പാക്കാൻ ബാധ്യസ്ഥരാണ്. ഗോത്രവർഗങ്ങൾക്ക് നിയമപാലനത്തിന് നാട്ടുകൂട്ടവും മൂപ്പന്മാരും ഉണ്ട്. സ്വന്തം അധികാരപരിധിയിൽ പെട്ട സ്ഥാനങ്ങളിൽ നിയമപാലനം നടത്തുന്നതിൽ പരാജയപ്പെട്ടാൽ അവിടെ അരാജകത്വം ആയിരിക്കും.

എല്ലാ ചിട്ടകളും ആചാരങ്ങളും രാഷ്ട്രത്തിന്റെ പരമാധികാരത്തിനും നിയമങ്ങൾക്കും പൂർണമായും വിധേയമാണ്.

എല്ലാ നിയമങ്ങളും സമൂഹനന്മയെ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഒരു രാഷ്ട്രത്തിൽ കാലാകാലങ്ങളിൽ അവശ്യാനുസരണം നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തുകയോ, കൂട്ടി ചേർക്കുകയോ, പുതിയ നിയമ നിർമാണങ്ങൾ നടത്തുകയോ ചെയ്യും. മുതലാളിത്ത, സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെയും ലക്ഷ്യം സമൂഹനന്മയാണല്ലോ? മാർഗം ഭിന്നമാണെങ്കിലും.

പൗരാവകാശം സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമങ്ങൾ നിർമിക്കാൻ ഇന്ത്യയിൽ സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും നിയമനിർമാണ സഭകളുണ്ട്. ഈ നിയമങ്ങൾ നടപ്പിലാക്കേണ്ട ചുമതല എക്സിക്യൂട്ടിവിനാണ് (സർക്കാർ). ഈ കാര്യങ്ങളിൽ പാളിച്ചകൾ ഉണ്ടായാൽ പൗരന്മാർക്ക് കോടതിയെ സമീപിക്കാം. ഈ മൂന്നു ഘടകങ്ങളാണ് പരിരക്ഷയുടെ അടിത്തറ.

ഇന്ത്യയിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ ഓരോ അധികാര സ്ഥാനങ്ങളുണ്ട്. ഇവിടെ സർക്കാർ നിയമിക്കുന്ന അധികാരികളും ജനപ്രതിനിധികളുമുണ്ട്. അവകാശ ലംഘനങ്ങൾ, മറ്റൊരാളുടെ അവകാശത്തിൽ കൈകടത്തൽ, അക്രമങ്ങൾ ഇവ ഉണ്ടാകുമ്പോൾ സംഭവത്തിന്റെ ഗൗരവമനുസരിച്ച് ഇവിടങ്ങളിൽ പരാതി നൽകാവുന്നതാണ്. സ്ഥലത്തെ പൊലീസ് സ്റ്റേഷനിലും പരാതി സമർപ്പിക്കാം.

ഈ പരിഷ്കൃത സമൂഹത്തിലും വർധിച്ചുവരുന്ന വിപത്താണ് കുടുംബബന്ധങ്ങളിലെ താളപ്പിഴകൾ. ഭാര്യാ–ഭർതൃബന്ധത്തിലെ തകർച്ചകൾ കാരണം വിവാഹമോചന കേസുകളുടെ എണ്ണം ഉയർന്ന തോതിലാണ്. മാതാപിതാക്കളും മക്കളും തമ്മിലുള്ള അസ്വാരസ്യം മൂലം വൃദ്ധസദനങ്ങളുടെ എണ്ണവും ഉയർന്നുവരുന്നുണ്ട്. ഇതിനെല്ലാം നിയമങ്ങൾ ഉണ്ടെങ്കിലും വ്യക്തിബന്ധങ്ങളിൽ

www.malankaralibrary.com

ഉലച്ചിൽ വരുമ്പോൾ വിവാഹമോചനങ്ങളും വ്യദ്ധസദനങ്ങളും വർധിച്ചു കൊണ്ടേയിരിക്കും.

ആൺപെൺവ്യത്യാസമില്ലാതെ യുവജനങ്ങൾ മയക്കുമരുന്നിനടിമകളാകുന്നു. ശക്തമായ നിയമങ്ങൾ ഉണ്ടെങ്കിലും ഇത് മിക്കപ്പോഴും ഊരാക്കുടുക്കുതന്നെ. നിയമം നടപ്പിലാക്കേണ്ടവരും സമൂഹവും നോക്കിനിൽക്കുകയാണ്. ജീവഭയം മൂലമാവാം.

കേസിന്റെ സ്വഭാവമനുസരിച്ച് സിവിൽ അല്ലെങ്കിൽ ക്രിമിനൽ കോടതികളെ സമീപിക്കാം. ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഉത്തരവാദിത്വം സർക്കാരിനാണ് (സ്റ്റേറ്റ്). പൗരന്റെ ജീവനും സ്വത്തിനും സ്വൈരജീവിതത്തിനും ഉറപ്പുവരുത്തുന്നതിന് സർക്കാർ എടുക്കുന്ന കേസാണ് ക്രിമിനൽ കേസ്. ഒരു അക്രമം ഉണ്ടായതായി വിവരം ലഭിച്ചാൽ പൊലീസ് സ്ഥലത്തെത്തി അന്വേഷണം നടത്തുകയും, തെളിവുകൾ ശേഖരിക്കുകയും ഒരു പ്രഥമവിവര റിപ്പോർട്ടും (എഫ്.ഐ.ആർ) മഹസറും തയ്യാറാക്കുകയും ചെയ്യും. പ്രഥമവിവര റിപ്പോർട്ടും മഹസറും തയ്യാറാക്കി, തെളിവുകളും ശേഖരിച്ച് വിചാരണക്കുവേണ്ട എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി സ്റ്റേറ്റ് തന്നെ കേസ് കോടതിക്ക് കൈമാറുന്നു. സ്റ്റേറ്റ് തന്നെ വാദിസ്ഥാനത്തുനിന്ന് കേസ് നടത്തുന്നു. കേസ് വാദിക്കുന്നതിന് സർക്കാർ വക്കീലന്മാർ/പ്രോസിക്യൂട്ടർമാർ ഉണ്ട്. അക്രമത്തിന് ഇരയായ ആൾ ഒന്നാം സാക്ഷിയായിരിക്കും. അക്രമത്തിന് ഇരയായ ആൾ മരിച്ചുപോയാൽ കുറ്റകൃത്യം കണ്ടവരെയും സാഹചര്യത്തിനനുസൃതമായി മറ്റുള്ളവരെയും സാക്ഷികളാക്കി സ്റ്റേറ്റിന്റെ ചിലവിൽ കേസ് നടത്തുന്നു. കുറ്റാരോപിതന്റെ ചിലവ് ആ വ്യക്തി തന്നെ വഹിക്കണം. കുറ്റാരോപിതൻ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളാണെങ്കിൽ സർക്കാർ വക്കീലന്മാരെ വച്ചുകൊടുക്കുന്നുണ്ട്.

ചില കേസുകളിൽ ക്രിമിനൽ കോടതികളിൽ സ്വകാര്യ അന്യായം ഫയൽ ചെയ്യാം (ഉദാ: ചെക്ക് കേസ്).

രണ്ടു സ്വകാര്യ വ്യക്തികൾ തമ്മിൽ, ഒന്നിലധികം വ്യക്തികൾ തമ്മിൽ, സംഘടനകൾ തമ്മിൽ, സംഘങ്ങൾ തമ്മിൽ, ട്രസ്റ്റുകളും വ്യക്തികളും തമ്മിലുള്ള തികച്ചും സ്വകാര്യമായ തർക്കങ്ങൾ, അതിർത്തി തർക്കങ്ങൾ, കൊടുക്കൽ വാങ്ങൽ പ്രശ്നങ്ങൾ, അവകാശ തർക്കങ്ങൾ, കരാർ ലംഘനങ്ങൾ, പണമിടപാട്, വസ്തുസംബന്ധിച്ച തർക്കങ്ങൾ, മാനനഷ്ടകേസ്സുകൾ, അശ്രദ്ധമൂലം ഉണ്ടാകുന്ന അപകട മരണം (law of tort) ഇവ സിവിൽ നിയമത്തിന് കീഴിൽവരുന്നു.

സിവിൽ കേസ്സുകൾ നടത്തുന്നത് സ്വകാര്യ വ്യക്തികളാണ്. കേസിന്റെ ചിലവും വ്യക്തികൾ വഹിക്കണം. കേസിന്റെ നടത്തിപ്പിനാവശ്യമായ കോടതി ഫീസും അന്യായക്കാരൻ/ അന്യായക്കാർ വഹിക്കണം. ഇപ്പോൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകളെ സഹായിക്കാൻ നിയമസഹായവേദികളുണ്ട്.

കേസുകളുടെ ഒത്തുതീർപ്പിനായി കീഴ്ക്കോടതി മുതൽ സുപ്രീം കോടതി വരെ അദാലത്തുകളും മീഡിയേഷനുകളും നടത്തുന്നു. ജഡ്ജിമാരുടെയും പ്രത്യേക പരിശീലനം ലഭിച്ച അഭിഭാഷകരുടെയും സാന്നിധ്യത്തിൽ വാദിയും പ്രതിയും തമ്മിൽ ഒത്തുതീർപ്പു നടത്തുന്നു. ഏതു കോടതിയിൽവച്ച് ഒത്തുതീർപ്പ് നടന്നാലും ആ കോടതിയിൽ കെട്ടിവച്ച മുഴുവൻ കോർട്ട് ഫീസും തിരികെ ലഭിക്കാൻ വാദിക്ക് അർഹതയുണ്ട്.

ഇതുകൂടാതെ ട്രൈബ്യൂണലുകളും മറ്റു കോടതികളും കാലത്തിന്റെ ആവശ്യത്തിനനുസൃതമായി സ്ഥാപിതമാകുന്നു. നികുതി, തൊഴിൽ, മോട്ടോർ വാഹനഅപകടം, റിയൽ എസ്റ്റേറ്റ്, ഉപഭോക്തൃതർക്ക പരിഹാരം എന്നിവ ട്രൈബ്യൂണലുകളുടെ ചില ഉദാഹരണങ്ങൾ ആണ്.

വിവാഹമോചനവും അതിനോടനുബന്ധിച്ചുള്ള മറ്റു തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ പ്രത്യേക കോടതിയുണ്ട്. രാജ്യദ്രോഹപരമായ കുറ്റങ്ങൾ വിചാരണ ചെയ്യാനും പ്രത്യേക കോടതികളുണ്ട്.

ചില കേസുകളിൽ പ്രത്യേകിച്ചും പണസംബന്ധമായ കേസ്സുകളിൽ ആർബിട്രേഷൻ നിലവിലുണ്ട്. കരാറുകളിൽ ഈ കേസിലെ തർക്കങ്ങൾ ആർബിട്രേഷന് വിധേയമാക്കണം എന്ന ഒരു നിബന്ധന കാണും. ഈ കേസ്സുകൾ ആർബിട്രേഷന് തന്നെ വിടണം.

പരിസ്ഥിതി മലിനീകരണം ഈ നാടിന്റെ ഏറ്റവും വലിയ വിപത്താണ്. മറ്റു രാജ്യങ്ങളും സംസ്ഥാനങ്ങളും വളരെ വിജയപ്രദമായി മാലിന്യസംസ്കരണം നടത്തുമ്പോഴാണ് ഈ നാട് ശുദ്ധവായുവിനായി അലയുന്നത്. മാലിന്യ സംസ്കരണത്തിന് പല പദ്ധതികളും നിലവിലുണ്ടെങ്കിലും ഇപ്പോഴും കെടുകാര്യസ്ഥത തന്നെ. പരിസ്ഥിതി മലിനീകരണം തടയുന്നതിന് പല നിയന്ത്രണങ്ങളും നിയമങ്ങളും അധികാര സ്ഥാനങ്ങളും നിലവിലുണ്ടെങ്കിലും അതൊന്നുംതന്നെ ഫലപ്രദമാകുന്നില്ല. ഞാനുൾപ്പെടുന്ന ഈ സമൂഹവും ഇതിനുത്തരവാദികളാണ്. ■

www.malankaralibrary.com

# പരാതികളിലും കേസുകളിലും പൊലീസ് നടപടികൾ

വ്യക്തിഹത്യ, അസൂയ, പ്രതികാരം തുടങ്ങി നിസ്സാരകാര്യങ്ങൾക്കുപോലും ഒരു വ്യക്തിയെ പൊലീസ് സ്റ്റേഷനിലും കോടതികളിലും കയറ്റുന്നത് ഹോബിയായിട്ടുള്ളവരുണ്ട്. ഒരു പരാതിയുണ്ടായാൽ, കേസുണ്ടായാൽ ഒരു പൗരൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെയും പൊലീസ് നടപടികളെയും കുറിച്ച് പ്രതിപാദിക്കുന്ന ലേഖനം.



**സജീവ് മണക്കാട്ടുപുഴ**
*ASI, ജില്ലാക്രൈംബ്രാഞ്ച്, പത്തനംതിട്ട.*

ഒരു ജനാധിപത്യ റിപ്പബ്ലിക് എന്ന നിലയ്ക്ക് വിവിധ അധികാര സ്ഥാനങ്ങളിലേക്ക് പരാതികൾ സമർപ്പിക്കുന്നതിന് ഇന്ത്യാ രാജ്യത്തെ ഏതൊരു പൗരനും അവകാശമുണ്ട്, മഹത്തായ നമ്മുടെ ഭരണഘടന അത് അനുവദിക്കുന്നുമുണ്ട്. ആർക്കെതിരെയും ഏതുതരം കുറ്റങ്ങൾക്കെതിരെയും പരാതികളോ ഹർജികളോ ആവലാതികളോ ബോധിപ്പിക്കാൻ വ്യവസ്ഥകൾ നിലനിൽക്കുന്നു. ജുഡീഷ്യറിയുടെ ഭാഗമായ കോടതികളിൽ പ്രധാനമായും രണ്ടുതരം വ്യവഹാരങ്ങളാണ് എത്തപ്പെടുക. സിവിലും ക്രിമിനലും. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത് എന്നത് നമ്മുടെ ഉന്നതമായ നീതിന്യായ വ്യവസ്ഥയുടെ പ്രഖ്യാപിത നയമാണ്. പക്ഷേ, വ്യാജപരാതികളും കള്ളക്കേസുകളും കാരണം അപമാനിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്ന ആളുകളുടെ ദുരനുഭവങ്ങൾ ഇടയ്ക്കെങ്കിലും കേൾക്കാറുണ്ട്.

## സംവിധാനങ്ങളിലെ ദുരുപയോഗം

ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥിതിയുടെ നാല് അടിസ്ഥാന സ്തംഭങ്ങൾ ലെജിസ്ലേറ്റീവ്, എക്സിക്യൂട്ടീവ്, ജുഡീഷ്യറി – പൊലീസ്, മാധ്യമങ്ങൾ എന്നിവയാണ്. പൗരന്മാരുടെ ആവലാതികളും പരാതികളും ഏറെയും കൈകാര്യം ചെയ്യുന്ന സംവിധാനമെന്ന നിലയ്ക്ക് ജുഡീഷ്യറിയും പൊലീസും ജനങ്ങളുമായി കൂടുതൽ ചേർന്നുനിൽക്കുന്നു. പൊലീസിലും കോടതികളിലും നിസ്സാര കാര്യങ്ങളെന്ന് തോന്നുന്നവയിൽപ്പോലും വ്യവഹാരങ്ങളുമായി ആളുകൾ എത്തുന്നതായി കാണാൻ കഴിയും. വ്യക്തിഹത്യയിലൂടെയും മറ്റും പ്രതികാരം തീർക്കുന്ന ചിലർ ഈ സംവിധാനങ്ങളെ ദുരുപയോഗം ചെയ്യുന്ന സ്ഥിതിയുമുണ്ട്. കോടതികയറാൻ വിധിക്കപ്പെട്ട നിരപരാധികൾ നിരവധിയുള്ളതായി അനുഭവങ്ങൾ ചൂണ്ടിക്കാട്ടുന്നു. പൊലീസിന്റെ വിവിധ ഓഫീസുകളിൽ വ്യാജ പരാതികളും മറ്റും നൽകി ആളുകളോട് മനപ്പൂർവം പകതീർക്കുന്ന അനുഭവങ്ങൾക്കും പഞ്ഞമില്ല. ഇത്തരം കാര്യങ്ങളിൽ സാധാരണ ജനം ശ്രദ്ധിക്കേണ്ട പ്രധാന വസ്തുതകൾ വിശദമാക്കാം.

ഇന്ത്യയിൽ പൊലീസും ജുഡീഷ്യറിയും ഉൾപ്പെടുന്ന നീതിന്യായ വ്യവസ്ഥ പ്രവർത്തിക്കുന്നത് 1974 ഏപ്രിൽ ഒന്നിന് പ്രാബല്യത്തിൽ വന്ന ക്രിമിനൽ നടപടിക്രമം (സി ആർ പി സി ) അനുസരിച്ചാണ്. ഇതിലെ വിവിധ വ്യവസ്ഥകൾ പ്രകാരമാണ് പൊലീസ്, ജുഡീഷ്യറി എന്നിവ പൊതുജനങ്ങളുടെ വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്നത്. ഭാരതത്തിലെ ഏതൊരു പൗരനും ആർക്കെതിരെയും എവിടെയും പരാതി ബോധിപ്പിക്കാമെന്നിരിക്കെ, അവയ്ക്കുമേൽ പൊലീസ് കക്ഷികളെ വിളിച്ചുവരുത്തുന്നത് അവിടെ കുറ്റകൃത്യത്തിന്റെ സാഹചര്യം നിലനിൽക്കുന്നുണ്ടോ എന്നതിനെ ആശ്രയിച്ചുമാത്രമാണ്. എന്നാൽ കോടതികൾ, പരാതികൾ മൊഴിയായി രേഖപ്പെടുത്തി ഇരുകക്ഷികളെയും നിയമനടപടികൾക്ക് വിധേയരാക്കു

www.malankaralibrary.com



കയാണ് പതിവ്. ക്രിമിനൽ കുറ്റങ്ങൾ സംബന്ധിച്ചുള്ളവ മൊഴി രേഖപ്പെടുത്തിയശേഷം നേരിട്ടോ, ബന്ധപ്പെട്ട പൊലീസ് സ്റ്റേഷൻ മുഖേനയോ നടപടികൾ കൈക്കൊള്ളുന്നതാണ് രീതി.

## വ്യവസ്ഥകളും തുടർനടപടികളും

പൊലീസിനെ സംബന്ധിച്ചാണെങ്കിൽ, കുറ്റകൃത്യത്തിന്റെ സാധ്യത സംശയിക്കുന്ന ഘട്ടങ്ങളിൽ പരാതിക്കക്ഷികളെ സ്റ്റേഷനിൽ വിളിപ്പിക്കാവുന്നതും മൊഴിയെടുത്ത് തുടർനടപടി എടുക്കാവുന്നതുമാണ്. കുറ്റം നടന്നതായി തെളിഞ്ഞാൽ എതിർകക്ഷിയെ പ്രതിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കാം, മറിച്ചെങ്കിൽ, കുറ്റം നടന്നിട്ടില്ല, തുടർനടപടി വേണ്ടതില്ല എന്ന നിഗമനത്തിലെത്തിയശേഷം കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്( സെക്ഷൻ 149 സി ആർ പി സി ). പരാതി (പെറ്റീഷൻ ) യുടെ ആവശ്യാർഥം സ്റ്റേഷനിൽ വിളിച്ചുവരുത്താൻ സി ആർ പി സിയിൽ വ്യവസ്ഥ ഇല്ല എന്ന് ചുരുക്കം.

അതേസമയം, പൊലീസ് ആസ്ഥാനത്തുനിന്നുള്ള സർക്കുലർ 01/1973 പ്രതിപാദിക്കുന്നത് പരാതികളുടെ അന്വേഷണവും തുടർനടപടികളുമാണ്. ജനങ്ങളുടെ പരാതികളും ആവലാതികളും കൃത്യമായി അന്വേഷിച്ച് തീർപ്പാക്കുന്നതിലെ പോരായ്മകൾ തിരിച്ചറിഞ്ഞുകൊണ്ട്, ആയതിനെല്ലാം പരിഹാരനിർദേശങ്ങൾ അടങ്ങിയതായിരുന്നു അന്നത്തെ സർക്കുലർ. ബി മുതൽ ഇ വരെയുള്ള അനക്സറുകൾ കൂട്ടിച്ചേർത്ത വിശദമായ നിർദേശങ്ങളോടുകൂടിയ സർക്കുലർ, പരാതി അന്വേഷണവുമായി ബന്ധപ്പെട്ട സർവകാര്യങ്ങളും ചൂണ്ടിക്കാട്ടുന്നു. ഉദാ: പരാതിക്കക്ഷിക്ക് കൃത്യമായ കൈപ്പറ്റുരേഖ (acknowledgment) കൊടുക്കണം (അനക്സർ ബി ), എതിർകക്ഷിക്ക് നോട്ടീസ് (സി ), പരാതിയിന്മേൽ റിപ്പോർട്ട് (ഡി ), പെറ്റീഷൻ റിപ്പോർട്ട് പരിഷ്കരിച്ച കോളങ്ങൾ (ഇ).

സർക്കുലർ പ്രകാരം ഓരോ പൊലീസ് സ്റ്റേഷനിലും ജനങ്ങളുടെ പരാതി കേൾക്കുന്നതിനും പരിഹരിക്കുന്നതിനും ചുമതല ഏൽപ്പിക്കപ്പെട്ടിരിക്കുന്നത് ഒരു സബ് ഇൻസ്പെക്ടറാണ്. ആഴ്ചയിൽ മൂന്നു നാല് ദിവസം എസ് ഐ പരാതി കേൾക്കണം, പരാതിക്ക് ഉടനടി രസീത് നൽകുകയും വേണം. പരാതി അന്വേഷിക്കാൻ ഹെഡ് കോൺസ്റ്റബിൾ, കോൺസ്റ്റബിൾ എന്നിവരടങ്ങിയ സംഘമുണ്ടാവും. രാവിലെ 9 മുതൽ ഉച്ചക്ക് 1 വരെ പരാതികൾ കേൾക്കുകയും പരിഹരിക്കുകയും വേണം, ഉച്ചക്ക് ശേഷം പൊലീസ് ഉദ്യോഗസ്ഥർ അന്വേഷണത്തിനായി പുറത്തുപോകണം. എസ് ഐക്ക് പ്രത്യേകം മുറി സജ്ജമാക്കുകയും വേണം, സി ഐ മാർ ഈ സംവിധാനത്തിന്റെ പ്രവർത്തനം സ്റ്റേഷൻ സന്ദർശിച്ച് വിലയിരുത്തുകയും വേണം. ഈ വിശാലമായ പ്രവർത്തനരീതി തന്നെയാണ് സത്യത്തിൽ ഇന്നും പരാതികളുടെ അന്വേഷണ കാര്യത്തിൽ പൊലീസിൽ തുടർന്നുവരുന്നത്.

പരാതി കാര്യക്ഷമമായി പരിഹരിക്കപ്പെട്ടാൽ, അതിൽ ഏതെങ്കിലും കുറ്റം അന്തർലീനമായിട്ടുണ്ടെങ്കിൽ അത് ഒഴിവാകുമെന്നത് ചെറിയ കാര്യമല്ല. അത്തരത്തിൽ നോക്കുമ്പോൾ പൊലീസ് സ്റ്റേഷനിൽ ആളുകളെ വിളിച്ചുവരുത്തി പരാതികൾ പരിഹരിക്കുന്നത് നല്ല കാര്യം തന്നെയാണ്, അതിന് ഈ സർക്കുലർ അനുമതി നൽകുന്നുമുണ്ട്. എന്നാൽ, സ്ത്രീകളെയും കുട്ടികളെയും സ്റ്റേഷനിൽ വിളിച്ചുവരുത്തേണ്ടതില്ല എന്നും നിഷ്കർഷയുണ്ട്, അവരെ താമസസ്ഥലത്തെത്തി കാണണമെന്നാണ് അനുശാസിക്കുന്നത്. സ്ത്രീകളോ കുട്ടികളോ പ്രായമേറിയവരോ പരാതിയുമായി വന്നാൽ മുന്തിയ പരിഗണന നൽകേണ്ടതുണ്ട്.

## കേരള പൊലീസ് ആക്ട്

കേരള പൊലീസിന്റെ പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്ന മറ്റൊരു നിയമസംഹിതയാണ് 2011 ൽ നിലവിൽ വന്ന കേരള പൊലീസ് ആക്ട്. അതിൽ, പൊലീസിന് നേരിട്ടെടുക്കാവുന്ന കുറ്റത്തിലേക്ക് നയിക്കാവുന്ന തർക്കങ്ങളിലുള്ള നടപടിയെപ്പറ്റി പറയുന്ന നിയമത്തിലെ വകുപ്പാണ് 63. ഏതെങ്കിലും വ്യക്തികളോ സംഘങ്ങളോ തമ്മിലുള്ള തർക്കം എത്രയും പെട്ടെന്ന് പരിഹരിക്കാതിരുന്നാൽ, നേരിട്ടെടുക്കാ

www.malankaralibrary.com

## പൊലീസിലെ റാങ്കുകൾ

- പൊലീസ് സേനയിലെ ഉന്നത റാങ്ക്: **ഡയറക്ടർ ജനറൽ ഓഫ് പൊലീസ്** (ഡി ജി പി ). ഈ റാങ്കിലുള്ള ഏറ്റവും സീനിയർ സംസ്ഥാന പൊലീസ് മേധാവി ആയി നിയമിക്കപ്പെടുകയാണ് പതിവ്. അദ്ദേഹത്തിന് താഴെയാണ് സംസ്ഥാന പൊലീസിലെ ബാക്കി മുഴുവൻ അംഗങ്ങളും(നിലവിൽ 57,819 പേർ).
- ഡി ജി പിക്ക് തൊട്ടുതാഴെ: **അഡീഷണൽ ഡി ജി പി മാർ**
- **ഇൻസ്പെക്ടർ ജനറൽ ഓഫ് പൊലീസ്** (ഐ ജി മാർ)
- **ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ** (ഡി ഐ ജിമാർ)
- **സൂപ്രണ്ട് ഓഫ് പൊലീസ്** (എസ് പി മാർ)
- **അഡിഷണൽ എസ് പി**
- **അസിസ്റ്റന്റ് എസ്പി**
- **ഡപ്യൂട്ടി സൂപ്രണ്ടുമാർ** (ഡി വൈ എസ് പി) ഇവർ ഗസറ്റഡ് ഓഫീസർമാരുടെ ലിസ്റ്റിൽ പെടുന്നു.

## നോൺ ഗസറ്റഡ് ഓഫീസർമാർ

- **ഇൻസ്പെക്ടർമാർ**(ഐ പി)
- **സബ് ഇൻസ്പെക്ടർ** (എസ് ഐ)
- **അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ** (എ എസ് ഐ)
- **സീനിയർ സിവിൽ പൊലീസ് ഓഫീസർ** (എസ് സി പി ഓ)
- **സിവിൽ പൊലീസ് ഓഫീസർ** (സി പി ഓ)

വുന്ന കുറ്റം അവിടെ സംഭവിക്കും എന്ന് ന്യായമായും തോന്നിയാൽ ആ സാഹചര്യം ഒഴിവാക്കാൻ ബന്ധപ്പെട്ടവരെ സ്റ്റേഷനിൽ അടിയന്തരമായി പൊലീസിന് വിളിപ്പിക്കാവുന്നതാണ്. ഈ വകുപ്പിൽ എ മുതൽ എഫ് വരെയുള്ള ഉപവകുപ്പുകളാണ് ഉള്ളത്. ഇവ പ്രകാരം, കക്ഷികളോ സംഘങ്ങളോ ആയി സംസാരിച്ച് വസ്തുതകൾ വിലയിരുത്താനും, തർക്കത്തിന്റെ തുടർച്ചയായി നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് സാധ്യത കണ്ടാൽ രേഖാമൂലം മുന്നറിയിപ്പ് നൽകുന്നതിനോ, ചർച്ചയിലൂടെ തർക്കപരിഹാരത്തിന് പ്രോത്സാഹിപ്പിക്കാനോ, സാധ്യമാവാഞ്ഞാൽ കോടതിയെ സമീപിക്കുന്നതിന് ഉപദേശിക്കാനോ, കോടതി മുമ്പാകെ കാര്യങ്ങൾ വിശദമാക്കി റിപ്പോർട്ട് സമർപ്പിക്കാനോ പൊലീസിന് സാധിക്കും.

കെ പി ആക്ട് സെക്ഷൻ 34 പൊലീസിൽ എങ്ങനെ പരാതി നൽകാമെന്ന് പൊതുജനങ്ങൾക്കുള്ള നിർദേശങ്ങൾ അടങ്ങിയിരിക്കുന്നു. വാക്കാലോ, രേഖാമൂലമോ, ആംഗ്യത്താലോ, അടയാളത്താലോ, ഡിജിറ്റൽ ആയോ, ഇലക്ട്രോണിക് ആയോ പരാതികൾ നൽകാവുന്നതാണ്. കള്ളപ്പേരിലോ, പേരുവയ്ക്കാതെയോ, പ്രകടമായും അസത്യമായതോ നിസ്സാരമായതോ അർഥശൂന്യമായതോ ആയ വിധത്തിലോ, സംശയിക്കത്തക്ക കാരണമില്ലാതെയോ കിട്ടുന്ന പരാതികൾ ആ രീതിയിൽ കണ്ട് വേണം നടപടി കൈക്കൊള്ളാൻ.

കേസിൽ സാക്ഷികളായി വിളിക്കപ്പെടുന്നവരോട് പൊലീസ് അർഹമായ പരിഗണനയോടെ പെരുമാറണമെന്ന് 35-ാം വകുപ്പ് ആവശ്യപ്പെടുന്നു. പരാതി സംഗതിയിലോ വിഷയത്തിലോ നിലനിൽക്കുന്ന സാഹചര്യത്തെപ്പറ്റി വിശദമാക്കാൻ സാധിക്കുന്നവരെ നിയമാനുസൃത കാരണത്താൽ പൊലീസുദ്യോഗസ്ഥന്, ആളുകളെ ബുദ്ധിമുട്ട് ഉണ്ടാക്കാതെ വിളിപ്പിക്കാമെന്ന് വകുപ്പ് പറയുന്നു. പൊലീസിന് താമസസ്ഥലത്തോ ജോലിസ്ഥലത്തോ അവരെ സമീപിക്കാവുന്നതാണ്. സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവരെ ഇതിനായി സ്റ്റേഷനിലേക്ക് വിളിച്ചുവരുത്താൻ പാടില്ല. പൊലീസിൽ ഹാജരാകുന്നതു കാരണം ദിവസവേതനം നഷ്ടമാകുന്ന ഗുരുതര സ്ഥിതി സംജാതമായാൽ ക്രിമിനൽ ജസ്റ്റിസ് മിസ്റ്റിനിയസ് എക്സ്പെൻസസ് ഫണ്ടിൽ നിന്നും, സംസ്ഥാന പൊലീസ് മേധാവി പൊതുവായി നിർണയിക്കുന്ന പ്രകാരം തുക അനുവദിക്കാവുന്നതാണ്.

കെ പി ആക്ട് 36 പ്രകാരം, പൊലീസ് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടാൽ തിരിച്ചറിയൽ രേഖകൾ കാണിക്കാൻ ഏതൊരാളും ബാധ്യസ്ഥരാണ്. രേഖയും അതിലെ വ്യക്തിവിവരങ്ങളും ശേഖരിക്കാൻ പൊലീസിന് അധികാരം നൽകുന്നു. പക്ഷേ, ഇവയുടെ പരിശോധനയുടെ പേരിൽ അറസ്റ്റ് / കസ്റ്റഡി പാടില്ല. പരിശോധനാവേളയിൽ പൊലീസുദ്യോഗസ്ഥർ തിരിച്ചറിയൽ കാർഡ് കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

കുറ്റകൃത്യങ്ങൾ തടയാൻ അവസരോചിതമായി ഇടപെടാൻ പൊലീസിന് വകുപ്പ് 38 അധികാരം നൽകുന്നു. അത്തരം സാഹചര്യങ്ങളിൽ ഹാജരുള്ള ഉദ്യോഗസ്ഥർ കഴിവിന്റെ പരമാവധി കുറ്റകൃത്യമുണ്ടാവാതെ കാക്കണം, സ്ഥലത്തുള്ള ആരോഗ്യ

www.malankaralibrary.com

മുള്ളതും പ്രായപൂർത്തിയായതുമായ പുരുഷന്റെ സേവനം സ്വീകരിക്കാം. അവിടെയുള്ളവർ പൊലീസിന്റെ നിയമപരമായ നിർദേശങ്ങൾ പാലിക്കാൻ ബാധ്യസ്ഥരാണെന്ന് സെക്ഷൻ 39 നിഷ്കർഷിക്കുന്നു. പാലിക്കാതിരുന്നാൽ താക്കീത് ചെയ്യാം. കുറ്റം ചെയ്യാൻ സാധ്യതയുണ്ടെങ്കിൽ നിയമം നടപ്പാക്കാം. കുറ്റം ചെയ്താൽ അറസ്റ്റ് ചെയ്യാം, കുറ്റകൃത്യത്തിന് ഉപയോഗിച്ച വസ്തുവകകൾ പിടിച്ചെടുക്കാം. ന്യായമായ നിർദേശം നിരസിക്കുകയോ എതിർക്കുകയോ ചെയ്താൽ സ്ഥലത്തുനിന്നും ആളെ / ആളുകളെ ഒഴിപ്പിക്കാൻ വകുപ്പ് 40 അധികാരം നൽകുന്നു. അത്തരക്കാരെ പേരും വിലാസവും രേഖപ്പെടുത്തിയശേഷം 3 മണിക്കൂറിനകം വിട്ടയക്കേണ്ടതാണ്. ഇത് അറസ്റ്റ് ആയി കരുതാൻ പാടില്ല. പ്രതിഷേധിക്കുന്നവർക്കുമേൽ ഏറ്റവും കുറഞ്ഞ ബലപ്രയോഗം അനുവദിക്കുന്നുണ്ട്.

പരാതിയുടെ പേരിൽ വ്യക്തികളെ വിളിച്ചുവരുത്താൻ നിയമസാധുത ഇല്ലായെന്ന് പറയാമെങ്കിലും, കുറ്റകൃത്യ സാധ്യത കണക്കിലെടുത്ത് കക്ഷികളെ വിളിപ്പിച്ച്, ആയത് പരിശോധിച്ച് നിയമനടപടി എടുക്കാവുന്നതാണ്, അതിന് സി ആർ പി സിയും മറ്റ് നിയമങ്ങളും പൊലീസിന് അധികാരം നൽകുന്നു. അതേസമയം, കേസിനായി വിളിച്ചുവരുത്താൻ നിയമങ്ങൾ അനുശാസിക്കുന്നുമുണ്ട്. അതിൽ എടുത്തുപറയാവുന്നവയാണ് സി ആർ പി സി വകുപ്പ് 160, 41, 149,150,151 തുടങ്ങിയവ. കേസുകളിലെ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് തെളിവുകൾ നൽകാൻ കഴിയുന്നവരെ (സാക്ഷികളെ) വിളിച്ചുവരുത്തി മൊഴിയെടുക്കുന്നത് 160 പ്രകാരമാണ്. കുറ്റകൃത്യം ചെയ്തയാളെ (പ്രതിയെ) നോട്ടീസ് നല്കി വിളിപ്പിക്കാൻ സെക്ഷൻ 41 പ്രയോജനപ്പെടുത്തുന്നു. ഒരു കുറ്റകൃത്യത്തിനുള്ള സൂചനയുണ്ടെങ്കിൽ അത് മുൻകൂട്ടി ഒഴിവാക്കാൻ മുൻകരുതൽ നിയമനട പടിക്ക് അധികാരം നൽകുന്നതാണ് സി ആർ പി സി 149. ഇതിന്റെ അടിസ്ഥാനത്തിൽ വ്യക്തികളെ ന്യായമായും കുറ്റകൃത്യം ചെയ്യുമെന്ന് സംശയിച്ചാൽ മുൻകരുതൽ അറസ്റ്റ് നടപടികൾക്ക് വിധേയരാക്കാം. ഇതിനായി 150,151 വകുപ്പുകൾ പ്രയോഗിക്കാം.

## പരാതിയും കേസും

പരാതിയും കേസും തമ്മിലുള്ള വ്യത്യാസം മിക്കവർക്കും അറിയില്ല എന്നതാണ് യാഥാർഥ്യം. പരാതി കൊടുക്കുന്ന കാര്യം പറയുമ്പോൾ പലരും പൊലീസിൽ കേസ് കൊടുത്തു എന്നാവും പറയാറ്. സത്യത്തിൽ ആ പ്രയോഗം തെറ്റാണ്. പരാതിയിൽ കുറ്റം ഒളിഞ്ഞുകിടപ്പുണ്ടെങ്കിൽ, ബന്ധപ്പെട്ട വകുപ്പുകൾ ചാർത്തി എതിർകക്ഷിക്കെതിരെ / കക്ഷികൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുക എന്നതാണ് നിയമപ്രകാരം പൊലീസ് ചെയ്യുന്നത്. ഹർജി കക്ഷിയുടെ മൊഴി പകർത്തിവേണം കേസ് എടുക്കേണ്ടത്, പരാതിയും കേസ് ആക്കാവുന്നതാണ്. കുറ്റകൃത്യം നടന്നിട്ടില്ലെങ്കിൽ വെറും പരാതിയായിട്ട് തീർപ്പാക്കിവിടുകയാണ് ചെയ്യുക. ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് പരാതി ആർക്കെതിരെയും ആർക്കും നൽകാമെന്നിരിക്കെ, ബന്ധപ്പെട്ട അധികാരികൾ വിളിപ്പിച്ചാൽ അവിടെയെത്തി കുറ്റക്കാരല്ലെങ്കിൽ ബോധ്യപ്പെടുത്താനും കോടതികളിൽ നിരപരാധി എന്ന് തെളിയിക്കാനും ഓരോരുത്തർക്കും അധികാരമുണ്ട്. വ്യക്തിഹത്യക്കെതിരെ നിയമനടപടി സ്വീകരിക്കാനും സാധിക്കും. ■

### കേരള പൊലിസിന്റെ അടയാളങ്ങൾ

- ഡി ജി പി, എ ഡി ജി പി എന്നിവരുടെ യൂണിഫോമിലെ അടയാളങ്ങൾ : അശോകസ്തംഭം, വാൾ, ബാറ്റൻ ക്രോസ് ചെയ്തത്, ഐപിഎസ് ചിഹ്നം.
- ഐജിപി: വാൾ, ബാറ്റൻ ക്രോസ് ചെയ്തത്, ഒരു നക്ഷത്രം, ഐ പി എസ് ചിഹ്നം
- ഡി ഐ ജി: അശോകസ്തംഭം, 3 നക്ഷത്രം, ഐ പി എസ് ചിഹ്നം.
- എസ് പി: അശോകസ്തംഭം, 2 നക്ഷത്രം, ഐ പി എസ് ചിഹ്നം.( സെലക്ഷൻ ഗ്രേഡ് ഐ ജി / സീനിയർ ഗ്രേഡ് എ ഐ ജി).
- അല്ലാത്ത എസ് പിമാർ: അശോകസ്തംഭം, 1 നക്ഷത്രം, ഐ പി എസ് ചിഹ്നം.
- അഡീഷണൽ എസ് പി: അശോകസ്തംഭം, ഐ പി എസ് ചിഹ്നം.
- അസിസ്റ്റന്റ് സൂപ്രണ്ട് ഡി വൈ എസ് പി: 3 നക്ഷത്രം, ഐ പി എസ് ചിഹ്നം.
- പൊലീസ് ഇൻസ്പെക്ടർ: 3 നക്ഷത്രം, ചുവപ്പും നീലയും കലർന്ന റിബൺ.
- എസ് ഐ: രണ്ട് സ്റ്റാർ, ചുവപ്പും നീലയും കലർന്ന റിബൺ
- എ എസ് ഐ: ഒരു സ്റ്റാർ, ചുവപ്പും നീലയും കലർന്ന റിബൺ
- എസ് സി പി ഒ: 3 വെള്ളവര.

www.malankaralibrary.com

# എന്റെ ഗുരുനാഥൻ

കുറ്റവാളികളായി അവരോധിക്കപ്പെടുന്നവരും പ്രത്യേക സാഹചര്യത്തിൽ കുറ്റവാളികളാകുന്നവരും അലിവും അനുകമ്പയും ഇല്ലാത്ത വ്യക്തികളാണെന്ന് അടച്ചാക്ഷേപിക്കാനാവില്ല. പലരിലും നന്മയുടെ ചിരാതുകൾ അണയാതെ തെളിഞ്ഞുനിൽക്കുന്നുണ്ടാകും. പൊലീസ് ഉദ്യോഗസ്ഥനായിരിക്കെ കണ്ടുമുട്ടിയ ഒരു കുറ്റവാളിയുടെ അനുഭവം പങ്കുവയ്ക്കുന്നു ചലച്ചിത്രകാരനും എഴുത്തുകാരനും കാർട്ടൂണിസ്റ്റും സാമൂഹ്യപ്രവർത്തകനും സംഘാടകനുമായ ലേഖകൻ.



രേഖ വെള്ളത്തൂവൽ
*റിട്ട. പൊലീസ് ഉദ്യോഗസ്ഥൻ*

അയാളെന്റെ അധ്യാപകനായി മാറിയത് എത്ര വേഗമാണ്! പേര് വർഗീസ്. മറ്റൊരു വിളിപ്പേരുണ്ട്. അത് ഇവിടെ പറഞ്ഞ് ഗുരുവിനെ വേദനിപ്പിക്കുന്നില്ല. ഉദ്ദേശം 40 വയസ്സ് പ്രായം. നര കലർന്ന കുറ്റിമുടി. ഇടതൂർന്ന മുടിയുണ്ട്. ചീകിയൊതുക്കിയാൽ ആരും കൊതിക്കുന്ന മുടിക്കരുത്ത്. പക്ഷേ, ചീകാറില്ല. അയാളുടെ ജോലിക്ക് അതിന്റെ ആവശ്യവുമില്ല.

ജോലി എന്താണെന്നു പറഞ്ഞാൽ ചിരി വരും. കള്ളുകുടി, ചീട്ടുകളി, തല്ലുപിടുത്തം. ഉള്ളതു പറയണമല്ലോ, മോഷണമില്ല. ടൗണിൽ ചുമട് ഉൾപ്പടെ എന്തു ജോലിയും ചെയ്യും. ഒരു ടൗൺ ജീവി. മുന്നിലെ പല്ലുകളില്ല. തടിച്ചു കരി വാളിച്ച ചുണ്ടിൽ സദാ നേരവും ഒരു ബീഡിയുണ്ടാകും. പൊലീസിനെ കണ്ടാൽ ബീഡി ദൂരെ എറിഞ്ഞ് മുണ്ടിന്റെ കുത്ത് അഴിച്ചിട്ട് തൊഴുതു നില്ക്കും. പിന്നെ വളർത്തു പൂച്ചകളെപ്പോലെ അടുത്തു നിന്നു മാറില്ല. എന്തു പറഞ്ഞാലും എന്തു ചെയ്താലും ചിരിച്ചു കൊണ്ടിരിക്കും. ഞാൻ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ആയി ചാർജെടുക്കാൻ ചെന്നപ്പോൾ സ്റ്റേഷനിൽ കൊണ്ടുവന്നു നിർത്തിയിരുന്ന മുഷിഞ്ഞ വേഷക്കാരുടെ കൂടെ വർഗീസുമുണ്ടായിരുന്നു.

ഞാൻ ചെന്നിറങ്ങിയതേ വർഗീസ് ഓടിയെത്തി എന്റെ പെട്ടിയും ബാഗും റൂമിൽ കൊണ്ടു വച്ചു. ഞാൻ തടയാൻ ചെന്നപ്പോൾ പാറാവ് നിന്ന പൊലീസുകാരൻ പറഞ്ഞു: 'കുഴപ്പമില്ല സാറേ, ആള് ഇവിടത്തെ സ്ഥിരം കക്ഷിയാ.' ചിരിച്ചുകൊണ്ട് ഞാൻ അകത്തേക്ക് നടന്നപ്പോൾ ആ പൊലീസുകാരൻ തുടർന്നു പറഞ്ഞു: 'എന്നു കരുതി കൂടുതൽ അടുപ്പിക്കണ്ടാട്ടൊ. തൊട്ടാലൊട്ടുന്ന ഇനമാ...' മുറിയിൽ ചെന്നപ്പോഴേക്കും വർഗീസ് മുറി വൃത്തിയാക്കി, പെട്ടിയെല്ലാം കൃത്യമായി വച്ചിരിക്കുന്നു. ഞാൻ ചോദിക്കാതെ തന്നെ പറഞ്ഞു: 'സാറേ, എന്റെ പേര് വർഗീസെന്നാ. എന്നെ എല്ലാരും അറിയും.

സാറമ്മാർക്കൊക്കെ എന്നെ വല്യ കാര്യാ... അയാളുടെ വേഷവും രീതികളും എന്നെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ടായിരുന്നു. പോക്കറ്റിൽ നിന്നും ഒരു 50 രൂപയെടുത്ത് കൊടുത്ത് ആളെ ഒഴിവാക്കി. ആഴ്ചകൾ കടന്നു പോയതറിഞ്ഞില്ല. പുതിയ സാഹചര്യങ്ങളൊക്കെ പൊരുത്തപ്പെട്ട് വരുമ്പോഴാണ് ആ കേസ് ഉണ്ടായത് –അൺ നാച്ചറൽ ഡത്ത്. ടൗണിന് ഏതാണ്ട് 2 കി.മീ. മാറി ഒരു മലയിൽ പാറക്കെട്ടിനോട് ചേർന്നുള്ള കാട്ടിൽ ഒരു സ്ത്രീ തൂങ്ങി മരിച്ചു നില്ക്കുന്നു.

സബ് ഇൻസ്പെക്ടർ സ്ഥലത്തു വന്ന് കണ്ട് എല്ലാം ബോധ്യപ്പെട്ട് നിർദ്ദേശങ്ങൾ തന്നിട്ട് മറ്റൊരു അത്യാവശ്യ ജോലിക്ക് പോയി. എനിക്ക് സഹായത്തിന് രണ്ടു പൊലീസുകാരുമുണ്ട്. എന്തൊ ചെറിയ വഴക്കുണ്ടായി ഈ സ്ത്രീ വീട്ടിൽ നിന്നും ഇറങ്ങി പോയതാണ്. മുൻപും ഇതുപോലെ പോയിട്ടുണ്ട്. ഏതെങ്കിലും ബന്ധുവീട്ടിൽ ഒരാഴ്ച നിന്നിട്ട് തിരിച്ചുവരും. അതായിരുന്നു പതിവ്. അതുകൊണ്ട് വീട്ടുകാർ അത്രയങ്ങ് ഗൗരവമായി കണ്ടതുമില്ല. ഏതാണ്ട് 35 വയസ്സ് പ്രായം വരും. അവിവാഹിത. കൂലിപ്പണി ചെയ്ത് സഹോദരങ്ങളുമായി താമസിക്കുന്ന സാധാരണ സാധു കുടുംബം. മൃതദേഹത്തിന് നാലഞ്ചു

www.malankaralibrary.com

ദിവസം പഴക്കം വരും. ചീഞ്ഞ് വീർത്ത് ഈച്ചയാർത്ത് ഒരു മരക്കൊമ്പിൽ തൂങ്ങി നില്ക്കുന്നു. അടുക്കാൻ വയ്യാത്ത ദുർഗന്ധം. അതുകൊണ്ട് കണ്ടവർ കണ്ടവർ വളരെ ദൂരത്താണ് നില്ക്കുന്നത്. സാക്ഷികളായി അടുത്തു നിർത്തിയവർ പോലും ദൂരേയ്ക്കു പോയി. അവരെ തെറ്റു പറഞ്ഞിട്ട് കാര്യമില്ല – നമ്മൾ തേച്ചുമിനുക്കി സ്പ്രേ അടിച്ചു പൊന്നുപോലെ കൊണ്ടുനടക്കുന്ന ഈ ശരീരമുണ്ടല്ലൊ... ചീഞ്ഞുനാറിയാൽ ഒന്നും പറയണ്ട – ഏഴയലത്ത് പോലും അടുക്കാനാവില്ല.

മൃതദേഹം താഴെയിറക്കണം. സഹായത്തിന് പലരേയും വിളിച്ചു. സ്ഥലം പഞ്ചായത്തു മെമ്പർ ശ്രമിച്ചിട്ടു പോലും ആരെയും കിട്ടിയില്ല. അപ്പോഴാണ് വർഗീസിന്റെ കാര്യം ആരോ പറഞ്ഞത്. ഉടനെ ആളെ അയച്ചു. അരമണിക്കൂറു കഴിഞ്ഞപ്പോൾ ദാ വർഗീസ് വരുന്നു. ആൾക്കൂട്ടത്തിന് നടുവിലൂടെ ഒരു കോമാളിയെപ്പോലെ വർഗീസ് വന്നു. നല്ല പൂസ്സായിരുന്നു. എന്നെ കണ്ടതെ മുണ്ടിന്റെ കുത്തഴിച്ചിട്ട് ചുണ്ടത്തെ ബീഡി വലിച്ചെറിഞ്ഞ് കൈകൂപ്പി നിന്നു. ഞാൻ ആവശ്യം പറയുന്നതിനു മുമ്പേ വർഗീസ് മരത്തിൽ കയറി. എറിഞ്ഞു കൊടുത്ത കയർ മൃതദേഹത്തിന്റെ കക്ഷത്തിലൂടെ എടുത്ത് മുറുക്കി കെട്ടി. മറ്റേ അറ്റം ബലമുള്ള കമ്പേൽ കോർത്ത് താഴേക്ക് ഇട്ടു. രണ്ടു പേരെ കയറേൽ പിടിക്കാൻ താഴെ നിർത്തിയിട്ടുണ്ടായിരുന്നു.

'സാറെ... ചെത്തട്ടെ...?' മുകളിൽ നിന്ന് വർഗീസ് ഉറക്കെ ചോദിച്ചു. ഞാൻ തലയാട്ടിയപ്പോൾ മൃതദേഹം തൂങ്ങി നിന്ന കയർ മെല്ലെ കണ്ടിച്ചു. ഇപ്പോൾ താഴെ നിന്ന് കയർ പിടിച്ചിരിക്കുന്നവരുടെ ബലത്തിലാണ് മൃതദേഹം നിൽക്കുന്നത്. അപ്പോഴേക്കും വർഗീസ് താഴെയിറങ്ങി. പതിയെ താഴ്ന്നു വന്നു കൊണ്ടിരുന്ന മൃതദേഹം വർഗീസ് രണ്ടു കൈയും ചേർത്ത് കെട്ടിപ്പിടിച്ച് വളരെ ഉത്തരവാദിത്വത്തോടെ തറയിൽ കിടത്തി. അതിനു ശേഷം വർഗീസ് ചിരിച്ചുകൊണ്ട് നിവർന്നു നിന്നപ്പോഴുള്ള രൂപം വിവരിച്ചാൽ നിങ്ങൾ ഛർദ്ദിക്കും. ബോഡി അമർന്ന ഭാഗത്തൊക്കെ അഴുകിയ മാംസവും, ഒരു തരം വെളുത്ത പുഴുക്കളും കൊണ്ട് വർഗീസ് മറ്റൊരു മൃതദേഹമായി തോന്നിച്ചു. അടുത്തു നില്ക്കുന്ന ഇലകൾ പറിച്ചെടുത്ത് പൊടിമണ്ണ് തൂക്കുന്ന ലാഘവത്തോടെ വർഗീസ് ചിരിച്ചുകൊണ്ട് കൈയും മുഖവും തുടയ്ക്കുന്നുണ്ടായിരുന്നു. അന്ന് ഞാൻ മനസ്സറിഞ്ഞ് ഒരു തുക വർഗീസിന്റെ പോക്കറ്റിൽ ഇട്ടുകൊടുത്തു. പഞ്ചായത്ത് മെമ്പറും പൈസ കൊടുത്തു.

പിന്നീടൊരിക്കൽ മറ്റൊരു കേസ്സിന്റെ അന്വേഷണത്തിനായി സഞ്ചരിച്ചപ്പോൾ യാദൃശ്ചികമായി വർഗീസിന്റെ വീട് കണ്ടു. ഒരു കോളനിയിൽ വലിയ ഒരു കല്ലിന്റെ ചുവട്ടിൽ കമ്പുകൾ വച്ചുകെട്ടി പഴയ ബാനറുകളും തുരുമ്പിച്ച തകിടുകളും പിന്നെ എന്തൊക്കെയൊ കൊണ്ട് മേഞ്ഞ ഒരു കളിവീട്. അവിടെ വർഗീസും അമ്മയുമാണ് താമസിക്കുന്നത്. മറ്റാരും വർഗീസിനില്ല. കല്യാണം കഴിച്ചതുമില്ല. ഞാൻ കാണുമ്പോൾ വർഗീസ് വയ്യാത്ത അമ്മയ്ക്ക് ചോറ് വാരി കൊടുക്കുകയായിരുന്നു. വയ്യായ്ക എന്ന് മേനിക്ക് പറഞ്ഞതാണ്. അമ്മയ്ക്ക് തനി ഭ്രാന്ത് തന്നെയാണ്. ആരേയും ഉപദ്രവിക്കുകയുമില്ല, വീടുവിട്ട് പോവുകയുമില്ല. എപ്പോഴും എന്തെങ്കിലുമൊക്കെ പറഞ്ഞുകൊണ്ട് വീടിനുള്ളിലൊ മുറ്റത്തോ ഇരിപ്പുണ്ടാവും. വർഗീസ് വാരിക്കൊടുക്കുന്ന ചോറ്, നല്ല അനുസരണയോടെ കഴിക്കുന്നുണ്ട്. വർഗീസിന്റെ തൊട്ടടുത്ത് ഒരു കില്ലപ്പട്ടി വാലാട്ടിയിരുന്ന് വർഗീസ് ഇട്ടു കൊടുക്കുന്ന ചോറ് നന്ദിയോടെ കഴിക്കുന്നതു കണ്ടു. അയാൾ അമ്മയ്ക്ക് നൽകുന്ന കരുതലും സ്നേഹവും കണ്ട് ഞാൻ അത്ഭുതപ്പെട്ടു പോയി. എന്തൊക്കെയൊ ആണെന്നും, ആയെന്നും അഹങ്കരിച്ചിരുന്ന ഞാൻ ഇവിടെ ഒന്നുമല്ലെന്നും ഒന്നുമായിട്ടില്ലന്നും ഒരു നിമിഷംകൊണ്ട് വർഗീസ് എന്നെ പഠിപ്പിച്ചു തന്നു; ആ വലിയ ഗുരുനാഥൻ. ആ ശരീരം ആർക്കും ഏതു നേരവും കൊട്ടാവുന്ന ചെണ്ടയായിരുന്നു. ഏതു നാറുന്ന ജോലി ചെയ്തും സ്വന്തം അമ്മയെ പൊന്നുപോലെ സംരക്ഷിക്കുന്ന ഒരു മകനെ കണ്ടു. ഈ ഭൂമിയിൽ കെട്ടി ഉയർത്തുന്ന കെട്ടിടങ്ങളൊക്കെ പാഴ്വേലയാണെന്നും ഭൂമിക്കു ഭാരമാണെന്നും വർഗീസിന്റെ വീട് എന്നെ പഠിപ്പിച്ചു. അയാളുടെ പുറം ശരീരം അറപ്പുണ്ടാക്കുന്നതാണ്. എന്നാൽ അകം തൂവെണ്മയുള്ളതായിരുന്നു. എന്റെ പുറം സുന്ദരവും അകം ദുഷിച്ചതുമായിരുന്നല്ലൊ. വർഗീസ് എത്ര വേഗമാണ് എന്റെ അകം വൃത്തിയാക്കിയത്? അതാണ് ശരിയായ അധ്യാപകന്റെ ജോലി. വർഗീസിന് ആരോടും പരിഭവമൊ പരാതിയൊ ഉണ്ടായിരുന്നില്ല. സ്വന്തം വേദനകൾക്ക് പുഞ്ചിരിയുടെ വലിയൊരു കുപ്പായം തയ്ച്ചിട്ട് സഞ്ചരിക്കുന്ന ഒരു കോമാളി. ശവം എടുത്തു കിടത്താനും, തിരിച്ചു കിടത്താനും, അനാഥക്കുഴിയിൽ മൂടാനും നിനക്ക് ഒരു കോടീശ്വരനേയും 'മാന്യനേ'യും കിട്ടില്ലെന്നും അതിനെല്ലാം നിങ്ങൾ അടിയും ഇടിയും നൽകി നായ്ക്കളെപോലെ പിന്നാമ്പുറത്തേക്ക് തള്ളിയ ഞങ്ങളൊക്കെയെ ഉണ്ടാകൂ എന്നും വർഗീസ് എന്ന വലിയ ഗുരുനാഥൻ എന്നെ പഠിപ്പിച്ചു. ആ ഗുരുപാദങ്ങളിൽ എന്റെ വലിയ നമസ്കാരം. ■

www.malankaralibrary.com

# ശുശ്രൂഷാപ്രവർത്തനങ്ങൾ സഭയിൽ അനിവാര്യം

തടവറ പ്രേഷിത ശുശ്രൂഷയുടെ പ്രവർത്തനങ്ങൾക്കായി സ്വന്തം ഗൃഹം പോലും വിട്ടുകൊടുത്ത ഇടയ ശ്രേഷ്ഠനാണ് നീതിക്കും സമാധാനത്തിനും വികസനത്തിനും വേണ്ടിയുള്ള കെ.സി.ബി.സി കമ്മീഷൻ ചെയർമാനും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനുമായ മാർ ജോസ് പുളിക്കൽ. പിതാവുമായി കാരുണികൻ പ്രതിനിധി ഫാ. ആന്റോ പുതുവ നടത്തിയ അഭിമുഖം.

**? പ്രേഷിത പ്രവർത്തനം എന്നതിനേക്കാൾ സ്വന്തം ഭവനം തന്നെ തടവറപ്രേഷിത ശുശ്രൂഷയ്ക്ക് വിട്ടുകൊടുക്കാൻ അങ്ങയെ പ്രേരിപ്പിച്ചത് എന്താണ്?**

എന്റെ ഒരു നിയോഗമായി ഞാൻ ഏറ്റെടുത്തതാണിത്. ഏക മകനെന്ന നിലയിൽ പിന്തുടർച്ചാവകാശികളൊന്നുമില്ലാത്ത കുടുംബസാഹചര്യത്തിൽനിന്നാണല്ലോ ഞാൻ സെമിനാരിയിൽ ചേരുന്നത്. അതുകൊണ്ടുതന്നെ എനിക്ക് ഈ ഭവനത്തെക്കുറിച്ചും ദൈവത്തിന്റെ പദ്ധതികളെക്കുറിച്ചും ഏകദേശം വ്യക്തതയുണ്ടായിരുന്നു. കർത്താവ് എന്നെ വിളിച്ചെങ്കിൽ അവിടുത്തേക്ക് എന്നെക്കുറിച്ചും എന്റെ ഭവനത്തെക്കുറിച്ചും എന്റെ പരിസരങ്ങളെക്കുറിച്ചുമൊക്കെ ഒരു പദ്ധതിയുണ്ടെന്നുള്ള കാര്യം ഞാൻ അന്നുമുതലേ മനസ്സിലാക്കിയിരുന്നു. എന്റെ മാതാപിതാക്കളോടും ഞാൻ അതുതന്നെയാണ് പറഞ്ഞിരുന്നതും. പിന്നീട് ഞാൻ സെമിനാരിയിലായിരിക്കേ ഇക്കാര്യത്തിൽ പ്രാർഥനയും ചിന്തകളും ഒക്കെ രൂപപ്പെട്ടുവന്നു. അച്ചനായതിനുശേഷമാണ് കുറച്ചുകൂടി വ്യക്തത കിട്ടുന്നത്. ജയിൽ മിനിസ്ട്രിയിൽ ഞാൻ മുഴുവൻ സമയം ചിലവഴിക്കാനാരംഭിച്ചത് അച്ചനായി മൂന്നരവർഷത്തിനുശേഷമാണ്. സെമിനാരി പഠനകാലത്തുതന്നെ ഈ ശുശ്രൂഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനാരംഭിച്ചിരുന്നു. വർഗീസ് കരിപ്പേരിയച്ചന്റെയും ഫ്രാൻസീസ് കൊടിയനച്ചന്റെയും ജൂനിയറായി സെമിനാരിയിൽ പഠിച്ചിരുന്ന കാലഘട്ടത്തിൽ സെമിനാരി ഗ്രൂപ്പിൽ ഞാനും അംഗമായിരുന്നു. അന്നുമുതലേ സജീവമായി പ്രവർത്തിച്ചിരുന്നു (ജീസസ് ഫ്രട്ടേണിറ്റി എന്നറിയപ്പെട്ടിരുന്ന ശുശ്രൂഷാസമൂഹം കേരളത്തിൽ ഇപ്പോൾ പ്രിസൺ മിനിസ്ട്രി ഇന്ത്യ എന്നാണ് അറിയപ്പെടുന്നത് ). വെട്ടുകാട് സ്നേഹാശ്രമത്തിന്റെ ഡയറക്ടർ എന്ന നിലയിൽ ചുമതലയേറ്റതിനുശേഷമാണ് ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത ലഭിക്കുന്നത്.

ക്രിമിനൽവാസനയുള്ള കുഞ്ഞുങ്ങൾ, ഭാവിയിൽ ജയിലിൽ എത്തിപ്പെടാൻ സാധ്യതയുള്ള കുട്ടികൾ എന്നിവർക്ക് എന്റെ ഭവനംതന്നെ ഒരു നവീകരണ പുനരധിവാസ സ്ഥലമായി മാറുന്നെങ്കിൽ അതൊരു നല്ല ശുശ്രൂഷയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. 'ഈയൊരു ദൗത്യം തന്നെയായിരിക്കില്ലേ എന്റെ നിയോഗം' എന്ന് ഞാൻ പ്രാർഥനാപൂർവം അന്വേഷിക്കുകയും അന്നത്തെ ജയിൽമിനിസ്ട്രിയുടെ സാരഥികളോട് സംസാരിക്കുകയും പല മീറ്റിംഗുകളിലും ചർച്ച ചെയ്യുകയും ചെയ്തതിനുശേഷം അങ്ങനെ ഒരു തീരുമാനത്തിലേക്കെത്തി. അതിനെന്നെ സഹായിച്ചത് ദിവംഗതനായ കുറ്റിക്കലച്ചനായിരുന്നു. കൂടാതെ മറ്റു പല വൈദികരും കൂടുതൽ അഭിപ്രായങ്ങൾ നൽകി വ്യക്തതയിൽ എത്തിക്കാൻ എന്നെ സഹായിച്ചു. എന്റെ ഒരു സമർപ്പണം എന്നതിനേക്കാൾ ഒരു നിയോഗം ആണെന്ന് തിരിച്ചറിഞ്ഞപ്പോൾ അതിനോട് സഹകരിക്കാൻ ഞാൻ തയ്യാറായി എന്നുള്ളതാണ് യാഥാർഥ്യം. ഭവനം വിട്ടുകൊടുക്കുന്നതിന്റെ പിന്നിലുണ്ടായ ചേതോവികാരവും ഇതുതന്നെ. കുട്ടികൾക്കുവേണ്ടിയുള്ള ശുശ്രൂഷ പ്രസക്തമാണെന്ന് എനിക്കുതോന്നി. ഇടറിപ്പോയ കുഞ്ഞുങ്ങൾ, ജീവിക്കാൻ മാർഗമില്ലാത്ത

www.malankaralibrary.com



വർ, വിദ്യാഭ്യാസം കിട്ടാത്തവർ, കുറ്റവാസനയുള്ള കുഞ്ഞുങ്ങൾ ഇവരൊക്കെയാണ് ഭാവിയിൽ ജയിലിലേക്ക് എത്തപ്പെടുന്നത്. അവരെ രക്ഷിച്ചെടുക്കുക എന്ന ലക്ഷ്യം എന്നിൽ രൂഢമൂലമായിരുന്നു. അത്തരത്തിലൊരു ത്യാഗം സമർപ്പിക്കാൻ സന്നദ്ധരായത് എന്റെ മാതാപിതാക്കൾ തന്നെയാണ്. അവർ ജീവിച്ചിരുന്ന കാലത്താണ് ഈയൊരു കാര്യത്തിനുവേണ്ടി ഭവനം ഉപയോഗിക്കപ്പെട്ടത്. 1994 ജൂലൈ 3-നാണ് അതിന്റെ ആരംഭം കുറിക്കുന്നത്. ചോരയും നീരും ചിന്തി സമ്പത്തുണ്ടാക്കിയതും ഭവനം പണിതതുമെല്ലാം എന്റെ മാതാപിതാക്കളാണ്. എന്നെ സംബന്ധിച്ചിടത്തോളം ഒരു തീരുമാനം എടുത്താൽമാത്രം മതിയായിരുന്നു. അവരുടെ സംരക്ഷണത്തിനും ഭാവി സുരക്ഷിതമാക്കാനുംവേണ്ടി ഒരു സന്ന്യാസ സമൂഹത്തെ കണ്ടെത്താനും തീരുമാനിച്ചു. അങ്ങനെ നിരന്തരമായ അന്വേഷണത്തിനൊടുവിൽ ഇത് ഏറ്റെടുക്കാൻ ഹോളിസ്പിരിറ്റ് എന്ന സന്ന്യാസിനിസമൂഹം തയ്യാറായി മുമ്പോട്ടുവന്നു. അവരെ ദൈവനാമത്തിൽ അഭിനന്ദിക്കുന്നു, അവർക്ക് നന്ദിപറയുന്നു. ഈ ശുശ്രൂഷയ്ക്കുള്ള അവരുടെ സേവനം ആവശ്യപ്പെട്ടതിനൊപ്പം അവരുടെ കോൺഗ്രിഗേഷന് ഇവിടെ പ്രവർത്തിക്കാൻ വേണ്ടി എഴുതികൊടുക്കുകകൂടെയാണ് ചെയ്തത്. ദൈവാനുഗ്രഹത്താൽ 28 വർഷം പിന്നിടുമ്പോഴും അത് നന്നായിപോകുന്നു. ഒത്തിരിയേറെ കുഞ്ഞുങ്ങളെ പുനരധിവസിപ്പിക്കാൻ സാധിച്ചു എന്നുള്ളതിന് ദൈവത്തിനും നന്ദിപറയുന്നു.

**? കെ.സി.ബി.സി, സി.ബി.സി.ഐ എന്നിവയുടെ പ്രിസൺ മിനിസ്ട്രിയുടെ ചുമതലയ്ക്കുപുറമേ ജസ്റ്റിസ്, പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷൻ ചെയർമാന്റെ ഉത്തരവാദിത്വവും ഇന്ന് ഒരേസമയം ഏതുരീതിയിൽ നിർവഹിക്കപ്പെടുന്നു?**

കെ.സി.ബി.സിയുടെ ജസ്റ്റിസ്, പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ ഏതാനും വർഷങ്ങളായി എന്റെ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. അത് എന്റെ പ്രത്യേക സിദ്ധികൊണ്ടോ കഴിവുകൊണ്ടോ എനിക്ക് നൽകപ്പെട്ടതായി ഞാൻ കരുതുന്നില്ല. മറിച്ച്, അതൊരു ദൈവനിയോഗംപോലെ കർത്താവ് ഓരോ സമയത്ത് ഓരോ കാര്യങ്ങൾ ഏൽപ്പിക്കുമ്പോൾ ദൈവത്തോട് സഹകരിച്ചു നീങ്ങുക, കർത്താവിന്റെ ഹിതം അറിഞ്ഞ് പ്രവർത്തിക്കാൻ ശ്രമിക്കുക എന്ന രീതിയിലാണ് ഞാൻ കാണുന്നത്. സി.ബി.സി.ഐ യുടെ ഈ പേരിലുള്ള കമ്മീഷനിലേയുമംഗമാണ് ഞാൻ. ചെയർമാൻ ഉഡുപ്പി ബിഷപ് ഡോ. ജറാൾഡ് ഐസക്കാണ്. പക്ഷേ, പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ ഒരു പ്രത്യേക ചുമതല എനിക്കുണ്ട്. അത് അടുത്തകാലത്ത് സി.ബി.സി.ഐ മീറ്റിംഗിൽവച്ച് നൽകപ്പെട്ടതാണ്. സ്വാഭാവികമായും കെ.സി.ബി.സി കമ്മീഷൻ ചെയർമാൻ എന്ന നിലയിലായിരുന്നതുകൊണ്ടാവണം എന്റെ പേര് നിർദേശിക്കപ്പെട്ടതെന്ന് ഞാൻ കരുതുന്നു. സി.ബി.സി.ഐ തലത്തിൽ കഴിഞ്ഞമാസം ബാംഗ്ലൂരിൽവച്ച് കമ്മീഷന്റെ ഒരു മീറ്റിംഗ് ജറാൾഡ് ഐസക് പിതാവ് വിളിച്ചുകൂട്ടിയിരുന്നു. അത് നല്ല ഇൻപുട്ട് സെഷൻ ആയിരുന്നു. എല്ലാ റീജ്യണൽ ഡയറക്ടേഴ്സിനെയും അതിൽ ഉൾപ്പെടുത്തിയിരുന്നു. കേരളത്തിൽനിന്നുള്ള ജേക്കബ് മാവുങ്കൽ അച്ചനും മറ്റു രണ്ടുപേരും അതിൽ പങ്കെടുത്തിരുന്നു. ആ മീറ്റിംഗിലൂടെ നല്ല ഒരു പ്ലാനിംഗ് സി.ബി.സി.ഐ തലത്തിൽ ജെപിഡി കമ്മീഷന് ഉണ്ടാകുന്നതിന് ഇടയായി. ജയിൽ മിനിസ്ട്രി ഇന്ന് നന്നായി നടക്കുന്നുണ്ട്. കെ.സി.

www.malankaralibrary.com

ബി.സി തലത്തിൽ കേരളത്തിലെ ലത്തീൻ, മലങ്കര, സീറോമലബാർ റീത്തുകളിലെ 32 രൂപതകളിലെയും സാമൂഹ്യശുശ്രൂഷാ വിഭാഗങ്ങളൊക്കെ ജസ്റ്റിസ്, പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷന്റെ കീഴിലാണ് വരുന്നത്. അത് നാളിതുവരെ നന്നായി പ്രവർത്തിച്ചിട്ടുണ്ട്; കോവിഡ് കാലത്തിൽ പോലും. പകർച്ചവ്യാധികളും പ്രകൃതിക്ഷോഭങ്ങളും എല്ലാം ഇതിന്റെ പരിധിയിൽവരുന്ന കാര്യങ്ങളാണ്. കാർഷിക മേഖലയിൽ കർഷകരെ സംഘടിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. മദ്യ-ലഹരി വിപത്തുകൾക്കെതിരെ ബോധവല്കരണ ക്ലാസ്സുകൾ നടത്താനും മുൻകൈ എടുക്കുന്നുണ്ട്.

### ? മുൻകാലങ്ങളിലേതുപോലെയുള്ള സ്വീകാര്യത ഇന്നും ഈ പ്രേഷിത മേഖലക്കു ലഭിക്കുന്നുണ്ടോ?

തീർച്ചയായും സ്വീകാര്യതയുണ്ട്. പക്ഷേ, എല്ലാ പ്രവർത്തനങ്ങൾക്കും ഇപ്പോൾ വലിയ നിയന്ത്രണങ്ങൾ സർക്കാർ തലത്തിലുണ്ട്. അതുപോലെ ജെ.ജെ (ജുവനൈൽ ജസ്റ്റിസ്) ആക്ടുമായി ബന്ധപ്പെട്ട് കുട്ടികളുടെ ശുശ്രൂഷയ്ക്ക് ജയിൽ മിനിസ്ട്രിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജയിൽ സൂപ്രണ്ടു നൽകുന്ന നിർദേശങ്ങൾ പാലിക്കാറുണ്ട്. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നുള്ള കടുത്ത നിയന്ത്രണങ്ങളും നിബന്ധനകളും വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. നമ്മൾ ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഫലം സർക്കാരും ജയിൽ സൂപ്രണ്ടുമാരുമൊക്കെ തിരിച്ചറിയാഞ്ഞിട്ടൊന്നുമല്ല. പലതിന്റെയും പേരിൽ വല്ലാത്ത നിബന്ധനകൾ ഏർപ്പെടുത്തുന്നതുകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. സഭയുടെ ദർശനത്തിന് ഇന്നും ഒരു മാറ്റവുമില്ല. അത് വളരെ പ്രധാനപ്പെട്ടതാണ്. മുൻകാലത്തേതുപോലെ തന്നെ പാർശ്വവല്ക്കരിക്കപ്പെട്ടവരുടെ പ്രവർത്തനങ്ങൾ, തടവറപ്രേഷിത പ്രവർത്തനങ്ങൾ ഇന്നും വളരെ പ്രസക്തമാണ്. ഇക്കാലത്ത് സഭയിൽ ഇവരൊക്കെ പുറന്തള്ളപ്പെട്ടവരാണ്. ഫ്രാൻസിസ് പാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ അതിർത്തികളിലായിരിക്കുന്നവരും പാർശ്വവല്ക്കരിക്കപ്പെട്ടവരുമാണ്. അങ്ങനെയുള്ളവർക്കുവേണ്ടിയിട്ടാണല്ലോ സഭ ഏറ്റവും പ്രധാനപ്പെട്ട ചുവടുവയ്പ്പ് നടത്തേണ്ടത്. അപ്പോൾ സഭയുടെ തന്നെ വിശ്വാസത്തിന്റെയും സാമൂഹ്യപ്രതിബദ്ധതയുടെയും ജീവകാരുണ്യത്തിന്റെയുമൊക്കെ മുഖമാണ് ഇന്ന് എന്നതിന് യാതൊരു സംശയവുമില്ല. സഭയുടെ മുഖം ശോഭിതമാകുന്ന പ്രധാനപ്പെട്ട ഒരു മേഖലയാണ് ഈ പ്രേഷിതപ്രവർത്തനം. അതുകൊണ്ട് ഇന്നും ഇതിന് സ്വീകാര്യതയുണ്ട്. അതിന്റെ പ്രസക്തി എന്നത്തേയും പോലെ തന്നെ ഇന്നുമുണ്ട്. കാരണം, സഭ പലതരത്തിലും ചോദ്യം ചെയ്യപ്പെടുകയും തെരുവിൽ അനാവശ്യമായ വിചാരണക്ക് വലിച്ചിഴക്കപ്പെടുകയും ചെയ്യുമ്പോൾ സഭയുടെ പ്രവർത്തനങ്ങളുടെ ശോഭിതമായ മുഖം കൊണ്ടുവരാനായി സാധിക്കുന്ന ഒരു വലിയ ശുശ്രൂഷാമേഖലയാണിത്. കോവിഡ്കാലത്തെ പ്രവർത്തനം മൂലം ഒത്തിരി ബുദ്ധിമുട്ടുകൾ സംഭവിച്ചിട്ടുണ്ട്. കോവിഡ് സമയത്ത് ജയിൽ സന്ദർശനങ്ങൾ സർക്കാർ അനുവദിക്കാതെയിരുന്നിട്ടുണ്ട്. സ്നേഹാശ്രമങ്ങളിൽ കൂടുതൽ ആളുകൾ എത്തേണ്ടതായിട്ടുണ്ട്. വർഗീസ് കരിപ്പേരി അച്ചൻ വളരെ സജീവമായി ഈ രംഗത്ത് പ്രവർത്തിച്ച വ്യക്തിയാണ്. അഖിലേന്ത്യാ തലത്തിലുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കൊടിയനച്ചനും സാധിച്ചിട്ടുണ്ട്.

**സഭ പലതരത്തിലും ചോദ്യം ചെയ്യപ്പെടുകയും തെരുവിൽ അനാവശ്യമായ വിചാരണക്ക് വലിച്ചിഴക്കപ്പെടുകയും ചെയ്യുമ്പോൾ സഭയുടെ പ്രവർത്തനങ്ങളുടെ ശോഭിതമായ മുഖം കൊണ്ടുവരാനായി സാധിക്കുന്ന ഒരു വലിയ ശുശ്രൂഷാമേഖലയാണിത്.**

### ? തടവറ പ്രേഷിതത്വം പ്രത്യേകിച്ച് ഇടവക തലത്തിൽ കൂടുതൽ ജനകീയമാക്കാൻ ഏതെങ്കിലും രീതിയിലുള്ള കർമപദ്ധതികൾ നിർദേശിക്കാനുണ്ടോ?

സെമിനാരി തലത്തിലാണ് ഈ ശുശ്രൂഷയ്ക്ക് ആരംഭം കുറിച്ചത്. അതുകൊണ്ട് സെമിനാരിതലത്തിൽതന്നെ ഇതിനുള്ള പരിശീലനം നൽകുകയും അത് സജീവമാക്കുകയും ചെയ്താൽ ഈ വൈദികവിദ്യാർഥികൾ അച്ചന്മാരാകുമ്പോഴും അവരുടെ എല്ലാ പ്രവർത്തനമേഖലകളിലും തീക്ഷ്ണമായ പ്രവർത്തനത്തിന്റെ ശൈലി അവരെ സ്വാധീനിക്കും.

www.malankaralibrary.com

അവരുടെ അജപാലന പ്രവർത്തനങ്ങൾക്കും സാമൂഹ്യപ്രവർത്തനങ്ങൾക്കും ഊർജം പകരുന്നതാവും ഇതെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ട് സെമിനാരിതലത്തിൽത്തന്നെ ഈ ശുശ്രൂഷ കൂടുതൽ സജീവമാക്കണം. സ്വാഭാവികമായും അച്ചന്മാർ ഇടവകകളിൽ പ്രവർത്തിക്കുമ്പോൾ ഇടവകജനങ്ങളുടെ സഹകരണത്തോടെ അച്ചന്മാരുടെ നേതൃത്വത്തിൽ സജീവമായി കൂടുതൽ യൂണിറ്റുകൾ രൂപീകരിക്കാനും ജയിൽ പ്രേഷിത മേഖലയിൽ പ്രവർത്തിക്കാനും സാധിക്കും. ഇവർക്കുവേണ്ടി പ്രാർഥിച്ചും ത്യാഗവും ഉപവാസവും അനുഷ്ഠിച്ചും സാധിക്കുന്നതുപോലെ അതാത് യൂണിറ്റുകളോട് ചേർന്നുകൊണ്ട് പ്രത്യേകസമയങ്ങളിൽ സന്ദർശനം നടത്തിയും അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തിയും ഈ ശുശ്രൂഷയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകികൊണ്ടുമൊക്കെ ഇടവകതലത്തിൽ സജീവമാക്കാൻ പറ്റും. അതിന് സിസ്റ്റേഴ്സിന്റെ സംഭാവനകൾ, സഹകരണം വളരെ പ്രധാനപ്പെട്ടതാണ്.

## ? തടവറ മക്കളുടെ പുനരധിവാസ ഭവനങ്ങളുടെ പ്രവർത്തനം ഇന്ന് എങ്ങനെ സജീവമാകുന്നു?

കോവിഡുകാലത്ത് മന്ദീഭവിച്ചത് സജീവമായി വരുന്നു. ജയിൽ സന്ദർശനങ്ങളിലൂടെയാണ് നമുക്ക് തടവറയിൽ കഴിയുന്ന ആളുകൾക്ക് പുറത്തിറങ്ങിയാൽ ഒരു അഭയകേന്ദ്രം, പരിശീലന കേന്ദ്രം, അവരെ റീഹാബിലിറ്റേറ്റ് ചെയ്യാനൊക്കെയുള്ള സാധ്യതയുണ്ട് എന്നുള്ള തോന്നൽ ഉണ്ടാക്കിക്കൊടുക്കാൻ പറ്റുന്നത്. അതുകൊണ്ട് തടവറ സന്ദർശനങ്ങൾ സജീവമാക്കുന്നതിലൂടെ പുനരധിവാസ ഭവനങ്ങളുടെ പ്രവർത്തനവും സജീവമായിട്ടുവരുന്നുണ്ട്. പണ്ടൊക്കെ ഉണ്ടായിരുന്ന ഒരു സ്വീകാര്യതയും സഹകരണവും തടവറയിൽ ദൗത്യം നിർവഹിക്കുന്ന ഓഫീസേഴ്സിന്റെ ഭാഗത്തുനിന്ന് ഇന്നില്ല. മാറുന്ന കാലത്തിന്റെ പ്രത്യേകതകളൊക്കെ നമ്മുടെ മുന്നിൽ വെല്ലുവിളികളായിട്ടുണ്ട്. വർഗീയതയും വിഭാഗീയതകളും പലതരത്തിലുള്ള തെറ്റിധാരണകളുമുണ്ട്. ഇതൊക്കെ ഉൾക്കൊണ്ടുതന്നെ ഇതൊരു സഭയുടെ പ്രവർത്തനമായി മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കുന്നുണ്ട്. ഏതാനും വിഭാഗങ്ങളുടെ പേരു പറഞ്ഞുകൊണ്ട് ഈശോ പറയുന്നുണ്ടല്ലോ, 'ഞാൻ തടവറയിലായിരുന്നു നിങ്ങളെന്നെ സന്ദർശിച്ചു'(മത്താ 25) എന്ന്. തടവറ എന്നുപറയുന്നത് കർത്താവ് പറഞ്ഞുവയ്ക്കുന്ന വിഭാഗത്തിൽപെടുന്നുവെന്നാണ്. അതുകൂടാതെ കർത്താവ് തന്റെ ദൗത്യം ആരംഭിക്കുമ്പോൾ തന്റെ ദൗത്യത്തെക്കുറിച്ച് പ്രഖ്യാപിക്കുന്നുണ്ട്: "ദരിദ്രരോട് സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18). അതുകൊണ്ട് ബന്ധിതർ, അടിച്ചമർത്തപ്പെട്ടവർ തുടങ്ങിവരെല്ലാം സഭയുടെ പ്രവർത്തനത്തിന്റെ മേഖലകളാണെന്ന് ഈശോതന്നെ തന്റെ ദൗത്യനിർവഹണത്തിലൂടെ, ഔദ്യോഗിക പ്രഖ്യാപനത്തിലൂടെ നമുക്ക് വ്യക്തമാക്കിത്തന്നിട്ടുണ്ട്. അതുകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതാണ് എന്നതിൽ സംശയമില്ല.

## ? തടവറ പ്രേഷിത മേഖലയിൽ സഭയ്ക്കുള്ളിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്നുണ്ടോ? സഭയുടെ നിലപാടെന്ത്?

സഭയ്ക്കുള്ളിൽനിന്ന് പ്രത്യേക വെല്ലുവിളികൾ ഈ കാര്യത്തിൽ ഉണ്ടാകും എന്നുപറയാൻ പറ്റില്ല. സഭയ്ക്കുള്ളിലെ ചില പ്രത്യേക പ്രശ്നങ്ങൾ നിലവിലുള്ളത് സ്വാഭാവികമായും മറ്റെല്ലാ കാര്യങ്ങളെയും സ്വാധീനിക്കുന്നതുപോലെ കുറച്ചൊക്കെ ഇക്കാര്യത്തിലും സ്വാധീനിച്ചിട്ടുണ്ട്. മറ്റു പലതിനെക്കാളുപരി ഈ പ്രവർത്തനത്തെക്കുറിച്ച് സഭയ്ക്ക് വ്യത്യസ്തമായ ഒരു നിലപാടില്ല. എല്ലാവരും ഒരേ സ്വരത്തിൽ അംഗീകരിച്ച് പ്രാദേശിക റീത്ത് വ്യത്യാസങ്ങൾ ഒന്നും കൂടാതെ പോകുന്നുണ്ട്.

## ? കുട്ടികളിലും സ്കൂൾ, കോളജ് വിദ്യാർഥികൾക്കിടയിലും വ്യാപകമായി കണ്ടുവരുന്ന ക്രിമിനൽ വാസനകളെ നിർവീര്യമാക്കാനും അവർക്കുവേണ്ട ബോധവല്കരണം നൽകാനും ഉതകുന്ന പദ്ധതികൾ എന്തൊക്കെയാണ്?

വലിയൊരു പ്രതിസന്ധിയാണ് കുട്ടികളുടെ ഇടയിൽ വർധിച്ചുവരുന്ന മദ്യ-മയക്കുമരുന്നുകളുടെ ഉപയോഗം. മയക്കുമരുന്ന് വിപണനത്തിന്റെ പുറകിൽ ഹിഡൺ അജണ്ടകൾ ഉണ്ടെന്ന കാര്യം നമുക്കറിയാം. അതിനു പിന്നിൽ പ്രവർത്തിക്കുന്ന വലിയ ലോബികളും സംഘങ്ങളുമുണ്ട്. ഇതെല്ലാം നമുക്ക

www.malankaralibrary.com

റിവുള്ളതാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ സജീവമായി പ്രവർത്തിക്കേണ്ട ഒരു തലമുണ്ട്. ലഹരി മാഫിയകൾക്കിടയിലുള്ള കുട്ടികളിൽനിന്നാണ് ക്രിമിനൽ ടെന്റൻസി വളർന്നുവന്ന് ജയിലിൽ എത്തുന്നത്. അതുകൊണ്ട് കുഞ്ഞുങ്ങളെ ശരിയായ രീതിയിൽ ബോധവല്കരിക്കേണ്ടത് ആവശ്യമാണ്. അങ്ങനെയുള്ള ബോധവല്കരണപരിപാടി ജെപിഡി കമ്മീഷൻ നടത്തിവരുന്നുണ്ട്. സർക്കാരുമായി ചേർന്ന് പല കാമ്പയിനുകളും നടത്തുന്നുണ്ട്. രൂപതാതലങ്ങളിൽ സാമൂഹ്യശുശ്രൂഷാ യൂണിറ്റുകളുടെയൊക്കെ നേതൃത്വത്തിൽ വളരെ വ്യക്തമായ ബോധവല്കരണ പരിപാടികളും പ്രചരണങ്ങളും നടത്തുന്നതോടൊപ്പം സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്നുണ്ട്. പക്ഷേ, അതൊക്കെ വേണ്ടത്ര രീതിയിൽ നടക്കുന്നുണ്ടെന്ന് ഞാൻ കരുതുന്നില്ല. കുട്ടികൾക്ക് മാത്രമല്ല പേരന്റ്സിനും നല്ല അവബോധം നൽകണം. അതുകൊണ്ട് പേരന്റ്സിനെക്കൂടി ഇക്കാര്യത്തിൽ ശരിയായ ബോധവല്കരണത്തിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. 'എന്റെ കുട്ടി കുഴപ്പമില്ലാത്ത ആളാണ്. അവനൊരിക്കലും ഈ പ്രശ്നങ്ങളിലൊന്നും പോവില്ല' എന്ന് അനാവശ്യമായി തെറ്റിധരിക്കുന്ന പേരന്റ്സ് ഇന്ന് ധാരാളം ഉണ്ട്. കുട്ടികൾക്ക് കൊടുക്കുന്ന അമിത സ്വാതന്ത്ര്യവും അവരെക്കുറിച്ചുള്ള അമിത ആത്മവിശ്വാസവും അപകടകരമാണ് എന്നതും ഇവിടെ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ പേരന്റ്സിന്റെ വലിയ സഹകരണം വളരെ അത്യാവശ്യമാണ്.

തൊഴിൽ ഇല്ലായ്മ വലിയൊരു പ്രതിസന്ധിയാണ്. തൊഴിലില്ലായ്മ ക്രിമിനലുകളെ സൃഷ്ടിക്കുന്നുണ്ട്. വിദ്യാഭ്യാസം പൂർത്തിയാക്കാതെ 12-ാം ക്ലാസ്സിന് മുമ്പുതന്നെ വിദേശത്തേക്ക് പറക്കാൻ ശ്രമിക്കുന്നു. സർക്കാർ തന്നെ മുൻകൈ എടുത്ത് തൊഴിൽ സാധ്യതകൾ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. ഇവിടെതന്നെ പഠിച്ച് ജോലി സമ്പാദിക്കുകയാണ് വേണ്ടത്. അത് കിട്ടിയില്ലെങ്കിൽ മാത്രം വിദേശത്തേക്ക് പോയി പഠിക്കുന്നതാണ് നല്ലത്. ഇത്ര ചെറുപ്പത്തിലേ വിദേശത്തേക്ക് പോകുന്ന കുട്ടികൾ അവിടെചെന്ന് ലഹരിക്കും മറ്റും അടിമകളാകുന്നവർ വളരെപ്പേരുണ്ട്.

സഭ പലതരത്തിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നമ്മുടെ വളർന്നുവരുന്ന തലമുറ, കുട്ടികളും ടീനേജേഴ്സും സഭയുടെ സവിശേഷമായ ശ്രദ്ധയ്ക്ക് പാത്രീഭൂതരാകേണ്ടവരാണ്. അവരെ വേണ്ടവിധം കെയർ ചെയ്യുന്നില്ലെങ്കിൽ വലിയ അപകടമുണ്ടാകും. സഭയുടെ തന്നെ ശക്തി ചോർന്നുപോകും. കുട്ടികളെ ഗൈഡ് ചെയ്യാനോ ഡിസിപ്ലിൻ ചെയ്യാനോ മാതാപിതാക്കൾ ശ്രദ്ധിക്കുന്നില്ല. പേരന്റിംഗ് നൽകുന്നതിൽ അവർ പരാജയപ്പെടുന്നു. ശരിയായ ബോധവല്കരണം നൽകാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ സഭയുടെ ജീവകാരുണ്യ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു ശുശ്രൂഷാമേഖലയാണ്. ഇത് വലിയൊരു പ്രേഷിത മേഖലയാണ്. ഈ മേഖലയിൽ ഒരു കുറവും ഉണ്ടാകാൻപാടില്ല. എല്ലാ സാമൂഹ്യപ്രവർത്തനങ്ങളും സുവിശേഷവല്കരണത്തിലേക്ക് എത്തേണ്ടതാണ്. എന്നുവച്ചാൽ നേരിട്ട് നാം സുവിശേഷം പ്രസംഗിക്കുന്നില്ലായിരിക്കും. സാമൂഹ്യപ്രവർത്തനങ്ങളിലൂടെ, ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ, നമ്മുടെ സാക്ഷ്യജീവിതത്തിലൂടെ ഈശോയെക്കുറിച്ച് പ്രസംഗിക്കപ്പെടുന്നുണ്ട് എന്നുള്ളത് ഉറപ്പുവരുത്തേണ്ടതാണ്. കർത്താവിന്റെ കരുണയുടെ മുഖമായാണ് നമ്മൾ ഈ കാര്യത്തിലൊക്കെ പ്രവർത്തിക്കുന്നതും പ്രവർത്തിക്കേണ്ടതും. കർത്താവിന്റെ കാരുണ്യമുഖം അല്പംപോലും മങ്ങിപ്പോകാൻ ഇടംകൊടുക്കാൻ പാടില്ല. അത് തേജസോടുകൂടിത്തന്നെ ജ്വലിക്കേണ്ടത് ആവശ്യമാണ്. ഈ മേഖലയിൽ വലിയ ശ്രദ്ധയുടെ ആവശ്യമുണ്ട്. വെറും സാമൂഹ്യപ്രവർത്തനം നടത്താനായി ദൈവവിശ്വാസം ആവശ്യമില്ല. പക്ഷേ, സഭയുടെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും ആതുരശുശ്രൂഷാ പ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളുമെല്ലാം ആത്യന്തികമായി കർത്താവിന്റെ സുവിശേഷദൗത്യം നമ്മൾ നിർവഹിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ്. അവഗണിക്കപ്പെട്ടവരിൽ ഈശോയുടെ മുഖം കണ്ടുകൊണ്ട് നമ്മൾ ഈ പ്രവർത്തനങ്ങളിലേക്ക് ഇറങ്ങണം. അതുകൊണ്ടുതന്നെ നമ്മുടെ ലക്ഷ്യം സുവിശേഷവല്കരണമാണ്. അത് നമ്മുടെ മുമ്പിലുണ്ടാകണം. കർത്താവിലേക്ക് തിരിഞ്ഞുകൊണ്ടാകണം. കർത്താവിൽ നിന്ന് കിട്ടുന്ന ചൈതന്യം ഉൾക്കൊണ്ടാവണം നമ്മൾ പ്രവർത്തനങ്ങൾ നടത്തേണ്ടത്. അപ്പോൾ അത് തീക്ഷ്ണവും ആത്മാർഥവുമായിരിക്കും. അപരനിൽ കർത്താവിനെ കണ്ടുകൊണ്ട് നമുക്ക് നമ്മളെത്തന്നെ സമർപ്പിക്കാൻ സാധിക്കണം. പ്രേഷിതമുന്നേറ്റം, ശക്തമായ ശുശ്രൂഷാപരമായ പ്രവർത്തനങ്ങൾ സഭയിൽ ഉണ്ടാകട്ടെ. കാരുണികന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു. ■

www.malankaralibrary.com

# തടവറ മക്കൾ ദൈവമക്കൾ – വിളിക്കുള്ളിലെ വിളി

തെറ്റുകാരെയും കുറ്റക്കാരെയും തേടിപ്പോകുന്ന ക്രിസ്തു കാരുണ്യം ഇന്നും പ്രഘോഷിക്കുന്ന ഒരു പ്രേഷിത ശുശ്രൂഷയാണ് തടവറ പ്രേഷിതത്വം. അതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ഇന്നും ഈ രംഗത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന ലേഖകൻ ഈ ശുശ്രൂഷയെക്കുറിച്ച് പ്രതിപാദിക്കുന്നതോടൊപ്പം ഇതിന്റെ തുടക്കവും തുടങ്ങാനുള്ള പ്രേരണയും അതിന്റെ നാൾവഴികളും പങ്കുവയ്ക്കുകയാണ്.



റവ. ഡോ. ഫ്രാൻസിസ് കൊടിയൻ MCBS
*നാഷണൽ കോ ഓർഡിനേറ്റർ, പ്രിസൺ മിനിസ്ട്രി ഇന്ത്യ*

കോട്ടയം വടവാതൂർ സെമിനാരിയിൽ തത്വശാസ്ത്രം പഠിക്കുന്ന കാലം. സെമിനാരി അവധിക്കാലത്ത് ഒരാഴ്ച ഏകാന്തപ്രാർഥനയ്ക്കു പോകുക ഞങ്ങളുടെ ശീലമായിരുന്നു. 1983 മധ്യവേനൽ അവധിക്കാലത്ത് പ്രാർഥനയ്ക്കായി തിരഞ്ഞെടുത്തത് മാനന്തവാടിക്കടുത്തുള്ള നിരവിൽപുഴയിലെ ഏലിയ ആശ്രമമായിരുന്നു. ദീപിക എസ്റ്റേറ്റ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ ആശ്രമം ഏലമല, കാപ്പിമല, തെങ്ങുമല എന്നീ കൃഷിതോട്ടങ്ങളാൽ അലംകൃതമായിരുന്നു. അവിടെയുള്ള കൊച്ചു ചാപ്പലിൽ ദിവ്യകാരുണ്യനാഥനൊത്ത് വിശുദ്ധ ഗ്രന്ഥത്തിന്റെ സഹായത്താൽ പ്രാർഥിക്കുകയായിരുന്നു ലക്ഷ്യം. മാർച്ച് 11-ന് വൈകുന്നേരം പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ ഉള്ളിലേക്ക് അതിശക്തമായ ഒരു വെല്ലുവിളി കടന്നുവന്നു. ജീവിതത്തെ മുഴുവൻ പിടിച്ചുകുലുക്കുന്ന ഒരു ചോദ്യമായിരുന്നത്. 'നിനക്ക് എന്തുകൊണ്ട് നിന്റെ ജീവിതം പാപികളുടെ മാനസാന്തരത്തിനായി, നഷ്ടപ്പെട്ടുപോയ മക്കളുടെ വീണ്ടെടുപ്പിനായി മാറ്റിവച്ചുകൂടാ?' അന്ന് വിശുദ്ധഗ്രന്ഥം തുറന്ന് വായിച്ചപ്പോഴെല്ലാം ഈ ചിന്തയെ അരക്കിട്ടുറപ്പിക്കുന്ന തിരുവചനങ്ങളാണ് ലഭിച്ചത്. ആരാണ് പാപികൾ? എങ്ങനെ അവരെ രക്ഷിക്കാനാകും എന്നതായിരുന്നു തുടർന്നുള്ള എന്റെ ജീവിതത്തിന്റെ മുഖ്യ ചിന്താവിഷയം.

## കോട്ടയം ജയിൽ!

'യേശു സാഹോദര്യകൂട്ടായ്മ'യുടെ ഭാഗമായി എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്ക് കോട്ടയം പരിസരത്തുള്ള വേദനിക്കുന്ന മക്കളെ സന്ദർശിക്കുക ഞങ്ങളുടെ പതിവായിരുന്നു. ഒരിക്കൽ മദർ തെരേസ സിസ്റ്റേഴ്സ് നടത്തുന്ന അഭയഭവൻ സന്ദർശിച്ച് തിരിച്ച് സെമിനാരിയിലേക്ക് പോകാനായി ബസ് സ്റ്റാന്റിലേക്ക് നടക്കുമ്പോഴാണ് ദൈവകൃപയാൽ ഒരു ബോർഡ് ശ്രദ്ധയിൽപെട്ടത്. 'കോട്ടയം സബ്ജയിൽ.' ഉടനെ അവിടം സന്ദർശിക്കാൻ ആഗ്രഹിച്ചെങ്കിലും അനുവാദം ലഭിച്ചില്ല. തുടർന്ന് Prison Fellowship India എന്ന സംഘടനയുടെ സഹായത്തോടെ ആദ്യമായി കോട്ടയം ജയിൽ സന്ദർശിച്ച് തടവറ മക്കളെ കാണുകയും അവരുടെ വിവരങ്ങൾ മനസ്സിലാക്കുകയും ചെയ്തത് ജീവിതത്തിന്റെ വഴിത്തിരിവായി മാറി. അന്നുമുതൽ എന്റെ ജീവിതം കാരാഗൃഹമക്കൾക്കായി മാറ്റിവയ്ക്കാൻ തീരുമാനിച്ചു.

## അഖിലകേരള കാരാഗൃഹ തീർഥാടനം

1986 മധ്യവേനൽ അവധിക്കാലത്ത് കേരളത്തിലെ എല്ലാ കാരാഗൃഹങ്ങളും സന്ദർശിച്ച് അവരെ ആശ്വസിപ്പിക്കാനും സന്തോഷിപ്പിക്കാനുമായി വിവിധ കലാപരിപാടികളോടുകൂടി ഞങ്ങൾ ഇറങ്ങി പുറപ്പെട്ടു. എല്ലാ രീതിയിലും ഞങ്ങൾ ഒരുങ്ങി. പ്രാർഥന, ഉപ

www.malankaralibrary.com

വാസം, ബുക്ക് കളക്ഷൻ അങ്ങനെ പല രീതിയിലും ഈ തീർഥാടനത്തിനായി ഞങ്ങൾ ഒരുങ്ങി. പക്ഷേ, യാത്രയ്ക്കും ഭക്ഷണത്തിനുമുള്ള പണം മാത്രം കൈയിലില്ലായിരുന്നു. അങ്ങനെയിരിക്കേ ഗൾഫ് രാജ്യങ്ങളായ ഒമാൻ, കുവൈറ്റ്, ദുബായ് എന്നിവിടങ്ങളിൽനിന്നും ദിവസവും ഞങ്ങൾക്ക് മണിയോർഡറുകൾ വരാൻ തുടങ്ങി. 'തടവറ പ്രേഷിതശുശ്രൂഷയ്ക്കുവേണ്ടി' എന്നുള്ള ശീർഷകത്തോടുകൂടിയാണ് ഈ മണിയോർഡറുകൾ വന്നുകൊണ്ടിരുന്നത്. ഈ ദൈവപരിപാലന ഞങ്ങളെ ഏറെ സ്വാധീനിച്ചു. ഈ ശുശ്രൂഷ ദൈവികപദ്ധതിയുടെ ഭാഗമാണെന്നും ദൈവിക പരിപാലന ഈ ശുശ്രൂഷയോടൊപ്പം എപ്പോഴും ഉണ്ടാകുമെന്നും അതിലൂടെ ഞങ്ങൾ ഗ്രഹിച്ചു. നാല് പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും അത് സത്യമാണെന്ന് ഇപ്പോൾ പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ നാഷണൽ കോ-ഓർഡിനേറ്റർ എന്ന നിലയിൽ എനിക്ക് സാക്ഷ്യപ്പെടുത്താനാകും.

## പുനരധിവാസകേന്ദ്രങ്ങൾ

1986-88 വർഷങ്ങളിൽ അഖിലകേരള തടവറ തീർഥാടനത്തിൽ ഞങ്ങൾ സജീവമായി പങ്കെടുത്തു. ഇന്നും ഈ തീർഥാടനം വൈദികവിദ്യാർഥികൾ വിജയകരമായി നടത്തിവരുന്നുണ്ട്. ഈ തീർഥാടനവേളയിൽ തടവറമക്കളുടെ നിർദേശങ്ങളിൽ പ്രധാനപ്പെട്ടത് അവർക്കായി പുനരധിവാസകേന്ദ്രങ്ങൾ ആരംഭിക്കുക എന്നതായിരുന്നു. അങ്ങനെ 1991-ൽ തൃശൂരിൽ പുരുഷന്മാർക്കും 1992-ൽ തിരുവനന്തപുരത്ത് സ്ത്രീകൾക്കുമായി പുനരധിവാസകേന്ദ്രങ്ങൾ ആരംഭിക്കാൻ സാധിച്ചത് ദൈവികപദ്ധതി നിർവഹണത്തിലെ വലിയ നാഴികക്കല്ലുകളായിരുന്നു. ഈ പുനരധിവാസകേന്ദ്രങ്ങളെ മാതൃകയാക്കി ഒട്ടനവധി സമർപ്പിത സമൂഹങ്ങൾ സമാനമായ പുനരധിവാസകേന്ദ്രങ്ങൾ കേരളത്തിലും കേരളത്തിനു പുറത്തും ആരംഭിക്കുകയുണ്ടായി.

## തടവറമക്കളുടെ ഭവനങ്ങൾ

1994-ൽ ഇപ്പോഴത്തെ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ ജോസ് പുളിക്കൽ പിതാവ് തടവറ മക്കൾക്കായി തന്റെ വീടും പറമ്പും ദാനം ചെയ്യുകയും ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ് അവരുടെ ശുശ്രൂഷയ്ക്കായി എത്തുകയും ചെയ്തു. തുടർന്ന് Kolbe Home എന്ന പേരിൽ തടവറമക്കളുടെ സമഗ്രപുരോഗതിക്കായി പ്രിസൺ മിനിസ്ട്രി ഇന്ത്യ നിരവധി സ്ഥാപനങ്ങൾ ആരംഭിക്കുകയുണ്ടായി. അവയെല്ലാം ഇപ്പോഴും സുഗമമായി പ്രവർത്തിക്കുന്നുണ്ട്.

## തടവറ പ്രേഷിത പ്രത്യേക സേന (PMI Special Task Forces)

2019 ഡിസംബറിൽ ക്രിസ്മസ് ആഘോഷത്തിനായി തീഹാർ ജയിലിന്റെ 4-ാം നമ്പർ ഗെയിറ്റിൽ മറ്റ് സന്നദ്ധ സേനാനികളുടെ വരവിനായി ഞാൻ കാത്തുനിൽക്കുകയായിരുന്നു. അപ്പോൾ നീലനിറത്തിലുള്ള ഒരു വലിയ പൊലീസ് ബസ് അവിടെവന്നുനിന്നു. അതിൽനിന്ന് കഴുത്തിലും അരയിലും കാലിലും കൈയിലുമെല്ലാം ചങ്ങലകൊണ്ട് ബന്ധിച്ച ഭീകരത തോന്നിക്കുന്ന മുഖങ്ങളുള്ള കുറേ തടവറമക്കൾ ഇറങ്ങിവന്നു. AK 47 തോക്കുധാരികളായ കുറേ പൊലീസുകാരും. കണ്ടാൽ പേടിതോന്നും. അവർ ആരെന്ന് അന്വേഷിച്ചപ്പോൾ അറിഞ്ഞത് ഭീകരവാദികളായ തടവറമക്കൾ എന്നാണ്. അപ്പോൾ എന്റെ മനസ്സിലൂടെ കുറ്റബോധമാണ് കടന്നുപോയത്. ഇവരുടെ മാനസാന്തരത്തിനുവേണ്ടി ഇതുവരെ പ്രാർഥിക്കാൻ സാധിച്ചിട്ടില്ലല്ലോ എന്നോർത്ത്. കാരാഗൃഹ സന്ദർശന സമയത്ത് ഇങ്ങനെയുള്ളവരെ കാണാൻ സാധിക്കുകയില്ല. കാരണം, ഇവർ വലിയ സുരക്ഷിത മേഖലയിൽ ആയിരിക്കും. ഇങ്ങനെയുള്ളവർക്കായി പ്രിസൺ മിനിസ്ട്രി ഇന്ത്യ പ്രത്യേക ടാസ്ക് ഫോഴ്സസ് ആരംഭിക്കുകയുണ്ടായി. ഭീകരവാദികളായ തടവറമക്കളുടെ മാനസാന്തരത്തിനായി ഇങ്ങനെ രൂപീകരിച്ചതാണ് ഭീകരരക്ഷാസേന (Terrorist savings squad). വാടകകൊലയാളികൾ, തുടർ കൊലയാളികൾ (Hired Killers, Serial Killers) എന്നിങ്ങനെയുള്ളവർക്കെല്ലാം വേണ്ടി

..... ശേഷം പേജ് 33-ൽ



www.malankaralibrary.com


**പൊട്ടിയ പള്ളിമണികൾക്ക് പകരം**
**CHANT ഇലക്ട്രോണിക് ബെൽ**

Madonna ELECTRONICS
Since 1987
ISO 9001-2008 COMPANY




കാലപഴക്കംകൊണ്ട് പൊട്ടലും ശബ്ദവ്യത്യാസങ്ങളും ഉണ്ടായിട്ടുള്ള
ദൈവാലയ മണികൾക്ക് പകരം ശബ്ദസൗകുമാര്യം നൽകിക്കൊണ്ടുള്ള
ഇലക്ട്രോണിക് ബെൽ സംവിധാനം **CHANT** വാഗ്ദാനം ചെയ്യുന്നു.
ഇപ്പോൾ ഇന്ത്യയിലെ 20 സംസ്ഥാനങ്ങളിലും കേരളത്തിലെ 14 ജില്ലകളിലും
പൾസേറ്ററിന്റെ സാന്നിധ്യം ഉറപ്പാക്കിയിരിക്കുന്നു.


**PULSATOR:** നിലവിലുള്ള പള്ളിമണികൾ ഓട്ടോമാറ്റിക്കായും
മാനുവലായും റിമോട്ട് ഉപയോഗിച്ചും അടിപ്പിക്കുന്ന സംവിധാനം.
**CHANT:** പള്ളികളിലെ നിലവിലുള്ള ആംപ്ലിഫയറിലൂടെ പള്ളിമണി ശബ്ദങ്ങൾ, പ്രാർത്ഥനകൾ, ഗാനങ്ങൾ എന്നിവ
ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും പ്രവർത്തിക്കുന്ന സംവിധാനം.
**ALTAR CURTAIN AUTOMATION :** നിലവിലുള്ള അൾത്താര കർട്ടൻ (തിരുശ്ശീല)
മാനുവലായും റിമോട്ടുപയോഗിച്ചും മാറ്റുന്ന ഓട്ടോമാറ്റിക് സംവിധാനം.
**MADONNA CHURCH BELLS :** യൂറോപ്യൻ ഗുണനിലവാരവും ആകൃതിയുമുള്ള പള്ളിമണികൾ നിർമ്മിച്ചുനൽകുന്നു.
**SCHOOL BELL AUTOMATION:** നിലവിലുള്ള സ്കൂൾ ബെല്ലുകൾ ഓട്ടോമാറ്റിക്കായി അടിപ്പിക്കുന്ന സംവിധാനം.
**THURICOAL :** കരിയും തീയും നിലനിർത്തിക്കൊണ്ട് ധൂപാർച്ചനയിൽ ഓട്ടോമേഷൻ.
**HOLY WATER TOUCHLESS:** കരസ്പർശമില്ലാതെ ഹോളിവാട്ടർ ഓട്ടോമാറ്റിക്കായി കിട്ടുന്ന സംവിധാനം.

**Call: Felix Madonna - 98953 99881, 98952 98951**
Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent
The Church Bell Ringer
*ISO 9001-2008 Certified Company*

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

www.malankaralibrary.com


# കരുണയുള്ളവരെ
# കാരുണ്യവാനായ ദൈവം വിളിക്കുന്നു

കരുണയുള്ളവർ ഭാഗ്യവാന്മാർ;
അവർക്കു കരുണ ലഭിക്കും (മത്താ 5:7).
എനിക്ക് വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു.
എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു.
ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു.
ഞാൻ രോഗിയായിരുന്നു;
നിങ്ങൾ എന്നെ സന്ദർശിച്ചു (മത്താ 25:35).
രോഗിയെ ക്രിസ്തുവായും രോഗി കിടക്കയെ
ബലിപീഠമായും കണ്ട് ശുശ്രൂഷിച്ച ദൈവത്തിന്റെ
വിശുദ്ധ യോഹന്നാന്റെ മാതൃക പിൻതുടർന്ന്
52 ഓളം രാജ്യങ്ങളിൽ കരുണയ്ക്കായി
കേഴുന്ന മക്കൾക്ക് ദൈവത്തിന്റെ
വിശുദ്ധ യോഹന്നാന്റെ അനുകമ്പാർദ്ര
സ്നേഹം പകർന്നു നൽകാൻ
കുഞ്ഞനുജന്മാരെ സ്നേഹത്തോടെ
സ്വാഗതം ചെയ്യുന്നു.



ദൈവദാസൻ
ബ്രദർ ഫോർത്തൂനാത്തൂസ്

Vocation Promoter
**BROTHERS OF ST. JOHN OF GOD**
Kattappana South P.O, Idukki, Kerala 685 515
Mobile: 9567294000, 9486706088,
Email: ohpalliparampil@yahoo.co.in, ohpalliparampil@gmail.com

www.malankaralibrary.com



www.malankaralibrary.com



www.malankaralibrary.com

*പേജ് 28-ൽ നിന്ന് തുടർച്ച .....*

ഓരോരോ പ്രാർഥനാ ഗ്രൂപ്പുകൾ പ്രത്യേകമായി ആരംഭിച്ചു. ഈ ഗ്രൂപ്പിലെ അംഗങ്ങൾ ഇവർക്കായി പ്രാർഥിക്കുന്നു. പരിത്യാഗങ്ങൾ അനുഷ്ഠിക്കുന്നു. സാധിക്കുമെങ്കിൽ സന്ദർശിക്കുന്നു. അവർക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്തുകൊടുക്കുന്നു. മരണത്തിന് വിധിക്കപ്പെട്ടുകിടക്കുന്ന സഹോദരങ്ങൾക്കായും ഒരു ഗ്രൂപ്പ്, പ്രത്യേക ടാസ്ക് ഫോഴ്സ് (Special Task Force) ആരംഭിക്കുകയുണ്ടായി അതിന്റെ പേര് Death Row Commandos എന്നാണ്. ഈ ഗ്രൂപ്പിലുള്ളവർ അവർക്കുവേണ്ടി പ്രാർഥിക്കുന്നു. അവർക്കായി കാരുണ്യ കത്തുകൾ എഴുതുന്നു, പറ്റുമെങ്കിൽ സന്ദർശിക്കുന്നു.

## സമഗ്രവിമോചന വികസനപദ്ധതികൾ

ഫ്രാൻസിസ് പാപ്പ ആവശ്യപ്പെടുന്നത് തടവറ സന്ദർശനത്തിൽ മാത്രം ഈ ശുശ്രൂഷ ഒതുക്കിനിർത്തരുത് എന്നാണ്. തടവറ മക്കളുടെ സമഗ്രവിമോചനത്തിനും പുനരധിവാസത്തിനും കുടുംബത്തിലേക്കും സമൂഹത്തിലേക്കുമുള്ള അവരുടെ ഉൾച്ചേരലിനും Reintegration നമ്മൾ ശ്രദ്ധ ചെലുത്തണമെന്നാണ്. അതിന്റെ പശ്ചാത്തലത്തിൽ തടവറമക്കളുടെ സമഗ്രവികസനത്തിനായി നിരവധി പദ്ധതികൾ പ്രിസൺ മിനിസ്ട്രി ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്നു. ഉദാഹരണത്തിന് ശിക്ഷ കഴിഞ്ഞുവരുന്നവർക്കായി ജോലി, അവർക്ക് ചെറുകിടവ്യവസായം ആരംഭിക്കുന്നതിനുള്ള സഹായസഹകരണങ്ങൾ, ഭവനരഹിതർക്ക് ഭവനനിർമാണത്തിനുള്ള സഹായം, അവരുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് നൽകൽ, കാരാഗൃഹത്തിൽനിന്നുള്ള വിമോചനത്തിന് ആവശ്യമായ നിയമസഹായം, ശിക്ഷയോടനുബന്ധിച്ചുള്ള സാമ്പത്തിക ബാധ്യത തീർക്കാനുള്ള സഹായങ്ങൾ എന്നിവയൊക്കെ പ്രിസൺ മിനിസ്ട്രി ഇന്ത്യ ചെയ്തുവരുന്നു.

## പ്രാർഥനയും ഉപവാസവും

തടവറമക്കളുടെ നവീകരണത്തിനും പുനരധിവാസത്തിനുമുള്ള ശുശ്രൂഷകളിൽ ഏറ്റവും സുപ്രധാനമാണ് അവർക്കുവേണ്ടിയുള്ള പ്രാർഥനയും ഉപവാസവും. "കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം നിഷ്ഫലമാണെ"ന്ന തിരുവചന വാക്യം ഈ ശുശ്രൂഷയിൽ വളരെ പ്രസക്തമാണ്. ദൈവകൃപയാണ് ഏതൊരു മാനസാന്തരത്തിന്റെ പിന്നിലെയും രഹസ്യം. ഈ യാഥാർഥ്യം മനസ്സിലാക്കി പ്രിസൺ മിനിസ്ട്രി ഇന്ത്യ, 'Incessant Intercessory Invocation for the Incarcerated' എന്ന പേരിൽ നിത്യാരാധന ആരംഭിക്കുകയുണ്ടായി. വിശുദ്ധ കുർബാന എഴുന്നള്ളിച്ചു വച്ച് 24 മണിക്കൂറും തടവറ മക്കളുടെ നവീകരണത്തിനുവേണ്ടി നിലയ്ക്കാത്ത പ്രാർഥന നടത്തിവരുന്നു. അതാണ് തടവറപ്രേഷിത ശുശ്രൂഷാഫലങ്ങൾ പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാന രഹസ്യം.

### ഇന്ത്യയിലെ തടവുകാരും തടവറകളും

| | |
|---|---|
| തടവുകാർ | – 5,54,034 |
| തടവറകൾ | – 1319 |
| സബ് ജയിലുകൾ | – 564 |
| ജില്ലാ ജയിലുകൾ | – 424 |
| സെൻട്രൽ ജയിലുകൾ | – 148 |
| ഓപ്പൺ ജയിലുകൾ | – 88 |
| സ്പെഷൽ ജയിലുകൾ | – 41 |
| സ്ത്രീ ജയിലുകൾ | – 32 |
| ബോസ്റ്റൽ സ്കൂളുകൾ | – 19 |
| മറ്റ് ജയിലുകൾ | – 3 |

*2021 ഡിസംബർ 31 ആസ്പദമാക്കി നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പുറത്തിറക്കിയ സ്ഥിതിവിവര കണക്ക്*

## CBCI Desk for Prison Ministry

1981 ഡിസംബർ 8-ന് ജന്മംകൊണ്ട യേശു സാഹോദര്യകൂട്ടായ്മയെ 1989-ൽ കേരള കത്തോലിക്കാസഭ അംഗീകരിക്കുകയും അതിനായി പാലാരിവട്ടം പി.ഒ.സിയിൽ ഒരു ഓഫീസ് ക്രമീകരിക്കുകയും ചെയ്തു. 1995-ൽ ദേശീയതല പ്രവർത്തനമാരംഭിച്ച പ്രിസൺ മിനിസ്ട്രിക്ക് രണ്ടായിരാമാണ്ടിൽ സി.ബി.സി.ഐയുടെ അംഗീകാരം ലഭിച്ചു. നീതിക്കും സമാധാനത്തിനും പുരോഗതിക്കുംവേണ്ടിയുള്ള സി.ബി.സി.ഐ കമ്മീഷന്റെ കീഴിലാണ് ജയിൽ മിനിസ്ട്രി പ്രവർത്തിച്ചുവരുന്നത്. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവാണ് പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ ദേശീയ അധ്യക്ഷൻ. എണ്ണായിരത്തോളം വരുന്ന സന്നദ്ധസേനാനികളുള്ള ഈ പ്രാർഥനാ സമൂഹം ഇന്ത്യയിൽ ഒട്ടുമിക്ക ജയിലുകളും സന്ദർശിച്ച് കാരാഗൃഹവാസികളായ സഹോദരീ സഹോദരങ്ങൾക്കായി യേശുവിന്റെ ക്ഷമയും ക്ഷമിക്കുന്ന സ്നേഹവും ശാന്തിയും സമാധാനവും കൈമാറുന്നു. ■

www.malankaralibrary.com

# തടവറ പ്രേഷിതത്വം – എരിഞ്ഞടങ്ങാത്ത മുൾച്ചെടി

കുറ്റം ചെയ്തവരും കുറ്റാരോപിതരായവരും തടവിലായിക്കഴിഞ്ഞാൽ തെളിയിക്കപ്പെടുന്നതുവരെ അവർ പൊതുസമൂഹത്തിനും നിയമത്തിനും മുന്നിൽ 'പ്രതികളും' 'ജയിൽ പുള്ളി'കളുമാണ്. അവരെ സമൂഹം അവജ്ഞയോടെയാണ് വീക്ഷിക്കുക. അവരെയൊക്കെ 'സഹോദരാ, സഹോദരി' എന്നുവിളിച്ച് ചേർത്തുപിടിക്കുന്ന ഒരു സമൂഹം തടവറയ്ക്കു പുറത്ത് കാത്തുനിൽക്കുന്നുണ്ട്. പ്രതീക്ഷ നഷ്ടപ്പെട്ട് കലങ്ങിയ മനസ്സും കണ്ണുമായി പുറത്തിറങ്ങുന്ന അവർക്ക് പ്രതീക്ഷയുടെ വഴിവിളക്കുകളാകുന്നവരാണ് തടവറ പ്രേഷിതർ അഥവാ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തകർ. കരുതലിന്റെ കാരുണ്യവാഹകരെക്കുറിച്ചൊരു ലേഖനം.



**ഫാ. മാർട്ടിൻ തട്ടിൽ**
*സംസ്ഥാന ഡയറക്ടർ,*
*ജീസസ് ഫ്രട്ടേണിറ്റി*

കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് വൈദിക പരിശീലന കേന്ദ്രത്തിലെ അർഥികളായിരുന്ന ബ്രദർ വർഗീസ് കരിപ്പേരിയുടെയും ബ്രദർ ഫ്രാൻസിസ് കൊടിയന്റെയും മനസ്സിൽ രൂപപ്പെട്ട ഒരാശയം നാലുപതിറ്റാണ്ടു പിന്നിട്ടപ്പോൾ ഒരു മഹാപ്രസ്ഥാനമായി വ്യത്യസ്തമായൊരു ശുശ്രൂഷയുടെ തിളങ്ങുന്ന മുഖമായി മാറിയിരിക്കുന്നു. 1981 ഡിസംബറിലെ അമലോത്ഭവ തിരുനാൾ ദിനത്തിൽ ഈ ഇരു വൈദികാർഥികൾ മനസ്സുകൊണ്ടാരംഭിച്ച ഒരു തീർഥാടനം ഇന്ന് കേരളത്തിലെ ഇരുണ്ട തടവറകൾക്കുള്ളിൽ മുഴുവൻ പ്രകാശം വിതറി നിൽക്കുകയാണ്.

## ജീസസ് ഫ്രട്ടേണിറ്റി

കത്തുന്ന മുൾപ്പടർപ്പിലും എരിഞ്ഞടങ്ങാത്ത മുൾച്ചെടിയായി ആത്മാവിൽ വളർന്ന്, തടവറകൾക്കുള്ളിൽ ലോകത്തിന്റെ പ്രകാശമായവനെ തേടിയിറങ്ങുന്ന തീർഥാടനമെന്ന ആശയം പകർന്നുനൽകിയ വെളിച്ചമാണ് തടവറമക്കളെ ചേർത്തുപിടിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി എന്ന സമൂഹത്തിന് ജീവൻ നൽകിയത്. ഈ ആത്മീയ ചിന്ത നൽകിയ ദിശാബോധമാണ് അഴികൾക്കുള്ളിൽ അകപ്പെട്ടുപോയവർക്ക് അഭയമേകുന്ന സ്നേഹാശ്രമങ്ങൾ രൂപപ്പെടാനിടയാക്കിയത്.

പരിശുദ്ധാത്മാവ് പകർന്നുനൽകിയ ഈ പ്രചോദനം സ്വീകരിച്ച് ഈ രണ്ടു സഹോദരന്മാരും റെക്ടറച്ചന്റെ അനുവാദത്തോടെ മറ്റു സഹോദരങ്ങളുമായി ഈ ആശയം പങ്കുവച്ചു. ആത്മാർഥമായി പ്രാർഥിച്ച് ഒരുങ്ങി തടവറമക്കളെ ഹൃദയത്തിലേറ്റുന്ന നൂതനമായ ഒരു ജീവിതശൈലിക്കുതന്നെ അവർ രൂപംനൽകി. 16 മാസത്തെ ഒരുക്കത്തിനും പ്രാർഥനയ്ക്കും ശേഷം സെമിനാരിക്കാരുടെ ഒരു കൊച്ചു ടീം ആദ്യമായി കോട്ടയം സബ്ജയിലിലേക്ക് 1985 ജൂലൈ 18–ന് കടന്നുചെന്നു.

തടവറമക്കളുടെ ജീവിതം 'ചെളിക്കുഴിയിലെ മാ

www.malankaralibrary.com

ണിക്യ' മാണെന്ന് തിരിച്ചറിഞ്ഞ വൈദികാർഥികൾ, കേരളത്തിലെ എല്ലാ ജയിലുകളും സന്ദർശിക്കുന്ന ഒരു മഹാതീർഥാടനത്തിന് പ്രാർഥിച്ചൊരുങ്ങി. 1986 മാർച്ച് 10 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ 'ആദ്യ അഖില കേരള തടവറ തീർഥാടനം' നടത്തപ്പെട്ടു. തടവറമക്കളുടെ കണ്ണീർ കണങ്ങളിൽ പുണ്യസ്നാനം ചെയ്ത വൈദിക വിദ്യാർഥികൾ ആത്മാവിനാൽ നവീകരിക്കപ്പെട്ടു. ജീവന്റെ സമൃദ്ധിയുള്ള പച്ചയായ പുൽത്തകിടിയിലേക്ക് ചുവടുവയ്ക്കാൻ ഈ സന്ദർശനം തടവറമക്കളെ ശക്തിപ്പെടുത്തി. നിരാശയിൽ നിപതിച്ചിരുന്നവർ ആദ്യമായി പ്രത്യാശയുടെ പൊൻകിരണം ദർശിച്ചു. കുറ്റപ്പെടുത്തലുകളും ഒറ്റപ്പെടുത്തലുകളും മാത്രം അനുഭവിച്ചിരുന്നവരിലേക്ക് വൈദിക വിദ്യാർഥികളുടെ വാക്കുകൾ ആശ്വാസത്തിന്റെ പുതുമഴയായി പെയ്തിറങ്ങി. 'പ്രതികൾ' എന്നും 'ജയിൽ പുള്ളികൾ' എന്നും വിളിക്കപ്പെട്ടിരുന്നവരെ സഹോദരാ, സഹോദരി എന്ന് വിളിച്ച് മാറോട് ചേർക്കുന്ന ഒരു സമൂഹം തടവറയ്ക്കുപുറത്തു കാത്തിരിക്കുന്നുവെന്ന ചിന്ത കണ്ണീരുണങ്ങിയ കണ്ണുകൾക്ക് പ്രതീക്ഷയുടെ നക്ഷത്രതിളക്കം നൽകി. ഒത്തിരി വൈദികാർഥികൾ ഈ പുതിയ പ്രാർഥനാ ശൈലിയിലേക്ക് ആകൃഷ്ടരായി. തടവറമക്കളുടെ കണ്ണീരൊപ്പാൻ അവർ തോളോട് തോൾ ചേർന്നു. തടവറ പ്രേഷിതത്വം ഇടവക സമൂഹങ്ങളിലേക്കും സന്ന്യാസസമൂഹങ്ങളിലേക്കും മറ്റു സെമിനാരികളിലേക്കും പറിച്ചു നടപ്പെട്ടു.

തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ പ്രസക്തിയും ആവശ്യകതയും തിരിച്ചറിഞ്ഞ കേരള കത്തോലിക്കാ മെത്രാൻ സമിതി (KCBC) 1989 സെപ്തംബർ 8-ന് ജീസസ് ഫ്രട്ടേണിറ്റിയെ ജസ്റ്റിസ്, പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷന്റെ കീഴിൽ അംഗീകരിച്ച്, കോതമംഗലം രൂപതാംഗവും കോട്ടയം വടവാതൂർ സെമിനാരിയിലെ പ്രൊഫസറുമായിരുന്ന ഫാ. ജോസഫ് മക്കോളിലിനെ ജീസസ് ഫ്രട്ടേണിറ്റിയുടെ പ്രഥ സംസ്ഥാന ഡയറക്ടറായി നിയമിച്ചു. ജീസസ് ഫ്രട്ടേണിറ്റിക്കായി 1990 ജൂൺ ഒന്നിന് കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയമായ പി.ഒ.സി.യിൽ ഒരു ഓഫീസും അനുവദിച്ചു നൽകപ്പെട്ടു.

## സ്നേഹാശ്രമങ്ങൾ

കുറ്റാരോപിതർ കുറ്റവിമുക്തരായി പ്രഖ്യാപിക്കപ്പെട്ട് പുറത്തിറങ്ങുമ്പോഴും കുറ്റക്കാരായവർ ശിക്ഷ കഴിഞ്ഞു പുറത്തിറങ്ങുമ്പോഴും അവരെ സമൂഹത്തിലേക്ക് പുനരാനയിക്കാൻ അവർക്ക് 'ഒരു കൈത്താങ്ങ്' ആവശ്യമുണ്ട്. ചിലർക്ക് സ്വന്തം ഭവനത്തിലേക്ക് തിരികെ പോകാൻ സാധിക്കാത്ത



www.malankaralibrary.com

അവസ്ഥയുണ്ട്. സ്വദേശത്തേക്ക് മടങ്ങിച്ചെന്നാലും അംഗീകരിക്കപ്പെടാത്ത സാഹചര്യവുമുണ്ട്. അവഗണനയുടെ വിങ്ങൽ പലരെയും വീണ്ടും കുറ്റകൃത്യങ്ങളുടെ ലോകത്തേക്ക് നയിച്ചിട്ടുണ്ട്. ഒരു ദുർബലനിമിഷത്തിൽ ചെയ്തുപോയ തെറ്റിനെപ്രതി ജീവിതം മുഴുവനും ഇരുട്ടിലാക്കപ്പെട്ടു പോകുന്നവരുടെ അവസ്ഥ ദയനീയമാണ്. ചേർത്തുപിടിക്കേണ്ടവർതന്നെ ആട്ടിയോടിക്കുമ്പോൾ; ആശ്വസിപ്പിക്കേണ്ടവർ തന്നെ ആക്രോശിക്കുമ്പോൾ എല്ലാം കൈവിട്ടുപോകുന്ന അവസ്ഥയാണ് ഒരുവൻ അനുഭവിക്കുന്നത്. വ്യാജകേസുകളിൽ പ്രതിചേർക്കപ്പെട്ട് തടവറയിലേക്കുതന്നെ വീണ്ടും എത്തിപ്പെടുന്നവരുമുണ്ട്. ജീവിത സ്വപ്നങ്ങൾക്ക് നിറംപകരാൻ ആരും കൂടെയില്ലാതെവരുമ്പോൾ തടവറയുടെ ഇരുളിമ ആശ്വാസമായി കരുതുന്നവരുണ്ട്. ഇവരുടെ നിസ്സഹായമായ നിലവിളിക്ക് ദൈവം നൽകിയ പ്രത്യുത്തരമാണ് സ്നേഹാശ്രമങ്ങൾ.

തടവറമക്കളുടെ പുനരധിവാസ കേന്ദ്രങ്ങളാണ് സ്നേഹാശ്രമങ്ങൾ. ജീവിതസായാഹ്നങ്ങളിൽ എത്തിപ്പെട്ടവർക്ക് സ്നേഹാശ്രമങ്ങൾ ഇന്നൊരു ആശ്വാസതീരമാണ്. വഞ്ചിക്കപ്പെട്ടവർക്ക് ഇതൊരു സ്നേഹകൂടാരമാണ്. അവഗണനയുടെ കടമ്പയിൽനിന്നും കയ്പുനീർ മട്ടുവരെയും കുടിച്ചുതീർത്തവർക്ക് സ്നേഹാശ്രമങ്ങൾ സമ്മാനിക്കുന്നത് പരിഗണനയുടെ അമൃതൂട്ടാണ്. ചതിക്കപ്പെട്ട് താളംതെറ്റിയ മനസ്സുകൾക്ക് ശക്തമായ ചുവടോടെ വീണ്ടും ജീവിതത്തിലേക്ക് തിരിച്ചുവരാനുള്ള കരുത്തു പകരുകയാണ് സ്നേഹാശ്രമങ്ങൾ. തകർന്നുടഞ്ഞുപോയ സ്വപ്നങ്ങൾക്ക് ചിറകുനൽകാൻ സ്നേഹാശ്രമങ്ങൾ അവരെ സഹായിക്കുന്നു.

## പ്രിസൺ മിനിസ്ട്രി ഇന്ത്യ

പ്രിസൺ മിനിസ്ട്രി ഇന്ത്യ എന്ന പേരിലാണ് ജീസസ് ഫ്രട്ടേണിറ്റി ഇന്ന് മറ്റു സംസ്ഥാനങ്ങളിൽ അറിയപ്പെടുന്നത്. ഇന്ത്യയിൽ മൊത്തം ഇരുപത് സ്നേഹാശ്രമങ്ങൾ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അതിൽ എട്ടെണ്ണം കേരളത്തിലാണ്. തൃശൂർ ജില്ലയിലെ വെട്ടുകാട് എന്ന സ്ഥലത്താണ് 1991 ഒക്ടോബർ ഒന്നിന് പുരുഷന്മാർക്കു വേണ്ടിയുള്ള ആദ്യ സ്നേഹാശ്രമം സ്ഥാപിതമായത്. 1992 ഒക്ടോബർ 11-ന് തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കു വേണ്ടിയും 1994 ജൂലൈ മൂന്നിന് കാഞ്ഞിരപ്പള്ളിയിലെ ഇഞ്ചിയാനിയിൽ കുട്ടികൾക്കുവേണ്ടിയും സ്നേഹാശ്രമങ്ങൾ സ്ഥാപിക്കപ്പെട്ടു. പ്രാരംഭപരിശീലനത്തിനുശേഷം അവരെ രണ്ടാം ഘട്ടം ആശ്രമത്തിലേക്ക് പ്രവേശിപ്പിക്കാനാണ് പരിശ്രമിക്കുന്നത്. ഓരോരുത്തരുടെയും അഭിരുചിയും പഠനയോഗ്യതയും അനുസരിച്ച് അവരെ ജോലി കണ്ടെത്താൻ ഈ ഘട്ടത്തിൽ സഹായിക്കുന്നു. ജീവിതത്തിൽ ചിട്ടയായ പരിശീലനം നേടിയശേഷം ധാരാളംപേർ ഇന്ന് സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്നുണ്ട്. നിരാലംബരായ സ്നേഹാശ്രമ മക്കളുടെ വിവാഹവും നടത്തിക്കൊടുക്കാറുണ്ട്. ഇങ്ങനെ സ്നേഹാശ്രമങ്ങളിൽനിന്നും കുടുംബജീവിതത്തിലേക്ക് പ്രവേശിച്ചവർ ഇന്ന് കേരളത്തിന്റെ പല ഭാഗങ്ങളിലുമായി സന്തോഷത്തോടെ കുടുംബസമേതം കഴിയുന്നുണ്ട്. സമൂഹത്തിലെതന്നെ സുമനസുകളാണ് ഇതിനുവേണ്ട സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുന്നത്. മതം മാറ്റമല്ല; മനം മാറ്റവും ജീവിത നവീകരണവുമാണ് പ്രിസൺ മിനിസ്ട്രി ഇന്ത്യ ലക്ഷ്യം വയ്ക്കുന്നത്. ■

### ദൈവകരുണയുടെ മുഖമാകാം; തടവറ പ്രേഷിതരാകാം

- തടവറമക്കൾക്കുവേണ്ടി ദിവസവും മുടങ്ങാതെ തീക്ഷ്ണതയോടുകൂടി, 'തടവറമക്കളുടെ ജീവിതനവീകരണം' നിയോഗം വച്ചു പ്രാർഥിക്കുന്നവർ തടവറ പ്രേഷിതരാണ്.
- തടവറ സന്ദർശിച്ച് അവർക്ക് സന്മാർഗബോധവും പ്രചോദനവും കൗൺസലിങ്ങും നൽകാൻ സാധിക്കുന്നവരും സൗകര്യമുള്ളവരും തടവറപ്രേഷിതരാണ്. ആഗ്രഹമുള്ളവർ അറിയിച്ചാൽ അവരെ അടുത്തുള്ള ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുമായി ബന്ധിപ്പിച്ച് അതിനുള്ള സൗകര്യം ഒരുക്കുന്നതാണ്. താല്പര്യം ഉള്ളവർ 9447964663 എന്ന നമ്പറിൽ ബന്ധപ്പെടുക.
- തടവറ പ്രവർത്തനങ്ങൾക്ക് സാധിക്കുന്ന വിധത്തിൽ സാമ്പത്തിക സഹായം നൽകിയും ഈ പ്രേഷിതശുശ്രൂഷയിൽ പങ്കുചേരാം.

ദൈവസ്നേഹത്തിൽനിന്നും ശക്തി ഉൾക്കൊണ്ട് ദൈവകരുണയുടെ മുഖമായി തടവറമക്കളിലേക്ക് ഇറങ്ങിച്ചെന്ന് അവരിൽ ഈശോയെ കണ്ടെത്താൻ ശ്രമിക്കുക.

www.malankaralibrary.com


# ദൈവവിളിയുടെ സാക്ഷ്യമൂല്യം

**ആധുനിക കാലത്ത് വൈദിക-സന്ന്യാസ സമർപ്പിത ജീവിതങ്ങളിലേക്കുള്ള വിളി കുറയാനുള്ള കാരണങ്ങളുടെ കാണാപ്പുറങ്ങളിലേക്ക് ഒരെത്തിനോട്ടം.**



**റവ. സി. ഡോ. സൂസി കിണറ്റിങ്കൽ CTC**
*സെന്റ് ജോസഫ്സ് വിദ്യാഭവൻ, ഇടപ്പള്ളി*

ഇന്നിന്റെ പശ്ചാത്തലത്തിൽ കേരള സഭയെന്നല്ല, ആഗോള സഭ തന്നെ ഏറ്റം ഗൗരവമായി വിശകലനം ചെയ്യേണ്ട ഒരു വസ്തുതയാണ് വൈദിക സന്ന്യസ്ത ജീവിതാന്തസ്സിലേക്കുള്ള ദൈവവിളിയുടെ അഭാവം. സമർപ്പിത ജീവിതം തിരഞ്ഞെടുക്കാനുള്ള ശക്തമായ ഒരു ദിവ്യ ആകർഷണം ദൈവത്തിൽ നിന്നുള്ള ഒരു പ്രത്യേക ദാനമായി ലഭിക്കുമ്പോഴാണ് ഒരു വ്യക്തിക്ക് ദൈവവിളി ലഭിച്ചു എന്ന് പറയുന്നത്. ദൈവവിളിയോട് സഹകരിക്കുക എന്നത് വ്യക്തിയുടെ ഭാഗത്ത് നിന്നും ആവശ്യമായ വലിയ ഒരു പ്രതിബദ്ധതയാണ്. അതിസ്വാഭാവിക തലത്തിലുള്ള ഒരു യാഥാർത്ഥ്യത്തിലേക്ക് അടുക്കാൻ ഭൗതികവും സ്വാഭാവികവുമായവയെ മറികടന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ ആത്മധൈര്യത്തോടെ മുന്നേറുമ്പോൾ മാത്രമാണ് ഒരു ദൈവവിളി ഫലപ്രാപ്തിയിലെത്തുക. വ്യത്യസ്ത ജീവിത പാതയിലൂടെ ചരിച്ച് എല്ലാ മനുഷ്യരും ദൈവത്തിന്റെ പൂർണതയിൽ ലയിക്കുക വഴിയാണ് ഓരോരുത്തരും തങ്ങളുടെ ദൈവവിളി പൂർത്തിയാക്കുന്നത്. ആധുനികതയുടെ കുത്തൊഴുക്കിൽ മനുഷ്യൻ ക്ഷണികസന്തോഷങ്ങളുടെ മാസ്മരികതയിൽ പെട്ടുപോകുമ്പോൾ നശ്വരമായ സന്തോഷങ്ങൾക്കും സുഖങ്ങൾക്കും വേണ്ടിയുള്ള പരക്കംപാച്ചിലിൽ ദൈവസ്വരം കേൾക്കാനുള്ള ഉൾവെളിച്ചവും ഏകാന്തതയും നഷ്ടപ്പെട്ടുപോകുന്നതിന്റെ ഫലമായി ത്യാഗങ്ങൾക്കും സഹനങ്ങൾക്കും പിന്നിലുള്ള ദർശനം ഇല്ലാതാകുന്നു, ബന്ധങ്ങൾക്ക് ആഴം നഷ്ടപ്പെടുന്നു. കുടുംബങ്ങളിൽ പ്രാർഥനാചൈതന്യവും ദൈവാഭിമുഖ്യവും അന്യമാകുന്നു. അതുമൂലം കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു, വിവാഹ മോചനങ്ങൾ പെരുകുന്നു. കുഞ്ഞുങ്ങൾക്ക് ശരിയായ വിശ്വാസപരിശീലനം ലഭിക്കാതാകുന്നു. ഇതിന്റെയെല്ലാം പരിണിതഫലമാണ് ഇന്ന് ക്രൈസ്തവ കുടുംബങ്ങളിൽ ദൈവവിളികൾ കുറഞ്ഞുപോകുന്നത്.

## ദൈവവിളി (വൊക്കേഷൻ)

'വൊക്കാരെ' (വിളിക്കുക എന്നർഥം) എന്ന ലാറ്റിൻ പദത്തിൽ നിന്നുമാണ് ദൈവവിളി (വൊക്കേഷൻ) ഉരുത്തിരിയുന്നത്. വിളിക്കാൻ അധികാരമുള്ള ദൈവമാണ് വിളിക്കുന്നത്. വിളിക്കുമ്പോൾ വിളിക്കുന്നവന് ഒരു ലക്ഷ്യമുണ്ട്. വിളിക്കപ്പെടുന്നവന് ഒരു ദൗത്യവുമുണ്ടെന്നതിന് സംശയമില്ല. കത്തോലിക്കാസഭയുടെ പാരമ്പര്യത്തിൽ ഓരോ ദൈവവിളിയുടെയും പിന്നിൽ രണ്ട് ആത്മീയ ഘടകങ്ങളുണ്ട്. ഒന്നാമത്, നല്ല ഉദ്ദേശശുദ്ധിയും അത് പ്രാപിക്കാൻ ആവശ്യമായ മാർഗങ്ങൾ അനുവർത്തിക്കാനുള്ള ഉറച്ച അഭിവാഞ്ഛയും. രണ്ടാമതായി, ഈ ജീവിതശൈലിയിൽ മുന്നേറാനുള്ള അടിസ്ഥാന ഗുണങ്ങളും പ്രാപ്തിയും. ദൈവം ഒരു വ്യക്തിയെ വിളിക്കുന്നത് ഭൂമിയിൽ ദൈവരാജ്യത്തിന്റെ വിസ്തൃതിക്കായി, അതിലൂടെ മനുഷ്യകുലത്തിന്റെ മുഴുവൻ നന്മയ്ക്കായി ആ വ്യക്തി സ്വയം സമർപ്പിക്കാനാണ്. ക്രൈസ്തവ ദൈവവിളി സ്വയം ത്യജിച്ച് കുരിശെടുത്ത് നാഥന്റെ വഴിയിൽ മുന്നേറാനുള്ളതാണ്. സമർപ്പിത ജീവിതമാകട്ടെ മാമ്മോദീസയിലൂടെ സ്വീകരിച്ച ഈ ക്രൈസ്തവ വിളിയുടെ ആഴപ്പെടലും പൂർണതയുമാണ്. ഇത് സ്വാഭാവികമായതെല്ലാം ത്യജിച്ച് സുവിശേഷമൂല്യങ്ങളിലൂന്നി ശൂന്യവത്ക്കരണത്തിന്റെ വഴിയിലൂടെ ക്രിസ്തുവിനോട് താദാത്മ്യപ്പെടലിന്റെ ജീവിതമാണ്. അതായത് വിളിക്കുള്ളിലെ സവിശേഷമായ വിളിയാ

www.malankaralibrary.com



ണ് എന്ന് പറയാം. ഓരോ വ്യക്തിയും തങ്ങളിലുള്ള എല്ലാ നന്മയും ദൈവത്തിന്റെയും സമൂഹത്തിന്റെയും സേവനത്തിനായി നല്കാനുള്ള വിളിയാണിത്. അതായത് എല്ലാം ഉദ്ദേശശുദ്ധിയോടെയും ശരിയായ മാർഗത്തിലൂടെയും നിറവേറ്റാൻ ഈ വിളി വ്യക്തിയെ കടപ്പെടുത്തുന്നു.

## വിധേയത്വവും അനുസരണയും

സെന്റ് തോമസ് അക്വിനാസ് പറയുന്നത്, സന്ന്യാസ ദൈവവിളി ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ അടിസ്ഥാനമായിട്ടുള്ളതായതിനാൽ അത് ശ്രേഷ്ഠമായ ജീവിത ശൈലിയാണ്. അതിനാൽ സന്ന്യാസ ജീവിതം ആഗ്രഹിക്കുന്നവർ, സുവ്യക്തമായ വിഘ്നങ്ങൾ ഇല്ലാത്ത പക്ഷം അതിൽ മുന്നേറണം എന്നാണ്. സെന്റ് അൽഫോൻസ് ലിഗോരി പറയുന്നത്, ദൈവം വിളിക്കുന്നത് കേവലം വ്യക്തികേന്ദ്രീകൃതമായ ഒരു ജീവിതശൈലിയിലേയ്ക്കല്ല, മറിച്ച് ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളായി ഐക്യപ്പെട്ട്, തിരുസഭയുടെ ഭാഗമായി ജീവിക്കാനുള്ളതാണെന്നാണ്. അതിനാൽ ദൈവവിളിക്ക് സഭാധികാരികളിൽ നിന്നുള്ള ഔദ്യോഗികമായ അംഗീകാരം ഏറ്റം പ്രധാനമാണ്. ഓരോ ദൈവവിളിയും പരിശോധിച്ച് അംഗീകാരം നല്കുക എന്നത് സഭയുടെ അധികാരമാണ്. അധികാരികളോടുള്ള വിധേയത്വവും അനുസരണയും നല്ല ദൈവവിളിയുടെ ലക്ഷണങ്ങളാണ്. വിശുദ്ധ ഫ്രാൻസീസ് സാലസിന്റെ അഭിപ്രായത്തിൽ യഥാർഥമായ ദൈവവിളിക്ക് അത്യാവശ്യം പുണ്യങ്ങളുടെ സമൃദ്ധിയോ, ഭക്തി പരിശീലിക്കാനുള്ള സഹജഗുണമോ അല്ല, എന്നാൽ പൂർണതയ്ക്ക് വേണ്ടി സ്ഥിരതയോടെ അധ്വാനിക്കാനുള്ള നിശ്ചയദാർഢ്യമാണ്. ദൈവത്തിന്റെ വിളി ബാഹ്യമല്ല, ദൈവം ഹൃദയങ്ങളോട് സംസാരിക്കുന്നത് നന്മയെ കാണാനും നന്മയോട് ഒന്നിക്കാനുമുള്ള ശക്തമായ അഭിനിവേശം നമ്മുടെ മനസ്സിനും ഹൃദയത്തിനും നല്കിക്കൊണ്ടാണ്. വ്യക്തിയെ ദൈവത്തോട് ഒന്നിപ്പിക്കുന്ന ജീവിതശൈലിയിലേക്ക് മനസ്സിനെ മാറ്റിയെടുക്കുന്ന കൃപയാണ് ദൈവവിളിയിലൂടെ ദൈവം നല്കുന്നത്. ശരിയായ ദൈവവിളി ശക്തവും മാറ്റമില്ലാത്തതുമായ മനസ്സാണ്. അത് വിളിക്കപ്പെട്ട വ്യക്തിയെ ദൈവം ആഗ്രഹിക്കുന്ന സ്ഥലത്തും ആഗ്രഹിക്കുന്ന വിധത്തിലും ദൈവശുശ്രൂഷ ചെയ്യാൻ പ്രാപ്തനാക്കുന്നു. സ്വതന്ത്ര മനസ്സും ശരിയായ ദിശാബോധവും ദൈവവിളി സ്വീകരിക്കാൻ അത്യന്താപേക്ഷിതമാണ്.

വ്യത്യസ്ത കാലഘട്ടങ്ങളിൽ അനേകം സ്ത്രീ പുരുഷന്മാർ ദൈവികമായ ഈ ഉൾവിളി തിരിച്ചറിഞ്ഞ് അവിടുത്തെ സ്നേഹത്താൽ രൂപാന്തരം പ്രാപിച്ച് അവരുടെ അസ്ഥിത്വം മുഴുവനും ദൈവസേവനത്തിനായി സമർപ്പിച്ചിട്ടുണ്ട്. അപ്പസ്തോലന്മാർ മുതൽ കാലാകാലങ്ങളിൽ വിശുദ്ധജീവിതം വഴി ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം നല്കി കടന്നുപോയവരെല്ലാം ദൈവത്തിന്റെ ദാനമായ ദൈവവിളി സ്വീകരിച്ച് പുതിയ പാതയിലൂടെ നീങ്ങിയവരാണ്. ഫ്രാൻസിസ് പാപ്പ 'ക്രിസ്തുസ് വിവിത്' (Christ is Alive) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നു: "ഏതാനുംപേർ യഥാർഥ സാക്ഷ്യം നല്കാൻ പരാജയപ്പെടുന്നെങ്കിലും ദൈവം തന്റെ വേലയ്ക്കായി വിളിക്കുന്നത് നിർത്തുന്നില്ല. കാരണം സഭ ദൈവത്തിന്റെ സ്വന്തമാണ്, ദൈവികമാണ്. യേശു ഗലീലിയയിൽ ചുറ്റിസഞ്ചരിച്ചതുപോലെ ഇന്നും നമ്മുടെയിടയിൽ നടക്കുന്നുണ്ട്. അവൻ നമ്മുടെ തെരുവുകളിൽ നടക്കുന്നു. അവൻ നിശബ്ദമായി നമ്മുടെ കണ്ണുകളിലേക്ക് നോക്കുന്നു. അവന്റെ വിളി ആകർഷകവും കൗതുകകരവുമാണ്. എന്നിട്ടും ഇന്നത്തെ ലോകത്തിന്റെ പിരിമുറുക്കങ്ങളാലും ചടുലമായ ഉത്തേജകങ്ങളാലും ആക്രമിക്കപ്പെടുന്ന

www.malankaralibrary.com

യുവജനങ്ങൾക്ക് തങ്ങളുടെ ജീവിതത്തിൽ ആന്തരിക നിശബ്ദതയ്ക്ക് ഇടം നല്കാനാവുന്നില്ല. ആന്തരിക നിശബ്ദതയിൽ മാത്രമേ അവന്റെ നോട്ടം മനസ്സിലാക്കാനും അവന്റെ വിളി കേൾക്കാനും കഴിയൂ" (277).

## മാതാപിതാക്കളുടെ വിപരീത സന്ദേശം

ഇന്നത്തെ കുടുംബങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ വിലയിരുത്തേണ്ടത് സന്ന്യാസ ദൈവവിളികൾ കുറയുന്നതിന്റെ കാരണങ്ങളറിയാൻ ഏറ്റം അവശ്യമായ ഘടകമാണ്. ജനിച്ചു വീഴുന്ന കുഞ്ഞുങ്ങൾ മുതൽ ആകർഷിക്കപ്പെടുന്നത് മാതാപിതാക്കൾ എപ്പോഴും കൈകളിൽ കൊണ്ടു നടക്കുന്ന മൊബൈലിൽ ആണ്. കുഞ്ഞുനാൾ മുതൽ മൊബൈൽ ഗെയിമും മറ്റുമായി പിന്നീട് അതിന് അടിപ്പെട്ടുപോകുന്ന കുട്ടികൾ ഇന്ന് വിരളമല്ല. ഭവനങ്ങളിൽ പണ്ടുണ്ടായിരുന്ന പ്രാർഥനയിലുള്ള നിഷ്ഠയും ക്രമങ്ങളും എല്ലാം ആധുനിക മാധ്യമങ്ങൾ കവർന്നെടുത്തു. ഒരുമിച്ചുള്ള കുടുംബ പ്രാർഥനയും വചന വായനയുമെല്ലാം ഇല്ലാതായതിനാൽ കുട്ടികൾക്ക് ക്രൈസ്തവ വിശ്വാസത്തിന്റെയും ബൈബിളിന്റെയും മിനിമം അറിവുപോലുമില്ലാതെയാണ് വളർന്നു വരുന്നത്. കുഞ്ഞുനാൾ മുതൽ വിശ്വാസ വീക്ഷണവും വിശ്വാസ വെളിച്ചവും നല്കാതെ ഭൗതികമായ നേട്ടങ്ങളും ഉയർച്ചയും മാത്രം ലക്ഷ്യം വച്ച് കുട്ടികളെ വളർത്തിയെടുക്കുമ്പോൾ, ഞായറാഴ്ച്ചകളിലെ മതപഠനം എൻട്രൻസ് കോച്ചിംഗും ട്യൂഷനുമൊക്കെ കൈയടക്കുമ്പോൾ, ഞായറാഴ്ച കുർബാന പോലും അത്യാവശ്യമെന്ന് തോന്നാത്ത ഒരു സ്ഥിതിഗതി കുടുംബങ്ങളിൽ സംജാതമാകുന്നത് നാം അറിയാതെ പോകുന്നു. ബൈബിളിനെക്കുറിച്ചോ കത്തോലിക്കാസഭയുടെ വിശ്വാസ സംഹിതയെക്കുറിച്ചോ കൂദാശകളുടെ ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചോ മാതാപിതാക്കളും മക്കളും ഒരേപോലെ അജ്ഞരായിപ്പോകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഭൗതികമായതെല്ലാം സമൃദ്ധമായി നല്കി, വിശ്വാസവെളിച്ചം ലഭിക്കാതെ ദൈവിക കാര്യങ്ങളിൽ അജ്ഞരായി വളർന്നുവരുന്ന യുവജനങ്ങളുടെ ഉൾക്കണ്ണുകളുടെ വെളിച്ചം നഷ്ടപ്പെടുമ്പോൾ അവരിൽ നിന്ന് എങ്ങനെ ദൈവവിളികൾ പ്രതീക്ഷിക്കാനാകും? മറ്റൊന്ന്, പള്ളിയിൽ നിന്നോ സഭാധികാരികളിൽ നിന്നോ പ്രതീക്ഷിച്ച വിധം എന്തെങ്കിലും സാധിക്കാതെ വരുമ്പോഴും നിസ്സാരമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോഴും വൈദികരെയും സന്ന്യസ്തരെയും അധിക്ഷേപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന വേദിയായി കുടുംബങ്ങൾ മാറുന്നു. ഇതുവഴി കുഞ്ഞുങ്ങൾക്ക് മാതാപിതാക്കൾ നല്കുന്ന വിപരീത സന്ദേശം ദൈവവിളിയോടുള്ള സമീപനത്തിൽ പുതിയ തലമുറയിൽ ഗണ്യമായ വ്യത്യാസങ്ങൾ വരുത്താൻ ഇടയായിട്ടുണ്ടെന്നതും വാസ്തവമാണ്.

## കഥയറിയാതെ ആട്ടം കാണുന്നവർ

സഭയ്ക്ക് ശത്രുക്കൾ ഏറിവരുന്ന ഒരു കാലഘട്ടമാണിത്. അകത്തു നിന്നും പുറത്തു നിന്നും സഭയെ അവഹേളിക്കാനുള്ള ശ്രമങ്ങൾ ഇന്ന് വിരളമല്ല. വർഗീയത വളർത്താനും വിവിധ രാഷ്ട്രീയ ലക്ഷ്യങ്ങൾ മുൻനിറുത്തി, സഭാധികാരികളെയും സന്ന്യസ്തരെയും വൈദികരെയും അധിക്ഷേപിക്കുന്നത് ഇന്ന് വർധിച്ചിരിക്കുന്നു. തങ്ങളുടെ വ്രതലംഘനത്തിന്റെ തീവ്രത മറച്ചുവയ്ക്കാൻ സഭാധികാരികളെ അധിക്ഷേപിക്കുന്ന ചുരുക്കം ചില സന്ന്യസ്തർ ജനങ്ങളെ കബളിപ്പിക്കാനും മാധ്യമ ശ്രദ്ധ പിടിച്ചു പറ്റാനും പല ശ്രമങ്ങളും ഇന്ന് നടത്തിവരുന്നുണ്ട്. ഒപ്പം കൂടാൻ കഥയറിയാതെ ആട്ടം കാണുന്ന കുറെ മാധ്യമ പ്രവർത്തകരും ചാനൽ ചർച്ചക്കാരും കൂടിയാവുമ്പോൾ തങ്ങൾക്ക് പിന്നിൽ ആളുണ്ടെന്ന മിഥ്യാധാരണയിൽ ഇവർ അന്ധകാരത്തിന്റെ വഴിയേ ചിന്താശൂന്യരായി നീങ്ങുന്നു. ചാനലുകളിലൂടെയുള്ള വിഴുപ്പലക്കലും പുസ്തകമെഴുത്തും ഒക്കെ ഇതിന്റെ കൂടെ ചേർത്തു വായിക്കേണ്ടതാണ്. തങ്ങളുടെ ചാനലുകൾക്ക് ആളെ കൂട്ടാൻ ഒരു വഴിയെന്നോണം കുറെനാൾ സന്ന്യസ്തരുടെ ഇടയിലെ ഇത്തരം ചില വിഴുപ്പുകളെ തോളിലേറ്റി ചാനലുകളിലൂടെ അവരുടെ വികലമായ വാദഗതികൾ ജനങ്ങളിലേക്കെത്തിച്ചു. ചാനൽ ചർച്ചകൾ കൊണ്ടുമാത്രം സന്ന്യാസ ജീവിതത്തെ വിലയിരുത്തുന്ന വിശ്വാസ വീക്ഷണം ഇല്ലാതെ പോയ ചിലരും സന്ന്യസ്തർക്ക് നീതി ലഭിക്കുക എന്ന വ്യാജ പ്ലക്കാർഡിനു പിന്നിൽ സഭയെയും സന്ന്യാസ ജീവിതത്തെയും അധിക്ഷേപിക്കാൻ തുനിഞ്ഞിറങ്ങി. പിന്നീട് തങ്ങളുടെ വിഡ്ഢിത്തം മനസ്സിലാക്കി ചാനലുകൾ അവരെ ഇറക്കി വിട്ടു, ജനങ്ങളും നിശബ്ദരായി.

## വിവേകമുള്ളവരുടെ പാത

സന്ന്യാസജീവിതത്തിൽ പുഴുക്കുത്തേറ്റ ചില

www.malankaralibrary.com

ജീവിതങ്ങൾ തങ്ങളുടെ വിവേകശൂന്യമായ ഇടപെടലുകൾ വഴി സഭയ്ക്കും സന്ന്യസ്തർക്കും ചെയ്ത ദ്രോഹം അളവറ്റതാണ്. ലോകത്തിന്റെ ആർഭാടങ്ങൾക്കൊത്ത് തന്നിഷ്ടമായി ജീവിക്കണമെന്ന് തോന്നിത്തുടങ്ങിയ നാളിൽ അവർ സഭയിലെ പുരോഗമനവാദികളും നീതിയ്ക്കുവേണ്ടി വാദിക്കുന്ന വക്താക്കളുമായി അവതരിച്ചു. സന്ന്യാസ ഭവനങ്ങളിൽ പ്രത്യേകിച്ച് മഠങ്ങളിൽ സന്ന്യാസിനികൾ അടിമത്തം അനുഭവിക്കുന്നുവെന്നും അവർക്ക് നീതി ലഭിക്കുന്നില്ല' യെന്നുമൊക്കെ പറഞ്ഞ് സ്വയം അവഹേളിതരാകുന്ന ഒരു ഗണം. വിരലിലെണ്ണാവുന്നതെങ്കിലും അവരുടെ ദുഷിപ്പ് ഒരു പരിധിവരെ സന്ന്യാസ ദൈവവിളിയെ ബാധിച്ചു. പക്ഷേ, ഇവരുടെ ഈ കപട ജീവിതങ്ങൾ കൊണ്ട് സന്ന്യാസ ജീവിതശൈലിയ്ക്ക് സ്ഥായിയായി മങ്ങലേൽക്കുന്നില്ല എന്നതാണ് സത്യം. വിവേകമുള്ള മാതാപിതാക്കളും യുവജനങ്ങളും ഈ പൊയ്മുഖം ചീന്തിയെറിയുകയും അന്തരാത്മാവിൽ മുഴങ്ങുന്ന ദൈവികസ്വരത്തിന് കാതോർക്കുകയും ചെയ്യും. വിശ്വാസത്തിന്റെ വാതിൽ തുറന്നുവച്ച് വിവേകത്തോടെ ജീവിക്കുന്ന, വിശ്വാസ വെളിച്ചത്തിൽ ചിന്തിക്കാൻ പ്രാപ്തരായ അല്മായരെയും സന്ന്യസ്തരെയും സാത്താന്റെ കുടിലതയ്ക്ക് കീഴ്പ്പെടുത്താനാവില്ല. നേരായ മാർഗത്തിലൂടെ ചിന്തിക്കാനും തീരുമാനങ്ങളെടുക്കാനും ആവശ്യമായ പരിശുദ്ധാത്മാവിന്റെ കൃപ അവർക്ക് ദൈവം ഒരിക്കലും നിഷേധിക്കുന്നില്ല. അനേകം വിശു ദ്ധ ജന്മങ്ങൾ കടന്നുപോയ പരിത്യാഗത്തിന്റെ പരുക്കൻ വഴിയാണത്. ക്രൂശിതന്റെ കാല്പാടും ചിന്തിയ രക്തകണങ്ങളും ഉത്തേജനമായി എന്നും ആ വഴിയിലുണ്ട്. അവന്റെ പെസഹാ രഹസ്യത്തിന്റെ പ്രഭ ഒരിക്കലും മങ്ങിപ്പോവുകയില്ല. ഇത് വിവേകമുള്ളവർക്കുള്ള പാതയാണ്. പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ ബുദ്ധിക്ക് വിശ്വാസത്തിന്റെ തെളിമ കിട്ടുമ്പോൾ ദൈവത്തിലേക്ക് തുറക്കുന്ന വാതിലിലൂടെയാണ് ഓരോ സമർപ്പിത വ്യക്തിയും മുന്നോട്ട് ചരിക്കുന്നത്. അവിടെ ക്രിസ്തു പറയുന്നത് വളരെ വ്യക്തമാണ്. നിങ്ങളുടെ അരപ്പട്ടയിൽ സ്വർണമോ വെള്ളിയോ ചെമ്പോ കരുതി വയ്ക്കരുത്, ...ചെന്നായ്ക്കളുടെ ഇടയിലേയ്ക്ക് ചെമ്മരിയാടുകളെ എന്നതുപോലെ ഞാൻ നിങ്ങളെ അയക്കുന്നു. അതിനാൽ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുക. വീണ്ടും ...മാമോനെയും ദൈവത്തെയും ഒരേപോലെ സേവിക്കാൻ നിങ്ങൾക്ക് കഴിയില്ല. സ്വന്തമായി കുറെ മാറ്റിവയ്ക്കണമെന്ന വ്യാമോഹങ്ങൾക്ക് അടിപ്പെട്ട് അധികാരികളുടെ അനുവാദമില്ലാതെ സ്വത്ത് സമ്പാദിക്കാനും കാറു വാങ്ങിക്കാനും ശമ്പളം സ്വതന്ത്രമായി ഉപയോഗിക്കാനുമൊക്കെ വ്യഗ്രതപ്പെടുന്ന, അനനിയാസ് – സഫീറമാരുടെ പിന്തുടർച്ചക്കാർക്ക് ക്രിസ്തുവിന്റെ സന്ന്യാസവഴിയിൽ സ്ഥാനമില്ല.

## ഒഴുക്കിനെതിരെയുള്ള നീന്തൽ

ഇന്നും അഭ്യസ്തവിദ്യരായവരും മാതാപിതാക്കളുടെ ഏക സന്താനങ്ങളുമൊക്കെ ദൈവവിളി ലഭിച്ച് കർത്താവിന്റെ മുന്തിരിത്തോപ്പിലേയ്ക്ക് കടന്നുവരുന്നുണ്ട്. അത് ലോകസന്തോഷങ്ങളും സമ്പത്തുമൊക്കെ ക്ഷണികമാണ് എന്ന ആഴമായ ബോധ്യം ലഭിച്ചവരാണ്. അത് കുടുംബത്തിൽ മാതാപിതാക്കൾ വിശ്വാസ വെളിച്ചം പകർന്നു നല്കി വളർത്തിയതിന്റെയും വിശ്വാസവെളിച്ചത്തിൽ അവലോകനം ചെയ്യാൻ മക്കൾ കഴിവുനേടിയതിന്റെയും ഫലമാണ്. ലൗകികമായ ലക്ഷ്യങ്ങൾക്കായി വരുന്നവരാണ് ഇടയ്ക്ക് വച്ച് സഭയെയും സഭാധികാരികളെയും കുറ്റം പറഞ്ഞ് പിരിഞ്ഞുപോകുന്നത്. ലോകത്തിന്റെ വീക്ഷണം കൊണ്ട് സന്ന്യാസത്തെ അളക്കാൻ ശ്രമിക്കുന്നത് വിഡ്ഢിത്തമാണ്. ഒരു അതിസ്വാഭാവിക തലത്തിലേയ്ക്ക് നോക്കാൻ കൂടി കഴിയാത്തത്ര അന്ധതയിൽ സമർപ്പിത ജീവിതത്തിന്റെ ദിവ്യത കാണാനാവില്ല. വൈദിക സന്ന്യസ്ത ജീവിതങ്ങൾ ഒഴുക്കിനെതിരെയുള്ള നീന്തലാണ്. സ്വാഭാവികതയെ ജയിക്കലാണ്. ആധ്യാത്മിക സമരമാണ്. ലോകം, പിശാച്, ശരീരം എന്നീ ത്രിവിധ ശത്രുക്കളെ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദിവ്യായുധങ്ങൾ വഴി തോല്പിക്കലാണത്. ബുദ്ധി, ഓർമ, മനസ്സ് എന്നീ ആന്തരിക ശക്തികൾ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവിക പുണ്യങ്ങളാൽ ശുദ്ധീകരിക്കപ്പെടുകയും പൂർണമാക്കപ്പെടുകയും ചെയ്യുമ്പോഴാണ് അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതത്രയങ്ങൾ സാധ്യമാകുന്നത്. അതായത് നിർമലനും ദരിദ്രനും അനുസരണയുള്ളവനുമായ ഈശോയുടെ പെസഹാരഹസ്യത്തോട് ബ്രഹ്മചര്യം, ദാരിദ്രം, അനുസരണം എന്നീ വ്രതങ്ങളാകുന്ന മൂന്നാണികളാൽ തറയ്ക്കപ്പെട്ട ജീവിതം തന്നെ. പെസഹാരഹസ്യങ്ങൾ രക്ഷയുടെ സ്രോതസ്സാകയാൽ ക്രിസ്തുവിനോട് ഐക്യപ്പെട്ട് ക്രിസ്തുവിന്റെ രക്ഷയുടെ ചാനലുകളായി വർത്തിക്കാനുള്ള മഹത്ത്വപൂർണമായ വിളിയാണിത്. അവിടെ എന്റെ

www.malankaralibrary.com

മുറിവുകൾ അവന്റെ മുറിവുകളോട് ചേർന്ന് തിരുമുറിവാകണം. എന്റെ ചരിത്രം രക്ഷാകര ചരിത്രമാകണം. വിശ്വാസത്തിന്റെ വാതിൽ സദാ തുറന്ന് വയ്ക്കേണ്ട ജീവിതമാണ്. ഇടുങ്ങിയ വഴിയിലൂടെയുള്ള പ്രയാണം വഴി ഈശോയുമായി താദാത്മ്യപ്പെടാനുള്ള വിളിയാണിത്. സന്ന്യാസസഭ ഇവിടെ സമർപ്പിത വ്യക്തിയുടെ പുതിയ കുടുംബമാണ്. സന്ന്യാസ സമൂഹത്തിൽ ഓരോ അംഗവും രക്തബന്ധത്തെ അധികരിച്ച് നില്ക്കുന്ന പരിശുദ്ധാത്മ ദാനമായ കാരിസത്തിനാൽ ഒന്നിപ്പിക്കപെട്ട എന്റെ സഹോദരരാണ്. ഇവിടെ എന്റെ അധികാരികൾ ദൈവത്തിന്റെ പ്രതിനിധികൾ ആണ്. ഈ അതിസ്വാഭാവിക കുടുംബത്തിൽ അവർ എന്റെ മാതാപിതാക്കളുടെ സ്ഥാനത്താണ്.

19-ാം നൂറ്റാണ്ടിൽ കേരളസ്ത്രീകളുടെ ജീവിതങ്ങളിലേക്ക് ആദ്യമായി സമർപ്പിത ജീവിതത്തിന്റെ വാതായനങ്ങൾ തുറന്നുനല്കിയ കേരളത്തിന്റെ ആദ്യ സന്ന്യാസിനി, ദൈവസ്നേഹത്തിൽ മറഞ്ഞുജീവിച്ച് കടന്നുപോയ ദൈവദാസി മദർ ഏലീശ്വ, തന്റെ പ്രബോധനങ്ങളിലൂടെ നമ്മോടു പറയുന്നു: "ഓരോ ദിവസവും നാം എഴുന്നേല്ക്കുമ്പോൾതന്നെ കർത്താവിനെ പ്രസാദിപ്പിക്കാൻ വേണ്ടി എന്തുചെയ്യുമെന്നും എങ്ങനെ ചെയ്യണമെന്നും വിചാരിച്ച് കുറെ താൽപര്യം വച്ചാൽ, നമ്മൾ പുണ്യത്തിൽ വർധിക്കുന്നതിനിടയാകും. നമ്മുടെ ഹൃദയം ഈശോയുടെ ദിവ്യഹൃദയത്തിൽ സ്നേഹത്തിന്റെ ചൂള കണ്ടെത്തുകയും ഇതിന്റെ ശക്തിയാൽ പിന്നീട് സ്നേഹം കൊണ്ടുമാത്രമല്ലാതെ മറ്റുപ്രകാരം ജീവിപ്പാൻ മേലാതാവുകയും ചെയ്യും." ദിവ്യകുഞ്ഞാടിനെ പിഞ്ചെല്ലുന്ന കന്യകകളെക്കുറിച്ച് വെളിപാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഭാഗം അമ്മയുടെ ധ്യാനവിഷയമായിരുന്നു. തന്റെ പുസ്തകത്തിൽ ഏലീശ്വാമ്മ ഇങ്ങനെ കുറിച്ചു വച്ചു: "ചെമ്മരിയാട്ടിൻകുട്ടിയുടെ മണവാട്ടികൾ ചെമ്മരിയാട്ടിൻകുട്ടിയെ എവിടെയാണെങ്കിലും പിൻചെല്ലുന്നു. ചെമ്മരിയാട്ടിൻകുട്ടിയായിരിക്കുന്ന ഈശോമിശിഹ ഈ ഭൂമിയിൽ സന്തോഷങ്ങളുടെയും ബഹുമാനങ്ങളുടെയും വഴിയിലല്ല നടന്നത്, പിന്നെയൊ, ദുഖങ്ങളുടെയും വ്യാകുലങ്ങളുടെയും നിന്ദാപമാനങ്ങളുടെയും വഴിയിലൂടെയാണ് നടക്കുന്നത്. ഇതിനാൽ ശുദ്ധമാക്കപ്പെട്ട കന്യാസ്ത്രികൾ എല്ലാവരും പാടുകളെയും നിന്ദനങ്ങളെയും വളരെ സ്നേഹിച്ചതു കൂടാതെ സന്തോഷത്തോടെ ദുഷ്കർമങ്ങളും മരണത്തെയും അനുഭവിക്കുകയും ചെയ്തു". ദൈവദാസി മദർ ഏലീശ്വ സ്വജീവിതം കൊണ്ട് ദൈവവിളി എന്താണെന്നും ദൈവവിളിയിൽ എങ്ങനെ മുന്നോട്ടുപോകണമെന്നും ഈ യാത്രയുടെ മഹത്ത്വപൂർണമായ അന്ത്യമെന്തെന്നും വളരെ വ്യക്തമായി സാക്ഷ്യപ്പെടുത്തി.

## സമർപ്പിത ജീവിതമഹത്ത്വം

സമർപ്പിത ജീവിതത്തിന്റെ അതിസ്വാഭാവികതലം നഷ്ടപ്പെട്ടുപോയാൽ, അതായത് പ്രാർഥനയും ദൈവൈക്യവും നഷ്ടപ്പെട്ടാൽ, സമർപ്പിതർ ഉറകെട്ട ഉപ്പ് പോലെ പുറത്തേക്ക് വലിച്ചെറിയപ്പെടുമെന്ന സുവിശേഷ ധ്വനി ഇന്ന് സമർപ്പിതരും അല്മായരും ഒരേപോലെ ധ്യാനവിഷയമാക്കേണ്ടതാണ്. നമ്മുടെ ഈ കാലഘട്ടത്തിൽ, സമർപ്പിത ജീവിതത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ പോലും ചോർത്തിക്കളഞ്ഞ്, ലൗകിക വ്യാമോഹങ്ങളിൽപ്പെട്ട്, വ്രതങ്ങളും സമൂഹജീവിതവും വെടിഞ്ഞ്, സഭാധികാരികളെ ധിക്കരിച്ച് ജീവിക്കുന്ന അന്ധതയുടെ ഉദാഹരണങ്ങളും നാം കണ്ടുകൊണ്ടിരിക്കുന്നു. സന്ന്യാസ ജീവിതം എന്തെന്നറിയാത്ത, സഭയുടെ ദൈവശാസ്ത്രവും ഔദ്യോഗിക പ്രബോധനങ്ങളും മനസ്സിലാക്കാൻ ശ്രമിക്കാത്ത, ആഗോളസഭയുടെ കാനൻ നിയമത്തെക്കുറിച്ച് തരിമ്പുപോലും അറിവില്ലാത്ത മാധ്യമപ്രവർത്തകർ, സഭയുടെ ഉള്ളിൽ നിന്നുതന്നെയുള്ള നവീകരണത്തിന്റെ തരംഗമായി ഇത്തരം അന്ധതകളെ ഉയർത്തിക്കാണിക്കുമ്പോൾ, സ്വന്തം സന്ന്യാസസമൂഹത്തെ തള്ളിപറഞ്ഞ് മാധ്യമങ്ങളുടെയും സഭാവിരോധികളുടെയും പക്ഷം ചേർന്ന് തന്റെ ഭാഗം ന്യായീകരിക്കാൻ ശ്രമിക്കുന്ന മൗഢ്യരൂപങ്ങൾ അല്മായരെപ്പോലും വഴിതെറ്റിക്കുന്നു എന്ന് പറയാതെ വയ്യ. വിശ്വാസവെളിച്ചത്തിൽ മാത്രം ദൃശ്യമാകുന്ന അതിസ്വാഭാവിക തലങ്ങളിൽ അന്ധകാരം നിറഞ്ഞ ഈ വ്യക്തികളുടെ ജീവിതവും മാധ്യമങ്ങളുടെ വിമർശനങ്ങളും ഇന്നത്തെ യുവജനങ്ങളെ വഴി തെറ്റിക്കാതിരിക്കട്ടെ. സമർപ്പിത ജീവിതം എന്തെന്നും അതിന്റെ മൂല്യങ്ങളും മാർഗങ്ങളും അന്ത്യവും എന്തെന്നും കത്തോലിക്കാ സഭയിലെ അസംഖ്യം വിശുദ്ധ വ്യക്തിത്വങ്ങൾ തങ്ങളുടെ ജീവിതം കൊണ്ടും പ്രബോധനങ്ങൾ കൊണ്ടും മുദ്ര വച്ചു തലമുറകൾക്ക് കൈമാറിയിട്ടുള്ളതാണ്. ദൈവവചനവും സഭയുടെ പാരമ്പര്യവും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളും പഠിപ്പിക്കുന്ന വൈദിക സന്ന്യാസ ദൈവവിളിയുടെ മഹത്ത്വം യുവജനങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ച് മനനം ചെയ്യട്ടെ. ■

www.malankaralibrary.com

# കാരുണ്യക്കനിവറിഞ്ഞ പാട്ടെഴുത്തുകാരി!

**ജോസ് ക്ലെമന്റ്**
jacychathiath@gmail.com

**അത്ഭുതങ്ങളും രോഗശാന്തികളും ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന് വചനകൂടാരങ്ങളിൽനിന്നും സാക്ഷ്യപ്പെടുത്തുമ്പോൾ വിശ്വാസിയും അവിശ്വാസിയും ഒരേപോലെ വിശ്വസിക്കുന്ന അപൂർവ കാഴ്ചകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നതും അറിഞ്ഞുകൊണ്ടിരിക്കുന്നതും. അതിന് നന്ദിസൂചകമായി വിശ്വാസി പരസ്യസാക്ഷ്യങ്ങൾ പൊതുവേദികളിലൂടെയും 'ദൃശ്യ-ശ്രാവ്യ'മാധ്യമങ്ങളിലൂടെയും പങ്കുവയ്ക്കുന്നത് നാം ശ്രവിക്കുകയും കാണുകയും ചെയ്യുന്നുണ്ട്. എന്നാൽ ദിവ്യകാരുണ്യാരാധനയിലൂടെ സൗഖ്യമേറ്റവൾ പരസ്യസാക്ഷ്യപ്പെടുത്തലുകളില്ലാതെ ഉൾത്താരിൽനിന്നും ഉറവയെടുത്ത ചിന്തകളിലൂടെ ഒരു ഗാനം രചിക്കുകയും അത് ആൽബമാക്കുകയും ചെയ്തുകൊണ്ട് നന്ദിചൊല്ലലിന് പുതിയൊരു മുഖം നൽകി ആരംഭിച്ച ഗാനരചനാവഴിക്ക് ഇന്ന് ആഗോള അംഗീകാരത്തിന്റെ ശോഭയുണ്ട്. പുഷ്പയെന്ന പാട്ടെഴുത്തുകാരിയുടെ പാട്ടുവഴിയിലൂടെ ഒരു യാത്ര.**

നെയ്യാറ്റിൻകര വിഴവൂർ എസ്.പി.ഭവൻ പാട്ടിന്റെ ശ്രീകോവിലാണ്. വീട്ടുകാരി പുഷ്പ പാട്ടെഴുതുമ്പോൾ മൂത്തമകൻ പ്രിൻസ് സംഗീതം പകരും. ഇളയമകൻ പ്രവീൺ ആലപിക്കും. വീട്ടുകാരൻ സന്തോഷ് പുതുജന്മം പ്രാപിച്ച ഗാനങ്ങളെ ഗാനപേടകത്തിലാക്കും. ഈ ക്രോഡീകരണത്തിന് ആദ്യം വേണ്ടത് പാട്ടെഴുത്തുതന്നെയാണ്.

പാട്ടെഴുത്ത് ഹോബിയാക്കിയ വ്യക്തിയല്ല പുഷ്പ സന്തോഷ്. നിയോഗത്തോടും ആത്മാർഥതയോടും കൂടിയുള്ള ഒരു തീർഥാടനമാണ് പുഷ്പയുടെ പാട്ടുവഴി. ആ തീർഥയാത്ര ആരംഭിക്കുന്നത് 2014-ലെ നോമ്പുകാലത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ വെള്ളറട തെക്കൻ കുരിശുമല തീർഥാടനത്തോടനുബന്ധിച്ച് കുരിശുമല റെക്ടർ ആവശ്യപ്പെട്ടതനുസരിച്ചാണ് പുഷ്പയുടെ ഗാനരചനയുടെ തുടർതുടക്കം. 'കുരിശുമല, കുരിശുമല, തെക്കൻ കുരിശുമല' എന്നാരംഭിക്കുന്ന വരികളിലൂടെ പുഷ്പ രചിച്ച തീർഥാടന ഗാനത്തിന് മൂത്തമകൻ പ്രിൻസാണ് സംഗീതം പകർന്നത്. ആലപിച്ചത് ഇളയമകൻ പ്രവീണും. ഇത് വളരെ ഹിറ്റായി. ഇതൊരു തീർത്ഥാടന ഗാനത്തിൽ സമാപിച്ചില്ല. ഗാനരചനയുടെ ഗിരിശൃംഗങ്ങളിലേക്കുള്ള ആരോഹണമായിരുന്നു പുഷ്പയ്ക്ക് ഈ തീർത്ഥാടനഗാനം.

'പാ' പ്രൊഡക്ഷൻസിന്റെ ബാനറിൽ പ്രദീപ് രാജ് സംവിധാനം ചെയ്ത 'രസവട' എന്ന മലയാള ചലച്ചിത്രത്തിനുവേണ്ടി വടകളെക്കുറിച്ചുള്ള ടൈറ്റിൽ സോംഗ് രചിക്കാൻ നിയോഗിതയായത് പുഷ്പയാണ്. ടൈറ്റിൽ സോംഗിന്റെ മികവിൽ ചിത്രത്തിലെ മറ്റ് നാല് ഗാനങ്ങളും രചിക്കാൻ പുഷ്പതന്നെ നിയോഗിതയായി. ഈ യാത്ര ഇപ്പോൾ വന്നുനിൽക്കുന്നത് മാക്

www.malankaralibrary.com


ഫ്രെയിം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ അംഗീകാരത്തിളക്കത്തിലാണ്. ഒരു വേദനയുടെ സൗഖ്യദായകമായ അനുഭവസാക്ഷ്യത്തിന്റെ രചനയ്ക്കാണ് ഈ അംഗീകാരമെന്ന് തിരിച്ചറിയുമ്പോൾ ഇതിന്റെ തിളക്കം വർധിക്കുന്നു.

## പുഷ്പയ്ക്ക് പാട്ടുസുഗന്ധം

പുഷ്പ സന്തോഷ് ഒരു ദൈവാലയ തിരുകർമഗായിക എന്നതിനപ്പുറം സംഗീത കുടുംബപശ്ചാത്തലമോ, പാരമ്പര്യമോ ഒന്നുമില്ലെങ്കിലും പുഷ്പ കുറിച്ചിടുന്ന വരികളിലൊക്കെ പാട്ടിന്റെ സുഗന്ധമുള്ള ദളങ്ങളാണ് വിരിയുന്നത്. അവയ്ക്കെല്ലാം റോസിൻ സുഗന്ധംപോലെ ആസ്വാദ്യ പരിമളതയും.

വിശുദ്ധ ജെമ്മയുടെ നാമധേയത്തിലുള്ള കേരളത്തിലെ ഏക ദൈവാലയമെന്നയവകാശം നെയ്യാറ്റിൻകര രൂപതയിലെ വിഴവൂരിന് സ്വന്തമാണ്. പുഷ്പ സന്തോഷിന്റെ ഇടവക പള്ളിയാണിത്. ഈ ദൈവാലയത്തിലെ മധ്യസ്ഥതിരുനാളിന് വിശുദ്ധ ജെമ്മയെക്കുറിച്ച് ഒരു ഗാനം രചിക്കുന്നതിന് അന്നത്തെ ഇടവക വികാരി ഫാ. നിക്സൺ രാജ് നിയോഗിച്ചത് പുഷ്പയെയായിരുന്നു. പ്രാർഥിച്ചൊരുങ്ങി ചിട്ടപ്പെടുത്തിയ വരികൾക്ക് പ്രശസ്ത സംഗീത സംവിധായകൻ ഒ.വി.ആർ മാസ്റ്റർ സംഗീതം പകർന്നതോടെ പുഷ്പയുടെ വരികൾക്ക് കൂടുതൽ ജീവനും സുഗന്ധവുമായി. ഭക്തിയും വിശുദ്ധിയും സമ്മോഹനമായി സങ്കലിതമായ ഈ ഗാനം വിഖ്യാതമായതോടെ വിഴവൂരിലെ പുഷ്പയെന്ന പാട്ടെഴുത്തുകാരി അംഗീകരിക്കപ്പെടുകയായിരുന്നു. ഈ അംഗീകാര നിറവിലാണ് തെക്കൻ കുരിശുമല ഗാനത്തിന്റെ പിറവിയും തുടർന്നുള്ള ക്രിസ്ത്യൻ ഗാനങ്ങളുടെ ഒഴുക്കും ഈ പാട്ടെഴുത്തുകാരിയിൽ നിന്നുണ്ടായത്. രസവടയുടെ ടൈറ്റിൽ ഗാനവും ഇതര നാല് ഗാനങ്ങളും പുഷ്പയിൽനിന്നും പിറവികൊണ്ടതോടെ ബിഗ് സ്ക്രീനിലും പുഷ്പ സന്തോഷിന്റെ നാമം തെളിയാൻ തുടങ്ങി.

പാട്ടെഴുത്തിനുള്ള അടിസ്ഥാന പാഠങ്ങളോ ശാസ്ത്രീയ അടിത്തറയോ പുഷ്പയ്ക്കില്ലെങ്കിലും തന്നിലെ പാട്ടെഴുത്തുകാരിയെ തേച്ചുമിനുക്കിയെടുത്തത് കേരള കത്തോലിക്കാ യുവജന പ്രസ്ഥാന (കെ.സി.വൈ.എം) ത്തിലൂടെയാണെന്ന് അന്തർദേശീയ തിളക്കത്തിലും അഭിമാനപൂർവം പുഷ്പ സ്മരിക്കുന്നു. കെ.സി.വൈ.എം പ്രവർത്തകയായിരിക്കേയാണ് കവിതാരചനയിലും നാടകരചനയിലും പുഷ്പ കൈയൊപ്പുചാർത്തിയത്. നാലാം ക്ലാസ്സുകാരിയായിരിക്കുമ്പോൾ മുതൽ പള്ളിപ്പാട്ട് സംഘ



പാട്ടുകുടുംബം

www.malankaralibrary.com

ത്തിലെ അംഗമായിരുന്ന പുഷ്പ ദൈവാലയ ഗായക സംഘത്തിലെ സജീവ ഗായികയായിട്ട് മൂന്ന് പതിറ്റാണ്ട് പിന്നിടുകയാണ്.

## ചരിത്രാധ്യാപികയിൽ നിന്നുറവയെടുക്കുന്ന പാട്ട്

ചരിത്രവിഷയത്തിൽ ബിരുദാനന്തര ബിരുദധാരിയും അധ്യാപികയുമായ പുഷ്പയിൽനിന്നും തെളിനീരുപോലെ ഉറവയെടുത്തത് പാട്ടിന്റെ നീരൊഴുക്കാണ്. കേരളത്തിലെ ക്രൈസ്തവ ആരാധനാലയങ്ങളിൽ പ്രചുരപ്രചാരം ലഭിക്കുകയും ഇന്നും ദിവ്യകാരുണ്യസ്വീകരണവേളയിൽ ആലപിക്കുകയും ചെയ്യുന്ന, ഫാ. റോബിൻ രാജ് സംഗീതം നൽകി അണിയിച്ചൊരുക്കിയിട്ടുള്ള 'ഹൃദയത്തിൻ വാതിൽ തുറന്നിടുന്നു, ഹൃദയത്തിൻ തന്ത്രി മീട്ടുന്നു' എന്ന ഗാനത്തിന്റെ രചയിതാവും സെന്റ് ജെമ്മാ കോൺവന്റ് എൽ.പി സ്കൂൾ അധ്യാപികയായ പുഷ്പയാണ്. ദിവ്യകാരുണ്യത്തോട് അത്യധികം ചേർന്നുനിന്നുകൊണ്ടുള്ള ഒരു ജീവിതമായതുകൊണ്ടാവാം പുഷ്പയിലുണ്ടായ അത്ഭുതരോഗശാന്തിക്കും പുഷ്പയ്ക്കു ലഭിച്ച അംഗീകാരത്തിനും ദിവ്യകാരുണ്യം തന്നെ നിമിത്തമായത്.

## ദിവ്യകാരുണ്യം നൽകിയ അമൃത്

ഇടവക പള്ളിയിൽ മാസാദ്യവ്യാഴാഴ്ചകളിൽ നടക്കുന്ന ദിവ്യകാരുണ്യ ആരാധനയിൽ മുടങ്ങാതെ പങ്കെടുക്കുന്ന ഒരു കുടുംബമാണ് പുഷ്പയുടേത്. ഈ ആരാധന മാറ്റിവച്ചുകൊണ്ട് പുഷ്പയ്ക്ക് മറ്റൊരു പരിപാടിയുമില്ല. അതിനാൽ ജീവിത സന്തോഷങ്ങളും സങ്കടങ്ങളും വേദനകളും ബുദ്ധിമുട്ടുകളുമൊക്കെ പുഷ്പ പങ്കുവയ്ക്കുന്നതും ഇറക്കിവയ്ക്കുന്നതും ഈ ദിവ്യകാരുണ്യസന്നിധിയിലാണ്. ഒപ്പമാകാൻ അപ്പമായവനെ അത്രയ്ക്കേറെ വിശ്വാസത്തോടെ ഈ പാട്ടെഴുത്തുകാരി ആരാധിച്ചുവണങ്ങിയിരുന്നു. അതുകൊണ്ടുതന്നെ തന്റെ വലതുകൈക്കുണ്ടായ അസഹനീയമായ വേദനയും ഈ തിരുമണിക്കൂറിൽ സമർപ്പിച്ച് പ്രാർഥിക്കാൻ പുഷ്പ വിമുഖതകാട്ടിയില്ല. മരുന്നുകളും ലേപനങ്ങളും ഉപയോഗിച്ചിട്ടും തിരുനാമ കീർത്തനങ്ങൾ രചിക്കുന്ന തന്റെ വലതുകരത്തിന്റെ വേദനയ്ക്ക് ശമനമുണ്ടാകാതെയായപ്പോൾ ദിവ്യകാരുണ്യ നാഥനിലൂടെ മാത്രമേ ഈ വേദന ശമിച്ച് തനിക്ക് സൗഖ്യം കിട്ടുകയുള്ളൂവെന്ന് പുഷ്പ ഉറച്ചുവിശ്വസിച്ചു. ആ വിശ്വാസത്താലാണ് അസ



www.malankaralibrary.com

ഹനീയ വേദനകൾക്കിടയിലും മാസാദ്യവ്യാഴത്തിലെ ആരാധനയിൽനിന്ന് പുഷ്പ വിട്ടുനിൽക്കാതിരുന്നത്. ഒരു മാസാദ്യവ്യാഴാഴ്ച പതിവുപോലെ ആരാധനയ്ക്ക് പങ്കെടുത്തുനിൽക്കേ ശിരസ്സിൽ കൈവയ്പു ശുശ്രൂഷ നടത്തി പ്രാർഥിക്കാനെത്തിയ വൈദികൻ പുഷ്പയുടെ ശിരസിൽ കൈവെച്ചു പ്രാർഥിച്ചിട്ട് ദിവ്യകാരുണ്യനാഥനെ മനസ്സിൽ ധ്യാനിച്ച് വലതുകൈ നിവർത്തി കുടയാൻ ആവശ്യപ്പെട്ടു. അസഹനീയ വേദനയ്ക്കിടയിലും വിശ്വാസത്തോടെ ദിവ്യകാരുണ്യനാഥനെനോക്കി ധ്യാനിച്ചുകൊണ്ട് പുഷ്പ വേദന നിറഞ്ഞ കൈ നിവർത്തി കുടഞ്ഞു. ആ കുടച്ചിലിൽ കൈയിലെ വിട്ടുമാറാത്ത വേദന തെറിച്ചുപോയ അനുഭവമാണ് പുഷ്പയ്ക്കുണ്ടായത്. ഒട്ടും അവിശ്വസിക്കാതെ ദിവ്യകാരുണ്യനാഥനിലൂടെ തന്നിൽ സംഭവിച്ച അത്ഭുതരോഗശാന്തിക്ക് നന്ദിയർപ്പിച്ചുകൊണ്ട് തന്റെ സാക്ഷ്യമായി പുഷ്പ ദിവ്യകാരുണ്യനാഥനെ സ്തുതിച്ചുകൊണ്ട് ഒരു ഗാനമെഴുതി.

*"ആരാധന, ആരാധന, ദിവ്യകാരുണ്യാരാധന*
*ആരാധന, ആരാധന*
*തിരുവോസ്തി രൂപന് ആരാധന*
*കൈകൾ കൂപ്പി വണങ്ങിടാം*
*ആഗതമാകുമെൻ ഈശോ നാഥന്*
*സ്നേഹത്തിൻ നാഥനായ ഈശോയ്ക്ക്..."* - ഈ ഗാനം രചിക്കുന്നത് 2012-ൽ. കേരളത്തിലെ ക്രൈസ്തവ ദൈവാലയങ്ങളിൽ ഈ ഗാനം ആരാധന സ്തുതിപ്പായി മാറ്റൊലി കൊള്ളാൻ തുടങ്ങിയപ്പോൾ അന്തിയൂർകോണം കുരിശിന്റെ വിശുദ്ധ യോഹന്നാൻ ഇടവക പള്ളിവികാരി ഫാ. റോബിൻ രാജ് ഇതൊരു സംഗീത ആൽബമാക്കി ദൃശ്യവല്ക്കരിക്കാൻ തയ്യാറായി. അന്തിയൂർകോണം വിശുദ്ധ കുരിശിന്റെ ദൈവാലയത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഇടവക സമൂഹത്തെയും എം.എസ്.എസ്.റ്റി സന്ന്യാസിനിമാരെയും അണിനിരത്തി ഫാ. റോബിൻ രാജ്, ഡോ. സോന, സെൽവരാജ്, സതികുമാർ, അൽഫോൻസ തുടങ്ങിയവരെ കഥാപാത്രങ്ങളാക്കിക്കൊണ്ട് ഈ ഗാനം ചിത്രീകരിച്ചു. സജിത് വഴയിലയുടെ ഛായാഗ്രഹണത്തിൽ ദൈവാലയവും പരിസരങ്ങളും കുരിശടിയും വെള്ളയാണി കിരീടം പാലവും കായലുമൊക്കെ ലൊക്കേഷനാക്കി റോബിൻസ് ഹാർമണിയുടെ ബാനറിൽ പുഷ്പയുടെ ഭർത്താവ് സന്തോഷ് 'സ്നേഹത്തിൻ നാഥൻ' എന്ന പേരിൽ ആൽബം നിർമിച്ചു. ലാലുപോൾ സംവിധാനം നിർവഹിച്ച ഈ ആൽബത്തിൽ എലിസബത്ത് രാജു ആലപിച്ച 'സ്നേഹത്തിൻ നാഥൻ' കാസർഗോഡ് നടന്ന മലബാർ ആക്ടേഴ്സ് ആന്റ് ക്രൂ (മാക്) ഫ്രെയിം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കുകയുണ്ടായി. ഗോൾഡൻ സെക്കന്റ് ബെസ്റ്റ് മ്യൂസിക്കൽ ആൽബമായി 'സ്നേഹത്തിൻ നാഥൻ' തിരഞ്ഞെടുക്കപ്പെട്ട് അംഗീകരിച്ചപ്പോൾ പുഷ്പ സന്തോഷിന്റെ അനുഗ്രഹസാക്ഷ്യത്തിന്റെ അംഗീകാരം കൂടിയായി മാറുകയായിരുന്നു ഈ അവാർഡ്.

## കുടുംബപുരാണം

അമ്മയുടെ പാട്ടെഴുത്തും മക്കളുടെ സംഗീതം പകരലും ആലാപനവും അപ്പന്റെ നിർമാണവുമൊക്കെ കൂടിച്ചേരുമ്പോൾ എസ്.പി ഭവനിലെ നാലംഗകുടുംബം ഒരു സമർപ്പിത സംഗീത കുടുംബമായി മാറുകയാണ്. പുഷ്പ സന്തോഷ് അധ്യാപന ജീവിതമാരംഭിച്ചിട്ട് രജതജൂബിലി പിന്നിട്ടു. മതാധ്യാപികയായി കർമനിരതയായിട്ടും രജതവർഷങ്ങൾ പൂർത്തിയാക്കി. ദൈവാലയ ഗായികയായി തിരുനാമകീർത്തനത്തിന്റെ ഉപാസകയായതിന്റെ പേൾ ജൂബിലി വർഷത്തിലാണ്. ഇതിലൊക്കെ ഉപരിയായി ദാമ്പത്യജീവിതത്തിന്റെ രജത തിളക്കത്തിന്റെ പ്രയാണത്തിലുമാണ് വീട്ടമ്മകൂടിയായ ഈ പാട്ടുകാരി. അംഗീകാരങ്ങൾ ഓരോന്നും തേടിവന്നു കൊണ്ടിരിക്കുന്തോറും വിനയത്തിന്റെ താഴ്‌വാരങ്ങളിൽ ഈ കുടുംബം മുട്ടുമടക്കുകയാണ്.

കെ.എസ്. ആർ. ടി.സി എമ്പാനൽ ഡ്രൈവറായിരുന്ന സന്തോഷ് ഇപ്പോൾ സംഗീതവഴിയിലായിരിക്കേ തന്നെ പച്ചക്കറി കൃഷി, മത്സ്യകൃഷി, കാടകൃഷി എന്നിവയിൽ കർമോന്മുഖനാണ്. വിളവക്കൂർ ഗ്രാമപഞ്ചായത്തിലെ മികച്ച യുവകർഷകനുള്ള അവാർഡും ഇദ്ദേഹത്തെയാണ് തേടിയെത്തിയത്. തപാൽവകുപ്പിൽ മെയിൽ വണ്ടിയിൽ താൽക്കാലിക ഡ്രൈവറായും ഇപ്പോൾ ജോലിനോക്കിവരുന്നു. മൂത്തമകൻ പ്രിൻസ് ബിരുദാനന്തര ബിരുദപഠനത്തോടൊപ്പം സിവിൽ സർവീസ് പ്രവേശന ഒരുക്കത്തിനുള്ള പരിശീലനത്തിലും വ്യാപൃതനാണ്. ഇളയമകൻ പ്രവീൺ സ്വാതിതിരുനാൾ സംഗീതകോളജിൽ നിന്നും ബിരുദപഠനം പൂർത്തിയാക്കി ഇപ്പോൾ മൊബൈൽ ടെക്നീഷ്യൻ കോഴ്സിന് പഠിച്ചുകൊണ്ടിരിക്കുകയാണ്. ദിവ്യകാരുണ്യനാഥൻ ഒരുക്കിത്തരുന്ന സൗഭാഗ്യങ്ങൾക്കുമുന്നിൽ കരങ്ങൾ കൂപ്പി ശിരസുനമിച്ച് ആരാധനാ സ്തോത്രം ആലപിക്കുമ്പോൾ ഈ പാട്ടുകുടുംബത്തിന്റെ അധരങ്ങളിൽ നിന്നുയരുന്നത് ആരാധനാ സ്തുതിപ്പുതന്നെയാണ്. 'ആരാധന, ആരാധന, ദിവ്യകാരുണ്യ ആരാധന.' ■

www.malankaralibrary.com

# മഹറോൻ ശിക്ഷ ഇപ്പോഴുമുണ്ടോ?



സഭയിൽനിന്ന് മഹറോൻ ചൊല്ലിയെന്നു പഴയകാല ചരിത്രങ്ങൾ വായിച്ചപ്പോൾ കണ്ടിട്ടുണ്ട്. മഹറോൻ ചൊല്ലുക എന്നാൽ എന്താണ്? ഇപ്പോഴത്തെ സഭാനിയമം വ്യക്തമാക്കാമോ?

– *വർഗീസ് പെരിന്തൽമണ്ണ*

**ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ**
*ചാൻസലർ,*
*സീറോമലബാർസഭാ കാര്യാലയം*

'മഹ്റോൻ' എന്നതു സുറിയാനി പദമാണ്. ശപിക്കുക എന്നർഥമുള്ള 'ഹ്റം' എന്ന വാക്കിൽ നിന്നാണ് മഹ്റോൻ എന്ന പദം രൂപപ്പെട്ടിരിക്കുന്നത്. മഹ്റോൻ എന്ന വാക്കിന്റെ അർഥം 'സഭയിൽനിന്ന് പുറത്താക്കൽ' എന്നാണ്. ഇംഗ്ലീഷിൽ excommunication എന്ന വാക്കാണ് ഉപയോഗിക്കുന്നത്. സഭാകൂട്ടായ്മയ്ക്കു പുറത്താകുക എന്നർഥമാണ് ഈ വാക്കിനുമുള്ളത്.

സഭയുടെ മാനുഷികവശമാണ് ശിക്ഷാനിയമങ്ങൾക്കും ശിക്ഷാനടപടികൾക്കും സാംഗത്യം നൽകുന്നത്. ഇക്കാര്യത്തിൽ പൗരസ്ത്യ സഭാനിയമം വ്യക്തമായ കാഴ്ചപ്പാട് നൽകുന്നുണ്ട്. കാനോന 1401- ൽ ശിക്ഷണ നടപടികളെക്കുറിച്ചുള്ള സഭയുടെ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. ഒന്നാമതായി, ദൈവസ്നേഹത്തിന്റെ പ്രകടനമാകണം ശിക്ഷാനടപടികൾ. രണ്ടാമതായി, സഭയ്ക്കു അഴിക്കാനും കെട്ടാനും അധികാരം ലഭിച്ചിരിക്കുന്നതു ക്രിസ്തുവിൽനിന്നാണ്. മൂന്നാമതായി, നിയമം ലംഘിക്കുകയോ സമൂഹത്തിനും സഹോദരങ്ങൾക്കുമെതിരായി പ്രവർത്തിക്കുകയോ ചെയ്യുന്നവരെ രോഗികളായാണ് കണക്കാക്കേണ്ടത്. നാലാമതായി, തിരുത്തലുകളും ശാസനകളുംവഴി രോഗത്തെ സുഖപ്പെടുത്തുമ്പോഴും ക്ഷമയും സഭയുടെ പ്രബോധനവും കൂടെയുണ്ടാകണം. അഞ്ചാമതായി, ശിക്ഷണനടപടികൾ സ്വീകരിക്കുന്നതു കുറ്റം ചെയ്തതുവഴിയായി ഉണ്ടായ മുറിവുകൾ സുഖപ്പെടുത്തുന്നതിനും കുറ്റം ചെയ്തവർ നിരാശയുടെ ഗർത്തത്തിൽ വീഴാതിരിക്കുന്നതിനും ജീവിതത്തിൽ മാറ്റംവരുത്തി തെറ്റു തിരുത്തുന്നതിനും നിയമത്തെ ബഹുമാനിക്കുന്ന സാഹചര്യം ഉളവാക്കുന്നതിനുമായിരിക്കണം.

സഭയുടെ നിയമസംഹിതകളിൽ ശിക്ഷണനടപടികളെക്കുറിച്ചു പൊതുവായും പ്രത്യേകമായും പരാമർശിക്കുന്നുണ്ട് (CCEO cc. 1401-1467, CIC cc. 1311-1399). ലത്തീൻ സഭാനിയമത്തിലെ 'സഭയിലെ ശിക്ഷാനടപടികൾ' എന്ന ഭാഗം 2021-ൽ നവീകരിക്കുകയുണ്ടായി. പൗരസ്ത്യസഭകളുടെ നിയമസംഹിതയിൽനിന്നു ചില വ്യത്യാസങ്ങൾ ഒഴിച്ചാൽ ശിക്ഷാനടപടികളുടെ ഈ ഭാഗം ഏകദേശം സമാനമാണ്. പൗരസ്ത്യ കാനൻനിയമത്തിലെ 1436 മുതൽ 1467 വരെയുള്ള കാനോനകൾ വിവിധതരത്തിലുള്ള കുറ്റങ്ങളും അവയ്ക്കുള്ള പ്രത്യേക ശിക്ഷകളും എടുത്തുപറയുന്നു. ക്രൈസ്തവവിശ്വാസത്തിനും ഐക്യത്തിനും എതിരായ പ്രവൃത്തികൾ, സഭാധികാരികൾക്കെതിരെയുള്ള പ്രവൃത്തികൾ, അനധികൃതമായി സഭയിലെ അധികാരം കൈവശമാക്കൽ, അധികാരദുരുപയോഗം, സത്യത്തെ വളച്ചൊടിച്ചു സൽപ്പേരിനു കളങ്കംവരുത്തുന്ന പ്രവൃത്തികൾ, മനുഷ്യജീവനും സ്വാതന്ത്ര്യത്തിനും എതിരായ പ്രവൃത്തികൾ എന്നീ വിഭാഗങ്ങളിൽപ്പെടുന്നവയാണ് ഈ കുറ്റകൃത്യങ്ങൾ.

www.malankaralibrary.com

ഇങ്ങനെയുള്ള കുറ്റങ്ങൾക്കു സഭാനിയമം നിശ്ചയിച്ചിരിക്കുന്ന ശിക്ഷകളാണ് മഹറോൻ, തരംതാഴ്ത്തൽ, സ്ഥാനഭ്രഷ്ടനാക്കൽ തുടങ്ങിയവ. നിയമത്തിൽ മറ്റൊരു ശിക്ഷ നിശ്ചയിക്കാത്ത സാഹചര്യങ്ങളിൽ നിശ്ചിത പ്രാർഥനകൾ, തീർഥാടനം, പ്രത്യേക ഉപവാസം, ദാനധർമം, ധ്യാനം തുടങ്ങിയ ഗൗരവമാർന്ന പുണ്യപ്രവർത്തികളോ ഭക്താഭ്യാസങ്ങളോ ഉപവിപ്രവർത്തനങ്ങളോ ആവശ്യപ്പെടുന്നതായ ശിക്ഷകൾ നൽകുന്നു (c. 1426 §1).

സഭയുടെ നിയമത്തിലുള്ള ഒരു ശിക്ഷാരീതിയാണ് മഹറോൻ ശിക്ഷ അഥവാ സഭയിൽനിന്നു പുറത്താക്കൽ. സഭാനിയമം ലംഘിക്കുന്ന ഒരു വ്യക്തിയുടെമേൽ മഹറോൻ ശിക്ഷ ചുമത്താൻ സഭയ്ക്കു അധികാരമുണ്ട്. ഓരോ സമൂഹത്തിനും പ്രവേശന മാനദണ്ഡങ്ങളും അംഗത്വം നഷ്ടപ്പെടുന്ന സാഹചര്യങ്ങളും കൃത്യമായി നിർവചിക്കപ്പെട്ടിട്ടുള്ളതുപോലെ മാമ്മോദീസയിലൂടെ സഭയിൽ അംഗമാകുന്ന ഒരു വ്യക്തിക്കു തന്റെ അംഗത്വം സഭയുടെ ഔദ്യോഗിക നടപടികളിലൂടെ നഷ്ടമാകുന്ന സാഹചര്യമാണ് മഹറോൻ ശിക്ഷയിൽ ഉള്ളത്. വി. പൗലോസിന്റെ പ്രബോധനങ്ങളിൽനിന്ന് ഈ ശിക്ഷ അപ്പസ്തോലന്മാരുടെ കാലംമുതൽ നിലനിന്നിരുന്നുവെന്നു വ്യക്തമാകുന്നു (ഗലാ 1:8, 1 കോറി 1:21-22, 1 കോറി 5:35, 1 തിമോ 1: 1820).

മഹറോൻ ശിക്ഷയെ ചെറിയ മഹറോൻ ശിക്ഷ, വലിയ മഹറോൻ ശിക്ഷ എന്ന് രണ്ടായി പൗരസ്ത്യനിയമം തിരിക്കുന്നു. ചെറിയ മഹറോൻ ശിക്ഷ ലഭിക്കുന്ന വ്യക്തികൾക്കു വി. കുർബാന സ്വീകരിക്കുന്നതിനു സാധിക്കില്ല. കാര്യത്തിന്റെ ഗൗരവമനുസരിച്ചു വി. കുർബാനയിൽ സംബന്ധിക്കുന്നതിൽനിന്നും ദൈവാരാധന നടക്കുന്ന സമയത്ത് പള്ളിയിൽ പ്രവേശിക്കുന്നതിൽനിന്നും ആവശ്യമെങ്കിൽ വിലക്കാവുന്നതാണ് (c. 1431). ഉദാഹരണത്തിന് ഒരാളുടെ സൽപ്പേരിനു കളങ്കം വരുത്തിയ വ്യക്തി ഉചിതമായ പരിഹാരം ചെയ്യാൻ വിസമ്മതിച്ചാൽ ചെറിയ മഹറോൻ ശിക്ഷ നൽകാവുന്നതാണ് (c. 1452). കുമ്പസാര സംബന്ധമായ വിവരങ്ങൾ നേടിയെടുക്കുകയോ പുറത്തുപറയുകയോ ചെയ്യുന്നവർക്കു ചെറിയ മഹറോൻ ശിക്ഷ (c. 1456 §2) സഭ നിഷ്കർഷിക്കുന്നു.

വലിയ മഹറോൻ ശിക്ഷ ഏറ്റവും ഗുരുതരമായ രോഗങ്ങൾക്കു നല്കുന്ന ചികിത്സയാണ്. വലിയ മഹറോൻ ശിക്ഷയിൽ ഉൾപ്പെട്ടിരിക്കുന്നവർക്കു വി. കുർബാന സ്വീകരണം, വി. കുർബാനയിലും പരസ്യാരാധനയിലും പങ്കെടുക്കൽ, മറ്റു കൂദാശകളുടെ സ്വീകരണം, കൂദാശകളും കൂദാശാനുകരണങ്ങളും പരികർമം ചെയ്യൽ എന്നിവയിൽനിന്നു വിലക്ക് നിലവിൽവരുന്നു. സഭയിൽ ഔദ്യോഗിക സ്ഥാനമുള്ളവർക്ക് അവയും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നു (c. 1434). പാഷണ്ഡത, വിശ്വാസത്യാഗം, ശീശ്മ, വി. കുർബാനയോടുള്ള അവഹേളനം, വിശുദ്ധ വസ്തുക്കൾ ലൗകിക കാര്യങ്ങൾക്കായി ഉപയോഗിക്കുന്നത്, മാർപ്പാപ്പയ്ക്കോ മെത്രാന്മാർക്കോ എതിരെയുള്ള ബലപ്രയോഗം, കുമ്പസാര രഹസ്യം പുറത്താക്കൽ, നരഹത്യ തുടങ്ങിയ കുറ്റങ്ങൾക്കു വലിയ മഹറോൻ ശിക്ഷ സഭാനിയമം നിശ്ചയിച്ചിരിക്കുന്നു.

രൂപതാധ്യക്ഷൻ അല്ലെങ്കിൽ നിയമാനുസൃതമുള്ള മേലധികാരിയാണു നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരു വ്യക്തിക്കു മഹറോൻ ശിക്ഷ നൽകുന്നത് (c-1407 ff). ലത്തീൻ സഭാനിയമം വിവക്ഷിക്കുന്ന, കുറ്റകൃത്യത്താൽത്തന്നെ നടപടി കൂടാതെയുള്ള ശിക്ഷ (latae sententiae) പൗരസ്ത്യ സഭാനിയമത്തിൽ ഇല്ല എന്നതു പ്രധാനപ്പെട്ട വസ്തുതയാണ്. കുറ്റക്കാരനായ വ്യക്തി ആത്മാർഥമായി അനുതപിക്കുകയും ഉതപ്പും ഉപദ്രവവും പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്താൽ ശിക്ഷയിൽനിന്ന് ഇളവ് കൊടുക്കേണ്ടതാണ് (c. 1424). മഹറോൻ ശിക്ഷ ഒരു നിശ്ചിത കാലഘട്ടത്തേയ്ക്കു മാത്രമാണ്, നിത്യമല്ല. മേലധികാരിയാണ് കാലഘട്ടം നിശ്ചയിക്കുന്നത്.

കുറ്റകൃത്യം രോഗമാണെന്നും ശിക്ഷണ നടപടികൾ രോഗസൗഖ്യത്തിനുള്ള ചികിത്സയാണെന്നും പറയുന്ന പൗരസ്ത്യനിയമം മഹറോൻ ശിക്ഷയിലായിരിക്കുന്ന വ്യക്തിയെ മരണാവസ്ഥയിൽ കൂദാശകൾ സ്വീകരിക്കാൻ അനുവദിക്കുകയും മരണാസന്നരായിരിക്കുന്ന വിശ്വാസികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു ആവശ്യമായി വരുമ്പോൾ മഹറോൻ ശിക്ഷയിലായിരിക്കുന്ന ഒരു വൈദികനെ കൂദാശകൾ പരികർമം ചെയ്യാൻ അനുവദിക്കുകയും ചെയ്യുന്നു (c. 1435).

ചുരുക്കത്തിൽ, മഹറോൻ ശിക്ഷ നരകത്തിൽ നിപതിക്കാൻ ഒരു വ്യക്തി വിധിക്കപ്പെട്ടവനാണ് എന്ന പ്രഖ്യാപനമല്ല, മറിച്ച്, സഭാകൂട്ടായ്മയിൽനിന്നു സ്വന്തം പ്രവൃത്തികളുടെ ഫലമായി പുറത്താക്കപെടുകയാണ് എന്ന പ്രഖ്യാപനം മാത്രമാണ്. കാരണം, ആർക്കും നരകശിക്ഷ നല്കാനുള്ള അധികാരം സഭയ്ക്കില്ല. അത് ഓരോ വ്യക്തിയുടെയും പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ ദൈവനിശ്ചയത്തിനു മാത്രം വിധേയമാണ്. ■

www.malankaralibrary.com

# ആരാധനക്രമം എന്ന വിനോദം

ആരാധന ക്രമത്തിന്റെ മനോഹാരിതയെയും സമ്പന്നതയെയുംകുറിച്ച് ദൈവദാസൻ റൊമാനൊ ഗുവാർഡിനിയുടെ 'ആരാധനക്രമത്തിന്റെ ആത്മാവിനെക്കുറിച്ച്' എന്ന ഗ്രന്ഥത്തെ ആസ്പദമാക്കിയുള്ള ദിവ്യകാരുണ്യ മിഷനറി സഭാംഗമായ ലേഖകന്റെ നിരീക്ഷണത്തിന്റെ ആദ്യഭാഗം.



റവ. ഡോ. ജോസഫ് പാണ്ടിയപ്പള്ളിൽ MCBS
*ജനറൽ കൗൺസിലർ, MCBS ജനറലേറ്റ്*


റൊമാനൊ ഗുവാർഡിനിയുടെ (1885–1968) 'ആരാധനക്രമത്തിന്റെ ആത്മാവിനെക്കുറിച്ച്' എന്ന ഗ്രന്ഥത്തെ ആരാധന ക്രമത്തെക്കുറിച്ചുള്ള ഒരു ജർമൻ ക്ളാസിക് എന്ന് വിശേഷിപ്പിക്കാം. കത്തോലിക്കാ ദൈവശാസ്ത്രജ്ഞനും ക്രൈസ്തവ വിശ്വദർശനത്തിന്റെ പ്രൊഫസറും പത്തൊൻപതാം നൂറ്റാണ്ടിൽ യൂറോപ്പിൽ ആരംഭിച്ച ആരാധനക്രമനവീകരണ പ്രസ്ഥാനത്തിന്റെയും ഇരുപതാം നൂറ്റാണ്ടിലെ ജർമൻ യുവജന മുന്നേറ്റത്തിന്റെയും നേതൃനിരയിൽ നിന്നവനും ആയിരുന്നു ദൈവദാസനായ റൊമാനൊ ഗുവാർഡിനി. അനാരോഗ്യം മൂലം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമ കമ്മീഷനിൽ അംഗമാകുന്നതിനുള്ള ക്ഷണം അദ്ദേഹം നിരസിച്ചു. ബനഡിക്ട് പതിനാറാമൻ പാപ്പയുടെ 'ആരാധനക്രമത്തിന്റെ ആത്മാവ്' എന്ന പുസ്തകം ആരംഭിക്കുന്നത് പാപ്പാ 1946 –ൽ, ഗുവാർഡിനി 1918–ൽ പ്രസിദ്ധീകരിച്ച 'ആരാധനക്രമത്തിന്റെ ആത്മാവിനെകുറിച്ച്' എന്ന പുസ്തകം വായിച്ചശേഷമാണ് തന്റെ ദൈവശാസ്ത്രപഠനം ആരംഭിക്കുന്നത് എന്നുപറഞ്ഞുകൊണ്ടാണ്.

ആരാധനക്രമത്തിന്റെ മനോഹാരിതക്കും സമ്പന്നതക്കും ഗുവാർഡിനി വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് ബനഡിക്ട് പാപ്പാ പറയുന്നു. മനോഹരമായ ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ട് നൂറു വർഷങ്ങൾ കഴിഞ്ഞിട്ടും ഇതിലെ നിരവധി ആശയങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിലിലും അതിനുശേഷവും നടപ്പാക്കിയിട്ടുണ്ടെങ്കിലും ഇന്നും ഈ ഗ്രന്ഥം പ്രസക്തവും പ്രചോദനവുമായി നിലകൊള്ളുന്നു.

## ആരാധനക്രമം എന്ന പ്രാർഥന

ആരാധനക്രമം ഒരു വ്യക്തിയുടെ മാത്രം പ്രാർഥനയല്ല. അത് ഒരു സമൂഹത്തിന്റെ പ്രാർഥനയാണ്. സഭയുടെ ഔദ്യോഗിക പ്രാർഥനയാണ് ആരാധനക്രമം. അഭിഷേകം ചെയ്യപ്പെട്ട പുരോഹിതനാണ് ആരാധനക്രമം നയിക്കുന്നത്. അത് ഒരു വിശ്വാസിയുടെ ഭക്തിനിർഭരമായ പ്രാർഥനയിൽ നിന്നും വ്യത്യസ്തമാണ്. വിശ്വാസിയുടെ ഭക്തിനിർഭരമായ പ്രാർഥന കൂടുതൽ വൈകാരികവും തീവ്രവുമാണ്. ആരാധനക്രമ പ്രാർഥനയുടെ രൂപവും നിയമങ്ങളും വ്യക്തിപരമായ പ്രാർഥനയുടെ രൂപവും നിയമവും ആയിക്കൂട. രണ്ടും വ്യത്യസ്തമാണ്. ആരാധനക്രമത്തിനും വ്യക്തിപരമായ പ്രാർഥനക്കും അതിന്റേതായ ലക്ഷ്യവും ആവശ്യകതകളും ഉണ്ടെങ്കിലും ആരാധനക്രമത്തിനാണ് മുൻഗണന. ആരാധനക്രമം പ്രാർഥനയുടെ നിയമമാണ് *(lex orandi)*. ആരാധനക്രമത്തിന് പുറത്തുള്ള പ്രാർഥന ആരാധനക്രമത്തിലേക്ക് നയിക്കുകയും ആരാധനക്രമത്തിന്റെ വെളിച്ചത്തിൽ നവീകരിക്കപ്പെടുകയും വേണം. ആരാധനക്രമം സഭയുടെ വിശ്വാസസംഹിത പ്രതിഫലിപ്പിക്കണം. ആരാധനക്രമം പ്രാർഥനയുടെ നിയമം *(lex orandi)* മാത്രമല്ല വിശ്വാസത്തിന്റെ നിയമവും *(lex credendi)* ആണ് എന്നാണ് ഗുവാർഡിനിയുടെ നിലപാട്. വിശ്വാസം പ്രകടമാക്കാനും വിശ്വാ

www.malankaralibrary.com



സത്തിലേക്ക് നയിക്കാനും ആരാധനക്രമത്തിനാകണം. അതായത് ആരാധനക്രമം പ്രാർഥനയുടെ സത്യത്തിലേക്ക് വിശ്വാസിയെ നയിക്കുന്നു. ആ സത്യം ത്രിയേക ദൈവമാണ്.

ആരാധനക്രമ ജീവിതത്തിന്റെ ഏറ്റവും ആഴമായ അനുഭവം ഉയിർപ്പുതിരുനാളിന്റെ കർമങ്ങളിലാണ് (exsultet) ലഭ്യമാകുന്നത്. ആരാധനക്രമത്തിന്റെ സമ്പന്നമായ പ്രതീകങ്ങളിലും ബിംബങ്ങളിലും വിശ്വാസി ദൈവാനുഭവത്തിൽ നിറയും. രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞുള്ള പ്രാർഥനയായും ഒരാൾ നേതൃത്വം കൊടുത്തും മറ്റുള്ളവർ മറുപടി പറഞ്ഞും ഉള്ള പ്രാർഥനയായും ആരാധനക്രമം ആഘോഷിക്കപ്പെടുന്നു. ലത്തീനിലോ സുറിയാനിയിലോ ഗ്രീക്കിലോ പുരോഹിതൻ ആരാധനക്രമം അനുഷ്ഠിക്കുകയും വിശ്വാസികൾ തത്സമയം തങ്ങളുടേതായ മറ്റു പ്രാർഥനകൾ ചൊല്ലുകയും ചെയ്തിരുന്ന കാലഘട്ടത്തിലാണ് ഗുവാർഡിനി ഇതെഴുതിയത്. ഗുവാർഡിനിയുടെ ദർശനം വൈകാതെ ഫലം കണ്ടു. രണ്ടാം വത്തിക്കാൻ കൗൺസിലിലെ ആരാധനക്രമ നവീകരണത്തിന്റെ പ്രധാന ആശയം വ്യക്തിഗത പ്രാർഥനയെക്കാൾ പെസഹാരഹസ്യങ്ങളുടെ അനുസ്മരണമായ കുർബാനക്കുള്ള സ്ഥാനമായിരുന്നു. എല്ലാവർക്കും കുർബാനയുടെ കർമങ്ങളും വാക്കുകളും മനസ്സിലാകുകയും അനുഭവവേദ്യമാകുകയും വേണമെന്ന് കൗൺസിൽ പിതാക്കന്മാർ തീരുമാനിക്കുന്നതിന് ഗുവാർഡിനിയുടെയും ആരാധനക്രമ നവീകരണപ്രസ്ഥാനത്തിന്റെയും ആശയങ്ങളും നിലപാടുകളും ഏറെ സ്വാധീനിച്ചു.

## സംസ്കാരത്തിന്റെ ആവിഷ്കാരം

ശക്തവും സമ്പന്നവുമായ വൈകാരികജീവിതം ആരാധനക്രമത്തിലുണ്ട്. മനുഷ്യന്റെ അടിസ്ഥാനപരമായ അഭിനിവേശത്തിൽ അടിസ്ഥിതമാണിത്. ആരാധനക്രമത്തിലെ പല കർമങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യന്റെ സ്വാഭാവിക പ്രകൃതിയിൽ നിന്നും മനുഷ്യന്റെ സംസ്കാരത്തിൽ നിന്നും ഉരുത്തിരിയുന്നവയാണ്. ആരാധനക്രമത്തിന് ഉപയോഗിക്കുന്ന പാത്രങ്ങൾ, ഉപകരണങ്ങൾ, വസ്ത്രങ്ങൾ, കല, ചിത്രങ്ങൾ, ഗാനങ്ങൾ, സംഗീതം തുടങ്ങിയവ ആരാധനക്രമത്തിൽ അർഹമായ പങ്ക് വഹിക്കുന്നു. അവയൊക്കെ സംസ്കാരത്തിന്റെ പ്രതിഫലനം കൂടിയാകാം.

മതത്തിനു സംസ്കാരം ആവശ്യമാണ്. സംസ്കാരം സൃഷ്ടിക്കും രൂപകല്പനക്കും ശേഷി നൽകുന്നു. സംസ്കാരം മതത്തെ സൃഷ്ടിക്കുന്നില്ല. മതം സംസ്കാരത്തിനായി സ്വയം നൽകുന്നു; തത്വശാസ്ത്രം ദൈവശാസ്ത്രത്തിന്റെ ദാസിയാണെന്ന് (*philosophia ancilla theologiae*) പറയുന്നതുപോലെയാണിത്. സംസ്കാരം മതത്തിനായും സ്വയം നൽകുന്നു. അതായത് മതവും സംസ്കാരവും പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. സംസ്കാരം മതത്തിലും മതം സംസ്കാരത്തിലും ആവിഷ്കരിക്കപ്പെടുന്നു. സാംസ്കാരികമായ പല ഘടകങ്ങളും ആരാധനക്രമത്തിൽ ഉണ്ടായിരിക്കും. സാംസ്കാരികാനുരൂപണം എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആശയത്തിന്റെ ബൗദ്ധികമായ അടിത്തറ ഗുവാർഡിനിയുടെ ചിന്തയിൽ ത്രസിച്ച സംസ്കാരവും മതവും തമ്മിലുള്ള ബന്ധത്തിൽ ദർശിക്കാനാകും. പല സാംസ്കാരിക ദാർശനികരും പിന്നീട് ദൈവശാസ്ത്രജ്ഞനായ ഗുവാർഡിനി പറഞ്ഞ ഇതേ ആശയം സാംസ്കാരിക ദാർശനിക ഗ്രന്ഥങ്ങളിൽ പഠനവിഷയമാക്കിയിട്ടുണ്ട്.

## പ്രാപഞ്ചികമായ ആരാധനക്രമസമൂഹം

ആരാധനക്രമത്തിൽ 'ഞാൻ' എന്ന് പറഞ്ഞല്ല വിശ്വാസി പ്രാർഥിക്കുന്നത്; 'ഞങ്ങൾ' എന്ന് പറഞ്ഞാണ്. ആരാധനക്രമം സമൂഹത്തിന്റെ പ്രാർഥനയാണ്. സമൂഹം സഭയുടെ അംഗങ്ങൾ മാത്രമല്ല; എല്ലാ ദൈവവിശ്വാസികളുമാണ്. എന്നാൽ ഒരാൾ ആരാധനക്രമം അനുഷ്ഠിക്കുന്നത് സഭയുടെ അംഗമെന്ന നിലയിലാണ്. ആരാധനക്രമം മനുഷ്യ

www.malankaralibrary.com

കുലത്തിന്റെ മുഴുവനുമായുള്ള അർപ്പണം എന്ന നിലയിൽ ഗുവാർഡിനി ആരാധനക്രമത്തിന് ഒരു പ്രാപഞ്ചിക മാനം നൽകി. ഗുവാർഡിനിയുടെ ആശയമനുസരിച്ച് ആരാധനക്രമം ഒരു പ്രാപഞ്ചികമായ പ്രാർഥനയാണ്. ദൈവാരാധനയുടെ പ്രാപഞ്ചിക മാനമാണ് ആരാധനക്രമം നൽകുന്നത്. സകല സൃഷ്ടികളോടും കൂടി സർവ ജീവജാലങ്ങളെയും പ്രതിനിധീകരിച്ച് ഒരു സമൂഹം ദൈവത്തിങ്കൽ അർപ്പിക്കുന്ന ആരാധനയാണിത്. ആരാധനക്രമം പ്രാപഞ്ചികമായ ഒരർപ്പണമാണെന്നും ആരാധനക്രമത്തിന്റെ പ്രാപഞ്ചികമാനം *(cosmic dimension)* കുർബാനക്ക് പോകുന്ന ഓരോ വിശ്വാസിക്കും ബോധ്യപ്പെടാം എന്നുമുള്ള ആശയം ഗുവാർഡിനി പുസ്തകമെഴുതിയ കാലഘട്ടത്തിൽ (1918) വിപ്ലവകരവും ദൈവശാസ്ത്രപരമായി ആവേശം ജനിപ്പിക്കുന്നതുമായ ആശയമായിരുന്നു.

## ആരാധനക്രമ ശൈലി

ഒരു ഗോഥിക് കത്തീഡ്രലിന്റെ ശൈലി ഒരു ഗ്രീക്ക് ക്ഷേത്രത്തിന്റെ ശൈലിയിൽ നിന്നും വ്യത്യസ്തമാണ്. ശൈലി എന്ന വാക്കിന് സവിശേഷമായ അർഥമുണ്ട്. ആശയങ്ങൾ, ഉപകരണങ്ങൾ, വസ്തുക്കൾ, കല, സംഗീതം, ഭാഷ തുടങ്ങിയ പല കാര്യങ്ങളും ശൈലിയുടെ മനോഹാരിതക്ക് സംഭാവന ചെയ്യുന്നു. ശൈലി ആവിഷ്കരിക്കപ്പെടുന്നത് ഒരായിരം മാർഗങ്ങളിലൂടെയാണ്. ആരാധനക്രമത്തിന് ഒരു ശൈലിയുണ്ട്. അൾത്താരയിലെ ചലനങ്ങൾ, വാക്കുകൾ, പ്രാർഥനകൾ, ഉപകരണങ്ങൾ, ആരാധനക്രമ വസ്ത്രങ്ങൾ, പാത്രങ്ങൾ, അലങ്കാരങ്ങൾ, അൾത്താരയുടെ ഫർണിഷിങ്, നിറങ്ങൾ, ഗാനങ്ങൾ, സംഗീതം തുടങ്ങിയ പലതും ആരാധനക്രമത്തിന്റെ ശൈലിയും ആരാധനക്രമ സംസ്കാരവും ആവിഷ്കരിക്കും. ആരാധനക്രമത്തിന്റെ ശൈലി ആരാധനക്രമത്തെ മനോഹരവും ആസ്വാദ്യവുമാക്കും. ആസ്വാദ്യമായ ആരാധനക്രമം മനസ്സിനും ശരീരത്തിനും ആത്മാവിനും ബുദ്ധിക്കും ഉന്മേഷവും ഉണർവും നൽകും.

## ആരാധനക്രമ പ്രതീകങ്ങൾ

ആരാധനക്രമത്തിൽ നിരവധി അടയാളങ്ങളും പ്രതീകങ്ങളും ഉണ്ട്. ദൈവം എല്ലായിടത്തും ഉള്ളതുകൊണ്ടും ദൈവം അരൂപി ആയതുകൊണ്ടും അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും ആവശ്യം ആരാധനക്രമത്തിനുണ്ടോ എന്ന് ഒരു പക്ഷേ, ചിലർ ചോദിച്ചേക്കാം. എന്നാൽ പ്രതീകങ്ങൾ ആവശ്യമാണ്. കാരണം പ്രാർഥനയിൽ ആത്മാവും ശരീരവും ഒരുമിക്കുന്നു. ആത്മാവും ശരീരവും തമ്മിലുള്ള അകലം ശരിയായ പ്രാർഥനയിൽ തോന്നില്ല. മാത്രമല്ല ആന്തരികവും ആത്മീയവുമായ ഉള്ളടക്കത്തിന് ഭൗതികമായ ആവിഷ്കാരം കണ്ടെത്തുക എളുപ്പമല്ല. എന്നാൽ പ്രതീകങ്ങൾ ആധ്യാത്മികവും ഭൗതികവുമായ ഉള്ളടക്കം ആവിഷ്കരിക്കും. ആന്തരികവും ആധ്യാത്മികവുമായ കാമ്പ് ഭൗതികവും ശാരീരികവുമായ പ്രതീകങ്ങൾ ആവിഷ്കരിക്കും. അതൊരു ഉപമ പോലെയാണ്. ഉദാഹരണത്തിന് തുലാസ് നീതിപീഠത്തെ അനുസ്മരിപ്പിക്കുന്നു. ഒരു പ്രതീകം പൊതുവെ അർഥപൂർണവും മനസ്സിലാക്കാൻ സാധിക്കുന്നതും ആയിരിക്കണം. മനുഷ്യജീവിതവുമായി അതിന് ബന്ധമുണ്ടായിരിക്കണം. ഉദാഹരണത്തിന് മുട്ടു കുത്തുന്നതോ ശിരസ് നമിക്കുന്നതോ കൈകൂപ്പുന്നതോ കൈവിരിക്കുന്നതോ നെഞ്ചത്തടിക്കുന്നതോ പ്രതീകങ്ങളാണ്.

അർപ്പണത്തിൽ പ്രതീകങ്ങളുണ്ട്. ആരാധനക്രമത്തിൽ നിരവധി ചലനങ്ങളുണ്ട്. ശാരീരിക ചലനങ്ങൾ ആരാധനക്രമത്തിൽ പല രൂപങ്ങളിലുണ്ട്. ഈ ശാരീരിക ചലനങ്ങളൊക്കെ പ്രതീകാത്മകങ്ങളാണ്. അർപ്പണവേളയിൽ പുക പോലും പ്രതീകമാണ്. ആരാധനക്രമത്തിന്റെ സ്വാഭാവിക രൂപങ്ങൾ സാംസ്കാരിക രൂപങ്ങളിൽ ഉരുകിത്തീരുന്നു. ആരാധനക്രമം അനുഭവമാകുന്നവർക്കു വാക്കുകളേക്കാളുപരി ശാരീരിക ചലനങ്ങളും കർമങ്ങളും പ്രതീകങ്ങളും അനുഭവമാകും.

## ആരാധനക്രമം എന്ന വിനോദം

ആരാധനക്രമം ഒരു അർപ്പണവും ഒരു ഭോജനവും ആണ്. അതിന് ഓഫീസ്, പുരോഹിതർ, അഭിഷേകങ്ങൾ, അനുഷ്ഠാനങ്ങൾ, പ്രാർഥനകൾ തുടങ്ങി പലതും ആവശ്യമാണ്. ഇതെല്ലാം ഉൾപ്പെടുന്ന ആരാധനക്രമത്തെ വിനോദത്തിനും ഉല്ലാസത്തിനും ഉതകുന്ന ഒരു 'കളി' ആയാണ് ഗുവാർഡിനി അവതരിപ്പിക്കുന്നത്. ഒരു കളിക്ക് പല ഘടകങ്ങളും ഉണ്ടായിരിക്കണം. കളിക്ക് നിയമങ്ങളുണ്ട്. നിയമങ്ങൾ പാലിച്ചുകൊണ്ടുള്ള കളിയേ ഉല്ലാസപൂർണമാകുകയുള്ളു. സസ്യങ്ങളുടെയും മൃഗങ്ങളുടെയും യന്ത്രങ്ങളുടെയും ലോകത്തും സിവിൽ ഭരണരംഗത്തും നിയമങ്ങളും ക്രമങ്ങളും ചട്ടങ്ങളും നിയന്ത്രണങ്ങളും അനുസരിച്ചുള്ള കളി എന്ന സങ്കല്പം പ്രായോഗികമാണ് എന്ന് ഗുവാർഡിനി സമർഥിക്കു

www.malankaralibrary.com

ന്നു. കളി അർഥപൂർണമാണ്. സൗന്ദര്യാത്മകമാണ്. ജീവിതത്തിന് കളിപോലെയൊരു സൗന്ദര്യാത്മ കതയുണ്ട്. വിനോദത്തിനുപകരിക്കുന്ന സൗന്ദര്യാ ത്മകമായ കളി ആയി ആരാധനക്രമത്തെ ഗുവാർ ഡിനി അവതരിപ്പിക്കുന്നു.

ഒരു കൂദാശ എന്ന നിലയിൽ ആരാധനക്രമ ത്തിനു അതിന്റെ പരികർമത്തിൽ അതിന്റേതായ ലക്ഷ്യമുണ്ട്. വിശ്വാസികളെ ദൈവഹിതത്തിലേ ക്ക് നയിക്കാനാണ് ആരാധനക്രമം ക്രമപ്പെടുത്തി യിരിക്കുന്നത് എന്ന് ഗുവാർഡിനി പറയുന്നു. ദൈവ മഹത്ത്വം അനുഭവിക്കുകയാണ് ആരാധനക്രമ ത്തിന്റെ ലക്ഷ്യം. ആരാധനക്രമം ഒരു കളി എന്ന നിലയിൽ ഒരു കൊച്ചുകുട്ടിയുടെ കളി പോലെ യാണ്. ഒപ്പം അതൊരു കലാകാരന്റെ സൃഷ്ടി പോലെ യുമാണ്. ഡാൻസ്, ചിത്രരചന, റിഥം, സ്വരം, സംഗീ തം, ഗാനം തുടങ്ങിയവ പരസ്പര യോജിപ്പോടെ സ്ഥലകാലങ്ങളിൽ നടക്കുന്ന കളിയിൽ ഒരുമിച്ച് ചേർക്കപ്പെടുന്നു.

ഒരു കലാസൃഷ്ടി എന്നതിന് അതീതമായ, മനോ ഹരമായ ദൃശ്യവത്കരണമാണ് ആരാധനക്രമം. ആരാധനക്രമത്തിൽ ഒരുവൻ ദൈവകൃപയിൽ നിറഞ്ഞു ദൈവത്തിന്റെ കുഞ്ഞായി ജനിക്കും എന്നും ഗുവാർഡിനി പറയുന്നു. ഒരുവന് അവന്റെ യുവത്വം ദൈവസന്നിധിയിൽ ആസ്വദിക്കാൻ സാധിക്കണം. ആരാധനക്രമത്തിലൂടെ ഒരുവന് അവന്റെ യുവത്വം ദൈവസന്നിധിയിൽ ദൈവത്തോ ടുകൂടി ആസ്വദിക്കാൻ കഴിയും. അത് അതിസ്വാഭാ വികമായ ഒരാസ്വാദനവും അതേസമയം സ്വാഭാവി കമായ ഒരനുഭവവും ആണ്. യുവത്വത്തിന്റെ തരി ഷ്ടും സ്വാതന്ത്ര്യവും ദൈവസന്നിധിയിൽ ആഘോ ഷമായി അനുഭവിക്കാൻ ആരാധനക്രമത്തിലൂടെ ഒരുവന് സാധിക്കും (സാധിക്കണം). ഇത് ആരാധ നക്രമത്തിന്റെ അത്ഭുതകരമായ ഭംഗിയും മനോ ഹാരിതയുമാണ്. ദൈവതിരുമുൻപിൽ അമാനു ഷികമായ കുട്ടിയായി സ്വയം തോന്നാനും ആ തോന്നൽ ദൈവാനുഭവമായി തീരാനും ആരാധ നക്രമം അവസരം ഒരുക്കും. ആരാധനക്രമം ഒരു അധ്വാനമല്ല; അതൊരു ജോലിയോ ഭാരമോ അല്ല. ആരാധനക്രമം ഒരു ഉല്ലാസവും ഒരു വിനോദ വുമാണ്. ദൈവതിരുമുൻപിൽ താല്പര്യപൂർവം നട ത്തുന്ന ഒരു കളിയാണിത്.

ദൈവതിരുമുൻപിലുള്ള വിശ്വാസികളുടെ വിനോ ദത്തിനുതകുന്ന ഉല്ലാസപൂർണമായ ഒരു കളി യാണ് ആരാധനക്രമം എന്ന ആശയം ആരാധ നക്രമത്തിന്റെ ആന്തരികസത്ത വെളിപ്പെടുത്തു ന്നു. അത് ഉത്സാഹത്തിന്റെയും ദൈവിക ശാന്തത യുടെയും ഉദാത്തമായ മിശ്രിതമാണ്. കുട്ടികൾ കളി ക്കുന്നത് കണ്ടിട്ടില്ലേ എന്ന് ഗുവാർഡിനി ചോദി ക്കുന്നു. എത്ര ഗൗരവത്തോടെയാണ് അവർ കളി യുടെ നിയമങ്ങൾ അനുസരിക്കുന്നതും അനുസ രിപ്പിക്കുന്നതും എന്ന് ശ്രദ്ധിച്ചിട്ടുണ്ടോ എന്നും അദ്ദേഹം ചോദിക്കുന്നു. അതുപോലെ ഒരു കലാകാ രൻ എത്ര ഗൗരവത്തോടെയാണ് തന്റെ കലാസൃഷ്ടി ആവിഷ്കരിക്കുന്നത് എന്നും ഗുവാർഡിനി ചോദി ക്കുന്നു. ദൈവസന്നിധിയിൽ ഓടിനടക്കുന്ന ആത്മാ വിന്റെ പരിശുദ്ധവും ഉല്ലാസപൂർണവുമായ കളിയാ ണ് ആരാധനക്രമം എന്നാണ് ഗുവാർഡിനി പറയു ന്നത്. പരിശുദ്ധാത്മാവാണ് നമ്മെ ദൈവമക്കളാ ക്കുന്നത് എന്നും ഗുവാർഡിനി പറയുന്നു. ആരാധന ക്രമം അനുഷ്ഠിക്കുക എന്നാൽ ദൈവാത്മാവിലും ദൈവകൃപയാലും നിറഞ്ഞു തിരുസഭയാൽ വഴി കാട്ടി പ്രായപൂർത്തിയും പക്വതയുമുള്ളവരുമെന്ന അഹന്ത വെടിഞ്ഞു ദൈവതിരുമുമ്പിൽ ഒരു കു ട്ടിയെപ്പോലെ കളിക്കാനും ആനന്ദിക്കാനും സാധി ക്കുക എന്നാണ്; രാജാവായ ദാവീദ് വാഗ്ദാനപേട കത്തിന്റെ മുൻപിൽ നൃത്തമാടിയതുപോലെ. പല മുതിർന്നവർക്കും ബുദ്ധിജീവികൾക്കും വീണ്ടും കുട്ടികളാകാൻ സാധിക്കാത്തവിധം കു ട്ടികളുടെ മനസ് എന്നേ നഷ്ടപ്പെട്ടുപോയി എന്നും അദ്ദേഹം വിലപിക്കുന്നു. യുവത്വത്തിന്റെ മനോഹാ രിതയും അവർക്കു കൈമോശം വന്നുപോയി. അത്തരക്കാർക്ക് ദൈവമക്കളുടെ സ്വാതന്ത്ര്യം മനസ്സിലാകില്ല. അവർ ആരാധനക്രമം ദൈവമക്ക ളുടെ സ്വാതന്ത്ര്യത്തിൽ കുട്ടികളുടെയും യുവാക്ക ളുടെയും വിനോദവും ഉല്ലാസവുമായി, കുട്ടികളെ പ്പോലെയും യുവാക്കളെപ്പോലെയും മുതിർന്ന വരും, നിയമങ്ങൾ പാലിച്ചും ക്രമങ്ങളും ചട്ടങ്ങളും അനുസരിച്ചും അനുഷ്ഠിക്കുന്നതു കാണുമ്പോൾ പരിഹസിക്കും. രാജാവായ ദാവീദിനെയും അന്ന ത്തെ പ്രഗല്ഭർ പരിഹസിച്ചിരുന്നു. ആരാധനക്രമ ത്തിന്റെ പേരിൽ നമ്മൾ മനസ്സ് മരവിച്ചവരും മനസ്സ് കടുത്തവരുമായിപ്പോയി എന്നും ഗുവാർഡിനി യുടെ ദർശനത്തിന്റെ വെളിച്ചത്തിൽ നമുക്ക് വ്യാ ഖ്യാനിക്കാം. ദൈവമക്കളുടെ സ്വതന്ത്ര്യത്തിലേക്കും യുവാക്കളുടെയും കുട്ടികളുടെയും മാനസിക സംശുദ്ധിയിലേക്കുമുള്ള ഒരു തിരിച്ചുനടപ്പ് തുട ങ്ങണമെന്നും സാരം.

***(തുടരും)***

www.malankaralibrary.com

# കാട്ടു തീ പോലെയല്ല മാലിന്യക്കൂമ്പാര തീ

കൊച്ചിയിലെ ബ്രഹ്മപുരം മാലിന്യക്കൂമ്പാരം അഗ്നിക്കിരയായത് ഒരു സൂചനമാത്രമാണ്. സംസ്കരണമില്ലാതെ മാലിന്യങ്ങൾ കൂനകൂട്ടിയതിന്റെ അനന്തരഫലമായുണ്ടായ അഗ്നിബാധയും തുടർന്നുണ്ടായ അന്തരീക്ഷ മലിനീകരണവും എന്നതിനപ്പുറം സമീപഭാവിയിൽ ഉണ്ടാകാവുന്ന വലിയ ആരോഗ്യപ്രശ്നങ്ങളെ കാണാതിരിക്കരുത്. മാലിന്യസംസ്കരണംപോലെ മാലിന്യങ്ങൾ അലക്ഷ്യമായി നിക്ഷേപിക്കുന്ന നമ്മുടെ സംസ്കാരത്തിനുതന്നെ അറുതി വരുത്തേണ്ടിയിരിക്കുന്നു. ബ്രഹ്മപുരം അഗ്നിബാധയുടെ പശ്ചാത്തലത്തിൽ പരിസ്ഥിതി രസതന്ത്രജ്ഞനായ ലേഖകന്റെ നിരീക്ഷണ വിലയിരുത്തലുകൾ.



**പ്രൊഫ. പ്രസാദ് പോൾ**
*റിട്ട. എൻവയൺമെന്റൽ കെമിസ്ട്രി അധ്യാപകൻ, ദേവമാതാ കോളജ്, കുറവിലങ്ങാട്*

വലിയ, ഏക്കർ കണക്കിനുള്ള മാലിന്യക്കൂമ്പാരത്തിന് തീ പിടിക്കുന്നതിനെ "slow atom bomb explosion" എന്ന് വേണമെങ്കിൽ വിളിക്കാം. കാരണം, അത് അത്രയ്ക്കും മാരകമാണ്. പത്തോ, ഇരുപതോ അടി ഘനത്തിലുള്ള മാലിന്യക്കൂമ്പാരത്തിന്റെ അടിയിൽ നടക്കുന്നത് ഓക്സിജന്റെ അഭാവത്തിലുള്ള anaerobic decomposition ആയിരിക്കും. അതിൽ നിന്ന് ബഹിർഗമിക്കുന്ന വാതകങ്ങളിൽ ജ്വലനസ്വഭാവമുള്ള മീഥേൻ ഗ്യാസ് ഉണ്ടാവുമെന്നതുകൊണ്ട് ഒരിക്കൽ തീ പിടിച്ചാൽ അണയ്ക്കുക ഏതാണ്ട് അസാധ്യമായ കാര്യമാണ്.

മീഥേൻ വാതകങ്ങൾ കത്തുമ്പോൾ ഉണ്ടാവുന്ന ഉയർന്ന താപത്തിൽ ജന്തുജീവികളുടെ ആരോഗ്യത്തെ അതിഭീകരമായ വിധത്തിൽ ബാധിക്കാനിടയുള്ള അനേകം മാരകമായ രാസസംയുക്തങ്ങൾ കൂടിയുണ്ടാവും എന്നതാണ് അത് ഒരു slow atom bomb ആണെന്ന് പറയാനുള്ള കാരണം. അണുബോംബുകൾ പൊട്ടുമ്പോഴുണ്ടാവുന്ന നാശം നേരിട്ട്, അപ്പോൾതന്നെയാണ് ജീവജാലങ്ങളെ ബാധിക്കുകയെങ്കിൽ, ഇതങ്ങനെയല്ല, അനേകകാലം നീണ്ടുനിൽക്കുന്ന ആരോഗ്യപ്രശ്നങ്ങളാണ് ഉണ്ടാക്കുക.

ജൈവമാലിന്യങ്ങൾ, ഹാലൊജനേറ്റഡ് പ്ലാസ്റ്റിക്കുകളുമായി (PVC പോലുള്ളവ) ചേർന്ന് ഭാഗിക ജ്വലനം (പുക അതിന്റെ ലക്ഷണമാണ്) നടക്കുമ്പോൾ ഉണ്ടാവുന്ന ഏറ്റവും ഭീകരമായ വിഷമാണ് ഡയോക്സിനുകൾ (Dioxins). മനുഷ്യൻ നിർമിച്ചിട്ടുള്ള രാസസംയുക്തങ്ങളിൽ ഏറ്റവും മാരകവും അപകടകാരികളുമായവയാണ് ഡയോക്സിനുകൾ.

ആദ്യമായി ഇവയുടെ മാരകീയത തിരിച്ചറിഞ്ഞത് വിയറ്റ്നാം യുദ്ധത്തിന് ശേഷമായിരുന്നു. അന്ന് അമേരിക്ക അവിടെയുള്ള കാടുകളിൽ ഒളിച്ചിരുന്ന ഗറില്ലാ പടയാളികളെ പിടിക്കാനായി തളിച്ച (defoliant) 'ഏജന്റ് ഓറഞ്ച്' എന്ന TCDD ഡയോക്സിൻ യുദ്ധം അവസാനിച്ചതിന് ശേഷമുണ്ടാക്കിയ ആരോഗ്യ പ്രശ്നങ്ങൾ ലോകചരിത്രത്തിൽ അന്നുവരെ ഉണ്ടായിട്ടുള്ളതിനേക്കാൾ ഭീകരമായിരുന്നു. അതോടെയാണ് ഡയോക്സിനുകൾ എത്രമാത്രം അപകടകാരികളാണെന്നു തിരിച്ചറിഞ്ഞത്.

കാൻസർ മുതൽ ജനിതകവൈകല്യങ്ങൾ വരെ,

www.malankaralibrary.com

ഞരമ്പുകൾ, തലച്ചോർ എന്നിവയെ മാരകമായി ബാധിക്കുന്ന രോഗങ്ങൾ മുതൽ വന്ധ്യത വരെ, ശ്വാസംമുട്ട് മുതൽ ത്വക് രോഗങ്ങൾ വരെ. അങ്ങനെ നമ്മിലേക്ക് പ്രവേശിക്കുന്ന അവയുടെ അളവും കാലവുമനുസരിച്ച് ഒരിക്കലും പരിഹരിക്കാനാവാത്ത പ്രശ്നങ്ങളാണ് സകല ജീവജാലങ്ങൾക്കും അതുണ്ടാക്കുന്നത്.

ഭൂരിപക്ഷം കൊച്ചിക്കാരും ഇപ്പോൾ അറിയുന്ന ഒരേയൊരു കാര്യം മാലിന്യക്കൂമ്പാരത്തിലെ തീപിടിത്തം മൂലമുള്ള പുക അവർക്ക് ശ്വാസംമുട്ട്, കണ്ണുനീറ്റൽ എന്നിങ്ങനെയുള്ള ചില്ലറ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു എന്നത് മാത്രമാണ്. പക്ഷേ, സംഗതിയുടെ കിടപ്പത്ര സുഖകരമല്ല; കുറഞ്ഞപക്ഷം ഭാവിയിൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങളെക്കുറിച്ചു ശരിയായ അവബോധമുള്ളവർക്കെങ്കിലും.

ലോകത്ത് ചിരഞ്ജീവികൾ എന്ന് വിളിക്കാവുന്ന രാസസംയുക്തങ്ങളിൽ ഒന്നാണ് ഡയോക്സിനുകൾ. അതുകൊണ്ട് ഒരിക്കൽ പരിസ്ഥിതിയിലേക്ക് അവയെ തുറന്നുവിട്ടാൽ തലമുറ, തലമുറകളോളം അവ നാശം വിതച്ചുകൊണ്ടിരിക്കും. അതാണ് പ്ലാസ്റ്റിക്കുകൾ ഒരിക്കലും കത്തിക്കരുതെന്ന് പറയുന്നതും, നിയമം വഴിയായി അത് തടയാനുള്ള കാരണവും.

ഭാവിയിൽ കൊച്ചിയിലും പരിസരപ്രദേശങ്ങളിലുമുള്ള ജനങ്ങളിൽ, അവരുടെ അനന്തര തലമുറകളിൽ ഉണ്ടാവാനിടയുള്ള ജനിതക രോഗങ്ങൾ, വന്ധ്യത, കാൻസർ എന്നിവയുടെ അഭൂതപൂർവമായ വളർച്ചയെ ആരും ഇന്നത്തെ തീപിടുത്തവുമായി ബന്ധിപ്പിക്കില്ലെന്നത് ഉറപ്പാണ്. പക്ഷേ, ബന്ധം ഉണ്ടാവുമെന്ന് ഏതൊരു Environmental Chemistry ക്കാരനും ഉറപ്പാണ്.

മാലിന്യം ഒരിക്കലും അലംഭാവത്തോടെ കാണേണ്ട വിഷയമല്ല. അത് ശരിയായവിധം കൈകാര്യം ചെയ്തില്ലെങ്കിൽ അണുബോംബുകളെക്കാൾ മാരകമാണ്.

## മാലിന്യങ്ങൾ കത്തിയാലുണ്ടാവുന്ന ആരോഗ്യ പ്രശ്നങ്ങൾ

നമ്മുടെ നാട്ടിൽ മാലിന്യങ്ങളെ ജൈവം, അജൈവം, പ്ലാസ്റ്റിക്, ലോഹങ്ങൾ എന്നിങ്ങനെയൊക്കെ തരംതിരിച്ചുള്ള സംസ്കരണം ഇല്ലെന്ന് തന്നെയല്ല. സംസ്കരണം പോലുമില്ലെന്നാണ് കേരളത്തിലെ ഏറ്റവും വലിയ നഗരമായ കൊച്ചിയിലെ മാലിന്യ സംസ്കരണ ഇടമായ ബ്രഹ്മപുരം സൂചിപ്പിക്കുന്നത്.

മാലിന്യങ്ങൾ തരംതിരിക്കാതെ ഒന്നായി ഒരിടത്ത് അനേകം നാൾ കൂട്ടിയിട്ടാൽ അതിന്റെ ഘനം കൂടുന്നതിനനുസരിച്ച് അടിഭാഗത്തുള്ളവയ്ക്ക് ഓക്സിജൻ ലഭ്യമാവാതെ വരികയും തൽഫലമായി അവിടെ ഓക്സിജന്റെ അഭാവത്തിലുള്ള 'anaerobic decomposition' സംഭവിക്കുകയും ചെയ്യും. അതിലൂടെ ധാരാളമായി ജ്വലന സ്വഭാവമുള്ള മീഥേൻ പോലുള്ള വാതകങ്ങൾ ഉണ്ടാവുകയും ചെറിയ ഒരു സ്പാർക്ക്, അല്ലെങ്കിൽ അലക്ഷ്യമായി വലിച്ചെറിയുന്ന സിഗരറ്റ്, ബീഡിക്കുറ്റികൾ അവയെ ജ്വലിപ്പിക്കുകയും ആ അഗ്നി പലപ്പോഴും നിയന്ത്രണാതീത

ശേഷം പേജ് 54–ൽ



www.malankaralibrary.com

# തുറമുഖം



റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

ഗോപൻ ചിദംബരത്തിന്റെ തിരക്കഥയിൽ രാജീവ് രവി സംവിധാനം ചെയ്ത 'തുറമുഖം' എന്ന ചലച്ചിത്രമാണ് ഈ ലക്കം നിരൂപണം ചെയ്യുന്നത്. നിവിൻ പോളി, ഇന്ദ്രജിത്, അർജുൻ അശോകൻ, പൂർണിമ ഇന്ദ്രജിത്, ജോജു ജോർജ്, നിമിഷ സജയൻ, ദർശന രാജേന്ദ്രൻ, മണികണ്ഠൻ ആചാരി എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

ഒരു നീണ്ട ക്യാൻവാസിൽ കഥ പറയുന്ന ചരിത്രത്തിന്റെ പുനരാവിഷ്കാരമാണ് 'തുറമുഖം.' ഭൂത- വർത്തമാനകാലങ്ങൾ ഇടകലർന്നു മട്ടാഞ്ചേരിയിലെ തുറമുഖ തൊഴിലാളികളുടെയും കുടുംബങ്ങളുടെയും പോരാട്ടങ്ങളുടെ ചരിത്രം അവിസ്മരണീയ മുഹൂർത്തങ്ങളായി മുന്നിലെത്തിക്കുകയാണ്. കെ.എം. ചിദംബരം രചിച്ച 'തുറമുഖം' എന്ന നാടകത്തെ ആസ്പദമാക്കിയാണ് ചിത്രം മനഞ്ഞെടുത്തിരിക്കുന്നത്.

ജീവിക്കാനുള്ള സമരങ്ങളിൽ തോറ്റുപോകുന്ന മനുഷ്യരെ ചരിത്രം ഓർത്തിരിക്കുമോ? അടിസ്ഥാന വർഗ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി അവർ ചെയ്യുന്ന സമരങ്ങളും ജീവൻ വരെ ത്യജിച്ചു നടത്തുന്ന പോരാട്ടങ്ങളും സമൂഹമനസ്സാക്ഷിയുടെ സ്മൃതിപഥത്തിലേക്ക് വീണ്ടും കൊണ്ടുവരാനാണ് സംവിധായകന്റെ ശ്രമം. എൺപതുകളിൽ ടി. വി ചന്ദ്രൻ സംവിധാനം ചെയ്ത 'ഓർമകളുണ്ടായിരിക്കണം' എന്ന സിനിമയുടെ ടൈറ്റിൽ അടിവരയിടുന്നതുപോലെ രാജീവ് രവി നമ്മോടു പറയുന്നത് നമ്മൾ ഒന്നും മറക്കരുത്, ചരിത്രം ഓർത്തിരിക്കണമെന്നാണ്.

അഭിനയ നിരയിൽ പോപ്പുലർ നടീനടന്മാരുണ്ടായിട്ടും ജനപ്രിയ സിനിമകളുടെ ചേരുവകൾ ചേർത്ത് തീയേറ്ററിലേക്ക് ആളെ കൂട്ടാൻവേണ്ടിയുള്ള ശ്രമങ്ങളൊന്നും ഈ ചിത്രത്തിലില്ല. ചിത്രത്തിന് ഒട്ടും ദ്രുതഗതിയിലുള്ള താളക്രമം അല്ല. ആക്ഷൻ രംഗങ്ങളുണ്ടെങ്കിലും അവയൊന്നും പൊലിപ്പിച്ചു കാട്ടുന്നില്ല. ജനപ്രീതി നോക്കാതെ, കച്ചവടക്കണ്ണ് ഒട്ടും ഇല്ലാതെ ഇങ്ങനെയൊരു ചിത്രം പോപ്പുലർ ട്രെൻഡിനു വിപരീതമായി അവതരിപ്പിക്കാൻ അണിയറപ്രവർത്തകർ കാണിച്ച ചങ്കൂറ്റത്തെ നാമെങ്ങനെയാണ് നോക്കി കാണേണ്ടത്? ഗാന്ധിജി പറഞ്ഞു വച്ചിട്ടുള്ള മഹദ്‌വചനമാണ് എനിക്കോർമ്മ വരുന്നത്: 'ജീവിതത്തിലെ ഏതെങ്കിലും പ്രതിസന്ധിഘട്ടങ്ങളിൽ ഉചിതമായ തീരുമാനം എടുക്കാൻ കഴിയാതെ നിങ്ങൾ വിഷമിക്കുമ്പോൾ ഇന്ത്യയിലെ ദരിദ്രരിൽ ദരിദ്രർ ആയവരെ ഓർക്കുക, എന്ത് ചെയ്യണം, എങ്ങനെ പ്രവർത്തിക്കണം എന്ന് നിങ്ങൾക്കു ഉത്തരം ലഭിക്കും.' തൊഴിൽ സമയം, തൊഴിലാളിക്ക് അടിസ്ഥാന വേതനം, മറ്റു ആനുകൂല്യങ്ങൾ ഇവയൊന്നും നടപ്പിൽ ഇല്ലാതിരുന്ന 1950 കളിൽ മട്ടാഞ്ചേരി തുറമുഖത്തു നടമാടിയിരുന്ന അനീതികൾക്കു നേരെ ശബ്ദമുയർത്തിക്കൊണ്ട് തുറമുഖം സിനിമ ദരിദ്രരിൽ ദരിദ്രരായവരുടെ പക്ഷം ചേരുക തന്നെയാണ്.

മലബാറിലെ തിരൂരിൽ നിന്ന് മട്ടാഞ്ചേരി തുറമുഖത്തു പണി അന്വേഷിച്ചെത്തുന്ന മൈമുവിന്റെ കുടുംബം, ഭാര്യ, മൂന്നു മക്കൾ എന്നിവരെ കേന്ദ്രീകരിച്ചാണ് ചിത്രത്തിന്റെ കഥ മുന്നോട്ടു നീങ്ങുന്നത്. പക്ഷേ, അവർ പ്രതിനിധാനങ്ങൾ മാത്രമാണ്; കഥയിലെ യഥാർഥ നായികാ നായകന്മാർ പേരെടുത്തു പറയാൻ കഴിയാത്ത അനേകം തൊഴിലാളികളും അവരുടെ കുടുംബങ്ങളും ചേർന്ന തുറമുഖത്തെ മനു



www.malankaralibrary.com

ഷ്യസമൂഹം ആണ്. മിക്കവാറും സിനിമകളിൽ ജൂനിയർ ആർട്ടിസ്റ്റുകളെ അണിനിരത്തി 'ജനക്കൂട്ടം' ആയാണ് തൊഴിലാളികളെ ചിത്രീകരിക്കുക. 'തുറമുഖ'ത്തിന്റെ ചിത്രീകരണ മേന്മ സമരങ്ങളിലും ജാഥകളിലും പങ്കെടുക്കുന്നവരുടെവരെ വ്യക്തമായ മുഖം നമ്മുടെ മനസ്സിൽ പതിയുന്നു എന്നതാണ്.

തുറമുഖത്തു ധാരാളം ചരക്കു കപ്പലുകളെത്തുന്നുണ്ട്; ചരക്കിറക്കാൻ കൂലിപ്പണിക്കാരെ വേണ്ടുവോളം ആവശ്യമുണ്ട്. പക്ഷേ, ദിവസവും ആർക്കൊക്കെ പണി കിട്ടും, കൂലി കിട്ടും എന്ന് നിശ്ചയിച്ചിരുന്നത് ഹീനമായ, മനുഷ്യത്വരഹിതമായ ചാപ്പ സമ്പ്രദായത്തിലൂടെ ആയിരുന്നു; അത് നിയന്ത്രിക്കാൻ കുറെ സ്രാങ്കുമാരും കങ്കാണിമാരും. അവർ വലിച്ചെറിയുന്ന ചാപ്പ (ചെമ്പു നാണയങ്ങൾ) പിടിച്ചെടുത്ത് ഒരു ദിവസത്തെ പണി നേടിയെടുക്കാൻ ശ്രമിക്കുന്ന പാവം മനുഷ്യരെ തമ്മിൽ അടിപ്പിക്കാനാണ് കങ്കാണിമാർ ശ്രമിക്കുന്നത്. ആ ചൂഷകരുടെ വാഴ്ചക്കെതിരെ പ്രതിഷേധിച്ച മൈമുവിന്(ജോജു ജോർജ്) സ്വന്തം ജീവൻ തന്നെ വിലയായി കൊടുക്കേണ്ടി വരുന്നു. അടിമത്തത്തിനു തുല്യമായ ചാപ്പ സമ്പ്രദായത്തെ മാറ്റാൻ വേണ്ടി ദീർഘകാലം മുറവിളി കൂട്ടി ഒടുവിൽ തൊഴിലാളികളുടെ യൂണിയൻ (സി.ടി.ടി.യു) നിലവിൽ വന്നപ്പോൾ, അതിനുള്ളിലും പുതിയ കങ്കാണിമാർ കാര്യങ്ങളെ നിയന്ത്രിക്കാൻ തുടങ്ങുന്നു. പക്ഷേ, നീതിയുടെ പക്ഷത്തു നിന്നുകൊണ്ട് പൊരുതാനും തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കാനുമായി സാന്റോ ഗോപാലന്റെ (ഇന്ദ്രജിത്) നേതൃത്വത്തിൽ പുതിയ യൂണിയൻ, പി.സി.എൽ.യു. നിലവിൽ വരുന്നു.

മൈമുവിന്റെ മക്കളായ മൊയ്തു (നിവിൻ പോളി) പഴയ യൂണിയൻ നിയന്ത്രിക്കുന്ന കങ്കാണി പച്ചീക്കയുടെ (സുദേവ് നായർ) കൂടെ അയാളുടെ വലംകൈയായി നിന്ന് തൊഴിലാളികളെ അമർച്ച ചെയ്യാൻ കൂട്ടു നിൽക്കുമ്പോൾ അനുജൻ ഹംസ (അർജുൻ അശോകൻ) ഒരിക്കലും നീതിയുടെയും സ്നേഹത്തിന്റെയും വഴി വിട്ടു നടക്കുന്നില്ല. അവരുടെ ഉമ്മയായി രണ്ടു കാലഘട്ടങ്ങളെ, കഷ്ടപ്പാടുകളെ അതിജീവിച്ചു വീര്യത്തോടെ ഉയർന്നു നിൽക്കുന്നൊരു കഥാപാത്രത്തെയാണ് പൂർണിമ ഇന്ദ്രജിത് അവിസ്മരണീയമാക്കുന്നത്. സഹോദരി ഖദീജ (ദർശന രാജേന്ദ്രൻ)യുടെ നിക്കാഹിനു മൊയ്തു തിരിഞ്ഞു നോക്കാതിരിക്കുമ്പോൾ ഹംസയാണ് കൈയിൽ കാശു ഇല്ലാതിരുന്നിട്ടും ഉമ്മയുടെ കൂടെനിന്ന് എല്ലാം നടത്തുന്നത്. ഹംസ ഹൃദയത്തിലേറ്റി നടന്നിരുന്ന പെൺകുട്ടി ഉമാനി (നിമിഷ സജൻ)യെ പ്രത്യേക സാഹചര്യത്തിൽ മൊയ്തു വീട്ടിൽ കൊണ്ടുവന്നു താമസിപ്പിക്കുമ്പോഴും, പിന്നെ അവളെ തിരിഞ്ഞു നോക്കാതിരിക്കുമ്പോഴും ഹംസക്ക് മൗനമായി പ്രതിഷേധിക്കാനേ കഴിയുന്നുള്ളു. ഖദീജ ഒടുവിൽ തീരാരോഗിണിയായി വീട്ടിൽ മടങ്ങിയെത്തിയപ്പോഴും മൊയ്തുവിന്റെ പെരുമാറ്റം അങ്ങനെ തന്നെ. ഹംസയുടെ വഴി നീതിക്കുവേണ്ടി സമരം ചെയ്യുന്ന തൊഴിലാളികളുടെ കൂടെയായിരുന്നു; അവരുടെ സമരങ്ങളിലൂടെയാണ് കൊച്ചി തുറമുഖത്തിന്റെ ഒരു കാലത്തെ ചരിത്രം നമ്മൾ മനസ്സിലാക്കിയെടുക്കുന്നത്; തോൽവിയും വിജയവും മാറി മാറി

www.malankaralibrary.com

വരുന്ന പോരാട്ടത്തിന്റെ ചരിത്രം.

തുറമുഖത്തു ചരക്കിറക്കുന്നതിന്റെ ഗുണഭോക്താക്കൾ എപ്പോഴും കുത്തക മുതലാളിമാർ തന്നെ. പൊലീസും നിയമവ്യവസ്ഥയും മുതലാളിത്ത താത്പര്യങ്ങൾ സംരക്ഷിക്കാൻ കൂട്ടുനിൽക്കുകകൂടി ചെയ്യുമ്പോൾ പാവം തൊഴിലാളികളുടെ താത്പര്യങ്ങളും അവകാശങ്ങളുമാണ് ഹനിക്കപ്പെടുന്നത്. സാന്റോ ഗോപാലന്റെയും ഹംസയുടെയും നേതൃത്വത്തിൽ തുറമുഖ തൊഴിലാളികൾ അവകാശ സമരങ്ങളിൽ പിടിച്ചു നില്ക്കുന്നു, അവർ തളരുന്നില്ല എന്ന് തിരിച്ചറിയുന്ന പച്ചീക്കായും പൊലീസ് മേധാവികളും സാന്റോയെ വകവരുത്താൻ മൊയ്തുവിനെയാണ് ഉപയോഗിക്കുന്നത്. താൻ ആരെയാണ് ഒറ്റുകൊടുക്കുന്നതെന്ന് മൊയ്തു തിരിച്ചറിഞ്ഞപ്പോഴേക്കും കാര്യങ്ങൾ കൈവിട്ടു പോയിരുന്നു.

സാന്റോയെ പച്ചീക്കയും സംഘവും കൊലപ്പെടുത്തിയിട്ടും തൊഴിലാളികൾ വർധിച്ച വീര്യത്തോടെ സമരം തുടരുന്നു. അവരുടെ സമരം തുറമുഖത്തിന് ചുറ്റും ചേരികളിലും കോളനികളിലുമായി വിശപ്പും ദാരിദ്ര്യവുമായി കഴിയുന്ന നിരവധി കുടുംബങ്ങളിൽ അന്നന്നത്തെ ആഹാരത്തിനു വേണ്ടിയുള്ള സമരങ്ങളായിരുന്നു. തൊഴിലാളി യൂണിയനുമായി ഒപ്പു വച്ചിരുന്ന ഉടമ്പടികൾ കാറ്റിൽ പറത്താൻ മുതലാളിമാരും പൊലീസും ഒത്തുകളിച്ചപ്പോൾ തൊഴിലാളികൾ ഒന്നടങ്കം തെരുവിലേക്കിറങ്ങി. പൊലീസിന്റെ വെടിയുണ്ടകളായിരുന്നു ആ പാവം മനുഷ്യരെ നേരിട്ടത്. 1953 ലെ മട്ടാഞ്ചേരി വെടിവയ്പ്പ്! എത്രയോ ജീവിതങ്ങൾ നരഹത്യയിൽ പൊലിഞ്ഞു; പിന്നെയും ഔദ്യോഗിക ഭാഷ്യമനുസരിച്ചു 'അപ്രത്യക്ഷരായവർ'! അവരെല്ലാം ജീവിതം കൊടുത്തത് അടിസ്ഥാന അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടിയായിരുന്നു.

ചരിത്രത്തെ മായം ചേർക്കാതെ സത്യസന്ധമായി ചിത്രീകരിക്കാൻ സംവിധായകൻ കാണിക്കുന്ന ധൈര്യം തന്നെയാണ് ചിത്രത്തെ അതീവ സുന്ദരമാക്കുന്നത്. കറുപ്പിലും വെളുപ്പിലുമായി തുടങ്ങിവയ്ക്കുന്ന ആയിരത്തി തൊള്ളായിരത്തി അമ്പതുകളുടെ ചരിത്രം അറുപതുകളിൽ എത്തുമ്പോൾ വർണങ്ങളിലേക്ക് മാറുന്നു. ■

***പേജ് 52-ൽ നിന്ന് തുടർച്ച***

മായി മാറുകയും ചെയ്യും. ആ അഗ്നിയുടെ ഫലമായുണ്ടാവുന്ന ഉയർന്ന താപത്തിൽ അരുതാത്ത/ അസ്വീകാര്യമായ/ മാരകമായ പല രാസസംയുക്തങ്ങൾ കൂടി ഉണ്ടാവുകയും അതെല്ലാം അന്തരീക്ഷത്തിലേക്കും ജലം, മണ്ണ് എന്നിങ്ങനെ സകലയിടങ്ങളിലേക്കും വ്യാപിക്കുകയും ചെയ്യും.

അത്തരത്തിലുണ്ടാവുന്ന മാരകമായ രാസസംയുക്തങ്ങളിൽ ഏറ്റവും അപകടകാരികളാണ് ഡയോക്സിനുകൾ, ഫ്യുറാനുകൾ, പോളിക്ലോറിനേറ്റഡ് ബൈഫിനൈലുകൾ ഒക്കെ. അവയെ മൊത്തത്തിൽ POP (Persistent Organic Pollutants) എന്ന പേരിൽ വിളിക്കാൻ കാരണം അവയെല്ലാം ചിരഞ്ജീവികളെന്നതുകൊണ്ടാണ്. എന്തൊക്കെ ആരോഗ്യ പ്രശ്നങ്ങളാണ് അവയുണ്ടാക്കുക എന്ന് ചോദിച്ചാൽ ഉത്തരം പറയുക എളുപ്പമല്ല. കാരണം മനുഷ്യ ശരീരത്തിലെ ഏതാണ്ട് സകല വ്യവസ്ഥകളെയും തകിടം മറിക്കുന്ന പലതും അവയുണ്ടാക്കും എന്നതാണ്. ചുരുങ്ങിയ അളവിൽ, ചുരുങ്ങിയ കാലഘട്ടത്തേക്കാണെങ്കിൽ കണ്ണെരിച്ചിൽ, ത്വക്കിൽ കുമിളകൾ, കറുത്ത പാടുകൾ, കരളിന്റെ പ്രവർത്തനം താൽക്കാലികമായി തകരാറിലാവുക, ശ്വസനവ്യവസ്ഥയുമായി ബന്ധപ്പെട്ട, ശ്വാസംമുട്ട് പോലെയുള്ളവയൊക്കെയാണ് ഉണ്ടാക്കുന്നതെങ്കിൽ കൂടിയ അളവിൽ, കൂടുതൽ കാലഘട്ടത്തേയ്ക്ക് അവ ആഗിരണം ചെയ്താൽ പ്രതിരോധവ്യവസ്ഥ ബലഹീനമാവുക, ഹോർമോൺ, അന്തഃസ്രവഗ്രന്ഥി വ്യവസ്ഥകൾ തകരാറിലാവുക, പ്രത്യുൽപാദന വ്യവസ്ഥയെ ബാധിച്ച് വന്ധ്യതാ, ജനിതക വൈകല്യങ്ങൾ ഉണ്ടാക്കുക എന്നിങ്ങനെ ധാരാളം കുഴപ്പങ്ങൾക്ക് പുറമെ കാൻസറിനും കാരണമാവുമെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

എങ്ങനെയാണ് മനുഷ്യരാശിയെ ഇതിൽ നിന്ന് മോചിപ്പിക്കാനാവുക? ചെറുപ്പത്തിൽ, ധാർമികത, സദാചാരം, സംസ്കാരം എന്നിവയെ മസ്സിലാക്കി ക്കൊടുക്കുന്ന അതേ ഗൗരവത്തോടെ തന്നെ മാലിന്യങ്ങളെ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും പഠിപ്പിക്കേണ്ടിയിരിക്കുന്നു. ഒരു മനുഷ്യന് ചെയ്യാവുന്ന ദുഷ്കർമങ്ങളിൽ ഏറ്റവും ദോഷകരമായ ഒന്നാണ് തോന്നിയിടത്തെല്ലാം അലംഭാവത്തോടെ മാലിന്യങ്ങൾ വലിച്ചെറിയുന്നത് എന്ന് നാം മനസ്സിലാക്കുകയും, നമ്മുടെ കുട്ടികളെയും മുതിർന്നവരെയും അത് പഠിപ്പിക്കേണ്ടിയുമിരിക്കുന്നു. ■

www.malankaralibrary.com

Towards A Culture of Vocation Promotion

# ഈശോസഭ THE JESUITS

Are you ready to give and not to count the cost,
to fight not to heed the wounds, to work regardless of reward?
Then The Society of Jesus calls you...

Finding
New Frontiers
With Fire And
In Companionship

**Educational Qualifications: SSLC/+2 & above**

to know more please contact provinces



www.keralajesuits.org
vocationpromoterkerala@gmail.com

**KERALA PROVINCE**
Fr. Xavier Tharamel SJ
Vocation Director
Loyola Jesuit Training Centre
Thaikkattukara P.O, Aluva - 6
Mob: Whatsapp: 860 652 8394
Emai: xaviertsj@gmail.com

Bro. Albin Paul Namattathil SJ
Mob/Whatsapp: 8277174172

Fr. Dmonic Madathaniyil SJ
Mob/WhatsApp: 9496922046

Fr. Deepak Edattu SJ
Mob/Whatsapp: 97479 50322

**GUJARAT PROVINCE**
Fr. Jobin Kaniyarakath SJ
Mob/Whatsapp: 87588 84359

**DELHI PROVINCE**
Fr. Jijimon S.J.,
Mob/Whatsapp: 99442 92560

**DARJEELING PROVINCE**
Fr. Stanley Varghese SJ
Mob/Whatsapp: 9641052036,
9800269104
Email:stanlysj@gmail.com


**CULCUTTA PROVINCE**
Fr. Vivian Andrew SJ
Mob/Whatsapp: 88008 42381

**NEPAL REGION**
Fr. Thomas Nedumparambil SJ
Mobile & W/app: 977-9817084285
977-9813173098
e-mail: thomas.n.sj@gmail.com

**PATNA PROVINCE**
Fr. Cebin Thumbamattathil SJ
Mobile & W/app: 7760364405

**PUNE PROVINCE**
Fr. Francis Lobo SJ
Mobile & W/app: 8608290937

# ബാംഗ്ലൂർ ബനഡിക്ടൈൻ ആശ്രമത്തിലേക്ക് സ്വാഗതം!




**ബാംഗ്ലൂരിലെ ബനഡിക്ടൈൻ ആശ്രമത്തിൽ ചേർന്ന് ഒരു ബനഡിക്ടൻ പുരോഹിതനായി പ്രാർത്ഥനയും പഠനവും സേവനവുമായി സമൂഹ ജീവിതം നയിക്കാൻ അനുജൻ ആഗ്രഹിക്കുന്നുവോ? എങ്കിൽ അതിനായി അനുജനെ സ്വാഗതം ചെയ്യുന്നു.**

**ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത : എസ്. എസ്. എൽ. സി**

**പ്രായപരിധി : 35 വയസ്സ്.**

കൂടുതൽ വിവരങ്ങൾക്ക് ഉടൻ ബന്ധപ്പെടുക.

The Vocation Promotor
**ASIRVANAM BENEDICTINE MONASTERY**
Kumbalgod (P.O), Bangalore- 74
Tel: 09901609222, 09886812398, E-mail:jeromeosb@gmail.com

www.malankaralibrary.com



www.malankaralibrary.com

### വടക്കേകോട്ട തൃപ്പൂണിത്തുറ സെന്റ് ജോസഫ് പള്ളിയിൽ

# ഇടവക മദ്ധ്യസ്ഥ തിരുനാളും

### തൊഴിലാളികളുടെ മദ്ധ്യസ്ഥനായ

# യൗസേപ്പിതാവിന്റെ ഊട്ടുതിരുനാളും

**2023 മെയ് 1**
രാവിലെ
**7.30 മുതൽ**
രാത്രി
**9.00 മണിവരെ**
**നേർച്ചസദ്യ**



**2023 ഏപ്രിൽ 20 മുതൽ 28 വരെ**

**നവനാൾ**

രാവിലെ 6.30 ന് : **ദിവ്യബലി**

വൈകിട്ട് 6.00 ന് :
**ദിവ്യബലി, നൊവേന, ആരാധന**

**ഏപ്രിൽ 29 ശനിയാഴ്ച**

വൈകിട്ട് 5.15 ന് :
**പ്രസുദേന്തിവാഴ്ച തിരുനാൾ കൊടികയറ്റം**

**ഏപ്രിൽ 29, 30 മെയ് 1**

**തിരുനാൾ ദിനങ്ങൾ**

**മെയ് 1 തിങ്കൾ**

**ഊട്ട് തിരുനാൾ**

രാവിലെ 6.15ന് :
**ദിവ്യബലി**

7.30 ന് :
**നേർച്ചസദ്യ ആശീർവ്വാദം**

രാവിലെ 10.30 ന് :
**ആഘോഷമായ തിരുനാൾ ദിവ്യബലി**

**വിശുദ്ധ യൗസേപ്പിതാവേ**
**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!**

Date of Publication: 13.04.2023 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 60**

www.malankaralibrary.com


# കൊരട്ടി
# വി. അന്തോണീസിന്റെ തീർത്ഥാടന കേന്ദ്രം
(അമലോത്ഭവമാതാ ദേവാലയം)





# കൊരട്ടി പാദുവ
# ബൈബിൾ കൺവെൻഷൻ

**2023 മെയ് 3,4,5,6,7**

**ബുധൻ, വ്യാഴം, വെള്ളി, ശനി, ഞായർ**

**വൈകിട്ട് 04.30 മുതൽ 09.00 മണി വരെ**



ധ്യാനഗുരു

## മാർ പ്രിൻസ് ആന്റണി

(ആദിലാബാദ് മെത്രാൻ,
തെലുങ്കാന)

E-mail: stantonyshrinekoratty@gmail.com
Website: www.stantonyshrinekoratty.com
YouTube St. Antony's Shrine Koratty

**കൊരട്ടി ഊട്ടുനേർച്ച തിരുനാൾ 2023 ജൂൺ 13 ചൊവ്വ**


Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala; Chief Editor : Fr. M. Koottumkal MCBS